# NEW VISION FOR A CHANGING WORLD

VOLUME 24 ISSUE 5 FEBRUARY 2023 PER COPY RS. 25 ANNUAL SUBSCRIPTION RS 250



വിശ്വാസത്തിൽ നിന്നു
വിപ്ളവത്തിലേക്ക് 5

# NEW VISION FOR A CHANGING WORLD

**'New Vision for a Changing World' is an ecumenical magazine owned by Navadarshan Trust, a public charitable trust registered in 1999. The periodical initially started in 1992 as a bimonthly entitled 'New Vision' with Prof. Dr.Mathew Koshy Punnackad as the editor and Rev.Prof.K.C.Mathew as the publisher. We got the title, New Vision for a Changing World, during the registration, and it came under Navadarshan Trust. It serves as a forum for the exchange of views and source inspiration for enlightened action. 2006, Navadarshan Trust reconstituted the editorial board with Most Rev.Dr.Philipose Mar Chrysostom Valiya Metropolitan as the Patron, Rt.Rev. Sam Mathew as the Chairman, Prof.Dr.Cyriac Thomas as the Hon. Chief Editor and Dr. Mathew Koshy Punnackadu as the Publisher. With the demise of Bishop of Rev.Sam Mathew, Rt.Rev.Dr.Thomas Mar Theethose became the Chairman.**



"എല്ലാവരും അംഗീകരിക്കുന്ന ഒരു കാര്യമാണ് നിങ്ങൾ പറയുന്നതെങ്കിൽ നിങ്ങൾ ഒന്നും പറഞ്ഞിട്ടില്ല.
സൂര്യൻ കിഴക്കാണ് ഉദിക്കുന്നത്. തിങ്കളാഴ്ച കഴിഞ്ഞാൽ ചൊവ്വാഴ്ചയാണ്.
ഇത് നമ്മൾ പറയേണ്ട കാര്യമില്ല. എല്ലാവർക്കും അറിയാവുന്നതാണ്". - ക്രിസോസ്റ്റം തിരുമേനി


CHAIRMAN
Rt.Rev.Dr.Thomas Mar Theethos

CHIEF EDITOR
Prof. Dr.Cyriac Thomas

EXECUTIVE EDITOR
Prof.Dr. Jose Parakadavil 9447364487

EDITOR AND PUBLISHER
Prof. Dr.Mathew Koshy Punnackad
9847275754

ASSOCIATE EDITOR
Cherian C. John 8113038111

MANAGING EDITORS
George Mathew C.
Koshy George (USA)

MANAGERS
Prof.Dr. Sabu George 9447895931
Koshy V.George 9446115002

BOARD MEMBERS
Prof. Dr. John George, Athyal
T. Mathew (USA)
Rev.Charley Jones
Adv.Anzil Komattu
Dr.Libus Jacob Abraham
Dr. Sajini Deena Mathew
Mr. John Minu Mathew
Comm. Tharian Koshy



Subscription Details
One year Rs.250, Two years Rs.400
Three years Rs.600, Life 2000



ADDRESS
Manager, New Vision office,
Punnakkadu, 689652,Kozhencherry
ബാങ്ക് മുഖേന: ഫെഡറൽ ബാങ്ക് കോഴഞ്ചേരി ശാഖ
a/c No.:10260200008413 IFSC: FDRL0001026.



പരസ്യ നിരക്കുകൾ

Cover Back page Colour : 10000.00
Cover Inside Colour : 7000.00
Half page Colour : 3000.00
Full page : 5000.00
Half : 1500.00
Quarter : 500.00
Advertisement of Subscribers discounts will be given



പുസ്തകം 24 ലക്കം 5 ഫെബ്രുവരി


## അകത്തളത്തിൽ


3 എഡിറ്റോറിയൽ
മനുഷ്യ – വന്യജീവി സംഘർഷം

4 കിളിവാതിൽ
ജോഷിമഠ് നമുക്ക് പാഠമാകുമോ? — ഡോ. ജോസ് പാറക്കടവിൽ

5 വിശ്വാസത്തിൽ നിന്നു വിപ്ളവത്തിലേക്ക് — ചെറിയാൻ സി. ജോൺ

10 ബൈബിളും സിനിമയും
'അപ്പനും' ശലോമോനും — റവ. ഡോ. മോത്തി വർക്കി

13 സാമ്പത്തിക സംവരണം ഭരണഘടനയുടെ വെളിച്ചത്തിൽ — ജസ്റ്റിസ് കെ. റ്റി. തോമസ്

14 പുസ്തകശാല — സഖേർ

15 ലാവണ്യവിചാരം - 34
നിമിഷത്തിൽ നിന്ന് നിർന്നിമേഷത്തിലേക്ക് — ഫാ. ഡോ. കെ. എം. ജോർജ്

18 ജീവിതം അർത്ഥപൂർണ്ണമാക്കാം — റ്റി. ജോർജ് ബഹന്നാൻ

20 ഇന്റെഗ്രിറ്റിക്ക് മലയാളത്തിൽ എന്താ പറയുന്നത്? — ജോർജ് കാടൻകാവിൽ

21 കാഴ്ചയുടെ ആദ്യ ചുവട്

22 പറയാനുണ്ടിനിയും... — ഡോ. മാത്യു കോശി പുന്നയ്ക്കാട്

25 My link with the Church of South India



ലിപി വിന്യാസം : സുജ ഇവാഞ്ചൽ പ്രസ്
അച്ചടി : ഇവാഞ്ചൽ പ്രസ് തിരുവല്ല 0469 2630223



നിങ്ങളുടെ കത്തുകളും സാഹിത്യസൃഷ്ടികളും അയയ്ക്കേണ്ട വിലാസം
ഡോ. മാത്യു കോശി പുന്നയ്ക്കാട്, എഡിറ്റർ ന്യൂ വിഷൻ, പുന്നയ്ക്കാട് പി ഒ, കോഴഞ്ചേരി 689652, കേരളം
ഫോൺ/ഫാക്സ് : 0468 2214068 മൊബൈൽ : 9847275754
E-mail: newvisionmagazine@gmail.com Website : newvisionmagazine.org

## എഡിറ്റോറിയൽ

# മനുഷ്യ-വന്യജീവി സംഘർഷം



മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം കൂടിവരികയാണ്. വളർത്തുമൃഗങ്ങളിൽനിന്നു തുടങ്ങി മനുഷ്യജീവൻ വരെ നഷ്ടപ്പെടുന്ന ഒരവസ്ഥയിലേക്ക് കാര്യങ്ങൾ എത്തി നില്ക്കുന്നു. വനാതിർത്തികളിൽ താമസിക്കുന്നവർക്കും അവരുടെ കൃഷിക്കും സംരക്ഷണം നൽകണം. ഇതിന് താൽക്കാലികവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പരിഹാരങ്ങൾ ആവശ്യമാണ്. കൃത്യമായ നിരീക്ഷണത്തിൽ നിർമ്മിക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന സൗരവേലി ചില മേഖലയിലെ വന്യമൃഗ സംഘർഷങ്ങൾ ഇല്ലാതാക്കിയതായി വാർത്തകളുണ്ട്. വന്യമൃഗങ്ങളും മനുഷ്യനും തമ്മിലുള്ള സംഘർഷമൊഴിവാക്കാനുള്ള ഇത്തരം പ്രതിരോധ നടപടികൾക്കൊപ്പം ഏറ്റുമുട്ടൽ ലഘൂകരിക്കാനും സഹവർത്തിത്വം നിലനിർത്താനുമുള്ള നടപടികളും സ്വീകരിക്കണം.

അലഞ്ഞുനടക്കുന്ന സസ്യഭോജികളായ ജീവികളുടെ എണ്ണം കൂടുന്നത് കാരണം കാടിന് സംഭവിക്കുന്ന നഷ്ടം, വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റം, കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി ജൈവവൈവിധ്യത്തിന്റെ നാശം, സുസ്ഥിരമല്ലാത്ത വികസനനയങ്ങൾ തുടങ്ങിയവ മനുഷ്യ-വന്യജീവി സംഘർഷത്തിന് കാരണമാകുന്നു. വികസനത്തിന്റെ പേരിൽ അതേ മേഖലയിൽ നടക്കുന്ന വൻതോതിലുള്ള വനനാശം, കുടിയേറ്റം, തുടർന്നുള്ള സംഘർഷങ്ങൾ, സാംസ്കാരിക നാശം, പട്ടിണി എന്നിവയും മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ കാരണങ്ങളായി കാണേണ്ടതുണ്ട്. 1927-ലെ വനനിയമത്തെ തുടർന്ന് സർക്കാർ നേതൃത്വത്തിൽ വനത്തെയും വന്യജീവികളെയും വികസനാവശ്യങ്ങൾക്കായി തുടച്ചുനീക്കി. ഇന്ത്യയിലെ 80% വനസമ്പത്ത് ഇല്ലാതാക്കിയപ്പോഴാണ് അന്തർദേശീയ മാറ്റങ്ങളുടെ ചുവടുപിടിച്ച് ബാക്കിയുള്ള വന്യജീവികളെ സംരക്ഷിക്കുന്നതിന് 1972-ൽ വന്യജീവി സംരക്ഷണനിയമവും 1980-ൽ വനസംരക്ഷണനിയമവും വന്നത്.

മനുഷ്യൻ-വന്യജീവി സംഘർഷത്തിന് ദീർഘകാല പരിഹാരങ്ങൾ കൂടി കണക്കിലെടുക്കണം. ഇനിയുമെങ്കിലും വനത്തിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റം തടയുകയെന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിൽ കൂടി മാത്രമേ അവയെ കാട്ടിൽ തന്നെ നിലനിർത്താനാവൂ. കൊഡൈക്കനാലിൽ 1845-നു മുമ്പ് വരെ വനമായിരുന്നു. ബ്രിട്ടീഷ് ബ്യൂറോക്രാറ്റ്സും ക്രിസ്ത്യൻ മിഷണറിമാരും നാട്ടിലെ ചൂടിൽനിന്നു രക്ഷനേടാനാണ് കൊഡൈക്കനാലിൽ എത്തിയത്. ഇന്ന് കൊഡൈക്കനാൽ കോൺക്രീറ്റിന്റെ കാടായി തീർന്നിരിക്കുകയാണ്. വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ തകർത്തിട്ടും, കാട്ടുപോത്തു പോലെയുള്ള വന്യമൃഗങ്ങൾ മനുഷ്യനുമായി സഹവർത്തിത്വത്തിൽ കഴിയുന്നത് കാണാം. അതിന്റെ വിഹാരമേഖലകളിൽ മനുഷ്യൻ തടസ്സപ്പെടുത്താതിരുന്നാൽ മതി. മനുഷ്യനും വന്യമൃഗങ്ങളുമായി സഹവർത്തിത്വത്തിൽ കഴിയുന്ന പല സ്ഥലങ്ങളും ഇന്ത്യയിലുണ്ട്. പകൽ മനുഷനും നാലുമണിക്കു ശേഷം വന്യമൃഗങ്ങളും വിഹരിക്കുന്ന പ്രദേശങ്ങളെക്കുറിച്ച് പ്രസിദ്ധ വന്യജീവി ശാസ്ത്രജ്ഞൻ ഡോ. പി.എസ്.ഈശ വിശദീകരിക്കുന്നുണ്ട്. ജോഷിമഡിലെ ഭൂമിയിടിയലുമായി ബന്ധപ്പെട്ട് പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ.ചന്ദ്രഭൂഷൺ പറയുന്നത് മലയോരമേഖലകളുടെ നഗരവൽക്കരണമാണ് ഭൂമിയിടിയലിന് കാരണമെന്നാണ്. മലയോര മേഖലകളിലും മലകളിലും വലിയ കോൺക്രീറ്റ് കെട്ടിടങ്ങൾ പണിതാൽ അവ ഭൂമിക്ക് താങ്ങാനാവുകയില്ല.

എല്ലാ ജീവജാലങ്ങളുടെയും ആവാസവ്യവസ്ഥ സംരക്ഷിക്കപ്പെടണം. മറ്റ് ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ സംരക്ഷിച്ചാൽ മാത്രമേ നമുക്കിവിടെ സമാധാനത്തോടും സന്തോഷത്തോടും കൂടി ജീവിക്കാനാവുകയുള്ളൂ. ഇതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു നയം തന്നെയുണ്ടാകണം. അടിയന്തരാവശ്യം വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ ഭയന്ന് കഴിയുന്നവർക്ക് വേണ്ട സംരക്ഷണം നൽകുകയെന്നതാണ്. അതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ സർക്കാർ തയ്യാറാകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

സഭാവേലികൾക്കതീതമായി ക്രൈസ്തവസഭയുടെ കാലിക പ്രസക്തമായ ദൗത്യങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളും നീതിക്കും മനുഷ്യത്വത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളിൽ വിശ്വാസികൾ സ്വീകരിക്കേണ്ട നിലപാടുകളെക്കുറിച്ചുള്ള വിചിന്തനങ്ങളും തുടർചർച്ചകളും കൂട്ടായ്മകളുടെ രൂപീകരണവുമാണ് സ്വതന്ത്രപ്രസിദ്ധീകരണമായ ന്യൂവിഷൻ മാസികയുടെ ലക്ഷ്യങ്ങൾ. ന്യൂവിഷൻ കുടുംബത്തിലെ അംഗങ്ങളായ വായനക്കാരുടെ നിർലോപമായ സാമ്പത്തിക സഹായങ്ങളാണ് ഈ മാസികയുടെ വരുമാന സ്രോതസ്.

# ജോഷിമഠ് നമുക്ക് പാഠമാകുമോ?



ബഫർസോൺ വിഷയത്തിൽ സമരമുഖത്ത് ആയിരുന്ന കേരളത്തിലെ മലയോര കർഷകർ ഇപ്പോൾ തെല്ല് ആശ്വാസത്തിലാണ്. മിക്കവരും ധരിച്ചു വച്ചിരുന്നത് പോലെ മലയോര ജനതയെ മുഴുവൻ കുടിയിറക്കാനുള്ള നീക്കമല്ല ബഫർ സോൺ സംരക്ഷണം എന്ന ധാരണ ഉളവാക്കുവാൻ സുപ്രീം കോടതിയുടെ പരാമർശങ്ങൾ സഹായകമായി.

ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ മുതൽ തെറ്റിദ്ധാരണകളിലൂടെ പരിഭ്രാന്തരായ മലയോരവാസികളെ അയഥാർത്ഥമായ വസ്തുതകൾ ധരിപ്പിച്ച് കൂടുതൽ പരിഭ്രാന്തി സൃഷ്ടിക്കുവാൻ ചിലർ ശ്രമിക്കുന്നുണ്ട്. ജനങ്ങളെ യഥാർത്ഥ വസ്തുതകൾ ധരിപ്പിച്ച് കഴിയുന്നത്ര ജനോപദ്രവകരമല്ലാത്ത നടപടികളിലൂടെ നീക്കുപോക്കുകൾ കണ്ടെത്തുവാൻ ശ്രമിക്കുന്നതിനു പകരം ഈ വിഷയത്തിൽ നിന്നു മുതലെടുപ്പ് നടത്തുവാനാണ് കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ ശ്രമിച്ചുകൊണ്ടിരുന്നത്. കലക്കവെള്ളത്തിൽ നിന്ന് മീൻ പിടിച്ചവരാണ് എല്ലാ രാഷ്ട്രീയ പാർട്ടികളും. മലയോര ജനതയ്ക്ക് ജീവിതത്തിന്റെ സ്വസ്ഥത നഷ്ടപ്പെട്ടു എന്നത് അതിന്റെ പരിണിതഫലവും.

മുമ്പ് ഒരിക്കൽ ഈ കോളത്തിൽ എഴുതിയ പോലെ വനംവകുപ്പിനെ ചുമതലകൾ എല്ലാം ഏൽപ്പിച്ച് മാറി നിന്ന സർക്കാർ അക്ഷന്തവ്യമായ കൃത്യവിലോപമാണ് കാട്ടിയത്. ബഫർ സോൺ വനാതിർത്തിക്കുള്ളിലല്ല, റവന്യൂ ഭൂമിയിലും ജനവാസകേന്ദ്രങ്ങളിലും വ്യാപിച്ചു കിടക്കുന്നതാണ്. റവന്യൂ വകുപ്പിന്റെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹകരണം തേടാൻ സർക്കാർ തുനിഞ്ഞിറങ്ങിയത് വളരെ വൈകിയാണെങ്കിലും ജനങ്ങൾക്ക് അത്രയ്ക്ക് ആശ്വാസമായി.

പ്രശ്നപരിഹാരം തേടുമ്പോൾ സാധാരണ ജനങ്ങളുടെ പാർപ്പിടങ്ങളും അവരുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും സംരക്ഷിക്കുന്നതിനും മുന്തിയ പരിഗണന നൽകണം. എപ്പോഴും പരിസ്ഥിതി സംരക്ഷണ നിയമങ്ങൾക്കെതിരെ ജനങ്ങളെ ഇളക്കിവിട്ടത് ഖനനമാഫിയകളും വൻകിട ഹോട്ടൽ റിസോർട്ട് ഉടമകളുമാണ്. സഭകൾ അവരുടെ കയ്യിലെ ആയുധങ്ങളായി പെരുമാറിയതാണ് ഖേദകരമായത്.

സുപ്രീംകോടതിയുടെ അന്തിമ തീർപ്പ് വരുമ്പോഴും ഖനനങ്ങൾക്കും വൻകിട നിർമ്മിതികൾക്കും നിയന്ത്രണം വരുമെന്ന് ഉറപ്പാണ്. ലോകത്തെല്ലായിടത്തും വനസംരക്ഷണം ഊർജിത നടപടിയായി അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കി വരികയാണെന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. 2023 പ്രവേശിക്കുന്നത് ജൈവ വൈവിധ്യ സംരക്ഷണം സംബന്ധിച്ച പുതിയ കരാറുകളുടെ യുഗത്തിലേക്കാണ്.

ഭാവി തലമുറകളുടെ (നമ്മുടെ കുട്ടികളുടെ) തന്നെ ജീവിതം ദുരിതാനുഭവങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്ന ബോധ്യത്തിലാണ് 2022 ഡിസംബറിൽ കാനഡയിൽ മോൺട്രിനിൽ നടന്ന 188 രാജ്യങ്ങളുടെ സമ്മേളനം പെരുമാറ്റച്ചട്ടങ്ങൾ രൂപീകരിച്ചത്. എല്ലാ രാജ്യങ്ങളും ഭൂവിസ്തൃതിയുടെ 30% ജൈവവൈവിധ്യ മേഖലകളായി സംരക്ഷിക്കണം എന്ന് തീരുമാനിച്ചിട്ടുണ്ട്.

പരിസ്ഥിതി ലോല പ്രദേശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഗാഡ്ഗിൽ കമ്മീഷന്റെ റിപ്പോർട്ടുകൾ വന്നപ്പോൾ കേരളത്തിൽ ഉയർന്നുവന്ന ആക്ഷേപങ്ങൾക്കും പരിഹാസങ്ങൾക്കും കണക്കില്ല. അതിന്റെ പേരിൽ തെരഞ്ഞെടുപ്പിൽ പരാജയപ്പെടേണ്ടി വന്നവരും തേജോവധം ചെയ്യപ്പെട്ടവരും കുറച്ചല്ല. എന്നാൽ ഇത്തരം മുന്നറിയിപ്പുകൾ തമാശയായി തള്ളിക്കളയാനുള്ളതല്ല എന്നാണ് ഉത്തരാഖണ്ഡിലെ ജോഷിമഠ് നൽകുന്ന പാഠം.

തീർത്ഥാടനം, വിനോദസഞ്ചാരം, രാജ്യാന്തര ബന്ധം, സൈനിക താവളം എന്നിങ്ങനെ പല സവിശേഷ മേഖലകളിലൂടെ പട്ടണമായി വളർന്ന ഹിമാലയൻ പ്രദേശമാണ് ജോഷിമഠ്. ഇപ്പോൾ സമ്പൂർണ്ണ നാശത്തിന്റെ വക്കിൽ എത്തിയിരിക്കുകയാണ് പട്ടണം. ഉപഗ്രഹ സർവേകൾ ഉപയോഗിച്ച് ഐഎസ്ആർഒ നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നത് ഈ പട്ടണം പൂർണമായി ഇടിഞ്ഞുതാഴും എന്നാണ്. ഈ പഠനറിപ്പോർട്ട് ജനങ്ങളിൽ നിന്ന് മറച്ചുവയ്ക്കാനാണ് ഭരണകൂടം ആദ്യം ശ്രമിച്ചത്.

യാഥാർത്ഥ്യങ്ങൾ ജനങ്ങളിൽ നിന്നു മറച്ചുവച്ച് രക്ഷപ്പെടുന്ന ഭരണകർത്താക്കൾ എത്ര വലിയ ദുരന്തങ്ങളാണ് ക്ഷണിച്ചു വരുത്തുന്നത് എന്ന് വ്യക്തമാക്കി തരുന്നുണ്ട് ജോഷിമഠ്. 50 വർഷം മുമ്പ് തന്നെ ജോഷിമഠിന്റെ പരിസ്ഥിതി ദൗർബല്യം പരിസ്ഥിതി ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടി. 1976 പരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കുവാൻ സർക്കാർ നിയോഗിച്ച മഹേഷ് ചന്ദയുടെ നേതൃത്വത്തിലുള്ള സംഘം ഈ പ്രദേശം അതീവ പരിസ്ഥിതി ദുർബ്ബല മേഖലയാണെന്ന് റിപ്പോർട്ട് ചെയ്തു. പക്ഷേ, വികസനത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയാതെ വരുന്ന ഭരണകൂട ദൗർബല്യമാണവിടെയും ദുരന്തങ്ങൾക്ക് വഴിതെളിച്ചത്. ഒടുവിൽ എൻടിപിസി വൈദ്യുതി നിലയത്തിന്റെ തുരങ്കനിർമ്മാണത്തെയും പരിസ്ഥിതി വിദഗ്ധർ എതിർത്തിരുന്നു.

കുന്നിൻ ചെരുവിൽനിന്ന് പാറ പൊട്ടിക്കുകയോ മണ്ണ് നീക്കം ചെയ്യുകയോ പാടില്ല എന്ന് 1976-ലെ മഹേഷ് ചന്ദ്ര റിപ്പോർട്ടിൽ പറഞ്ഞിരുന്നത് ആരും ഗൗനിച്ചില്ല. ഖനനലോബിയുടെയും നിർമ്മാണലോബിയുടെയും മദ്യ ലോബിയുടെയും നിയന്ത്രണങ്ങൾക്ക് വിധേയമായി ഭരണം നടത്തുന്നവർ നിരപരാധികളായ ജനങ്ങൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കുകയാണെന്ന് കേരളത്തിലുള്ളവരും മനസ്സിലാക്കുവാൻ വൈകി.

**ഡോ. ജോസ് പാറക്കടവിൽ**
9447364487
jparakadavil@gmail.com

അഭിമുഖം



# വിശ്വാസത്തിൽ നിന്നു വിപ്ളവത്തിലേക്ക്

കേരളത്തിന്റെ മുൻ ധനകാര്യമന്ത്രിയും പ്രശസ്ത സാമ്പത്തിക വിദഗ്ധനുമായ **ഡോ. തോമസ് ഐസക്** *ന്യൂവിഷൻ* മാസികയ്ക്ക് അനുവദിച്ച അഭിമുഖം

**തയ്യാറാക്കിയത്: ചെറിയാൻ സി. ജോൺ**

**ഒരു യാഥാസ്ഥിതിക ക്രൈസ്തവ കുടുംബത്തിൽ ജനിച്ച അങ്ങ് എങ്ങനെയാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനായത്?**

ഞാൻ സ്കൂൾ പഠനത്തിനുശേഷം തേവര കോളജിലായിരുന്നു പ്രീഡിഗ്രി പഠിച്ചത്. അന്ന് കോളേജിൽ ഉണ്ടായിരുന്ന ചില ക്രൈസ്തവ സംഘടനകളിലൂടെ ക്രിസ്ത്യൻ സോഷ്യലിസ്റ്റ് കാഴ്ചപ്പാടുള്ള പുസ്തകങ്ങൾ വായിക്കുവാനിടയായി. ഫാ.ജോസ് വട്ടമറ്റം, ഫാ.തോമസ്, ഫാ.സെബാസ്റ്റ്യൻ കാപ്പൻ എന്നിവരുടെ സ്വാധീനം വളരെ വലുതായിരുന്നു. അവർ അന്ന് കളമശ്ശേരിയിൽ ആയിരുന്നു താമസിച്ചിരുന്നത്. അവരുടെ സാമൂഹ്യസേവനങ്ങളിലും ലിബറേഷൻ തിയോളജിയുടെ പഠിപ്പിക്കലുകളിലും ഞാൻ ആകൃഷ്ടനായി. അവരോടൊപ്പമുള്ള ചില സോഷ്യൽ വർക്കുകളിൽ ഞാൻ പങ്കാളിയായി. അവരുടെ പ്രവർത്തനങ്ങൾ, ലിബറേഷൻ തിയോളജിയുടെ സ്വാധീനം എന്നിവയൊക്കെ അടുത്ത് പഠിക്കുന്ന നിലയിൽ ആയി. എന്നാൽ സാമൂഹ്യപ്രവർത്തനങ്ങൾ കൊണ്ട് മാത്രം മതിയാകില്ല എന്ന ചിന്തയും എന്നിൽ ആ കാലത്ത് ഉടലെടുത്തു. സാമൂഹ്യഘടനാ മാറ്റം സാമൂഹിക പ്രവർത്തനത്തിലൂടെ നടക്കില്ല എന്ന് ഞാൻ തിരിച്ചറിഞ്ഞു. അങ്ങനെ കൂടുതൽ തീവ്രമായ ഇടതുവശത്തേക്ക് ചാഞ്ഞു. എസ്.എഫ്.ഐയിൽ ചേർന്നു. മഹാരാജാസിൽ ബി.എ-യ്ക്ക് പഠിക്കുന്ന സമയത്ത് സജീവമായ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു.

**അപ്പോൾ വേദപുസ്തകമാണോ സാറിനെ ഇടതുപക്ഷ ചിന്താധാരയിലേക്ക് നയിച്ച പ്രധാന ഘടകം?**

അതെ. എങ്കിലും അന്ന് എന്നെ ഏറ്റവും സ്വാധീനിച്ച പുസ്തകം കാപ്പനച്ചന്റെ *വിശ്വാസത്തിൽനിന്ന് വിപ്ലവത്തിലേക്ക്* എന്ന പുസ്തകമായിരുന്നു. സ്വാഭാവികമായും ബൈബിളിന്റെ റാഡിക്കൽ ഇന്റർപ്രെട്ടേഷൻസ് അതിൽ പ്രതിഫലിക്കുന്നുണ്ടായിരുന്നു. അതുപോലെ എസ്.സി.എം, ഐക്കഫ്, ലാറ്റിൻ അമേരിക്കൻ സാഹിത്യം ഒക്കെ എന്നെ ആ കാലത്ത് വളരെയധികം സ്വാധീനിച്ചു. ഇടത്തോട്ട് നീങ്ങുന്നതിന് പ്രേരകമായ പ്രധാന ഘടകം പ്രായോഗിക പ്രവർത്തനങ്ങളെക്കാൾ ബുദ്ധിപരമായ നീക്കങ്ങളാണ് എന്ന ചിന്ത അന്നുണ്ടായി. അതിന് ഉപോദ്ബലമായ മാർക്സിസ്റ്റ് ഗ്രന്ഥങ്ങൾ എല്ലാം പുറത്തിറങ്ങിയിരുന്നു. അന്ന് അതൊക്കെ വെറുതെ വായിക്കുകയല്ലായിരുന്നു ചെയ്തത്, മറിച്ച് കുത്തിയിരുന്ന് പഠിക്കുകയായിരുന്നു. കോളേജ് വിദ്യാഭ്യാസകാലത്തുടനീളം ധാരാളം സമയം ചെലവഴിച്ച ഒന്നായിരുന്നു ഈ പഠനം.

> അന്ന് എന്നെ ഏറ്റവും സ്വാധീനിച്ച പുസ്തകം കാപ്പനച്ചന്റെ *വിശ്വാസത്തിൽനിന്ന് വിപ്ലവത്തിലേക്ക്* എന്ന പുസ്തകമായിരുന്നു. സ്വാഭാവികമായും ബൈബിളിന്റെ റാഡിക്കൽ ഇന്റർപ്രെട്ടേഷൻസ് അതിൽ പ്രതിഫലിക്കുന്നുണ്ടായിരുന്നു.

**ഒരു യാഥാസ്ഥിതിക കുടുംബത്തിൽനിന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലേക്കുള്ള കാൽവയ്പ്പുകൾ കുടുംബത്തിൽ കുഴപ്പങ്ങൾ ഉണ്ടാക്കിയോ?**

ആ സമയത്ത് ഹോസ്റ്റലിൽ ആയിരുന്നു പഠനം. അതുകൊണ്ടുതന്നെ വീട്ടുകാരുമായുള്ള ഇടപാടുകൾ, ഇടപെടലുകൾ വളരെ കുറവായിരുന്നു. അവധിക്ക് വരുമ്പോൾ മാത്രമായിരുന്നു വീട്ടുകാരുമായുള്ള സഹവാസം ഏറെയും. എന്നാൽ അന്നത്തെ വികലമായ എന്റെ ഒരു ചിന്ത, നമ്മുടെ കുടുംബ പശ്ചാത്തലങ്ങളെ തള്ളിക്കളയണം, ത്യജിക്കണം എന്നുള്ളതായിരുന്നു. പഴയ വർഗ്ഗസങ്കല്പത്തിൽനിന്ന് മാറണം എന്നുള്ളതായിരുന്നു. അന്ന് സ്വന്തമായി ചകിരി മില്ലും തുണിക്കടയും ഒക്കെയുള്ള ഒരു ഇടത്തരം കുടുംബമായിരുന്നു ഞങ്ങളുടേത്. എന്നാൽ ഞങ്ങളുടെ സ്വന്തം ചകിരി ഫാക്ടറിക്ക് മുൻപിൽ അവിടുത്തെ തൊഴിലാളികളെ സംഘടിപ്പിച്ച് ഞാൻ തന്നെ ഒരു സമരം നയിച്ചു. അതോടുകൂടി കുടുംബവുമായുള്ള ബന്ധം താൽക്കാലികമായെങ്കിലും വിഛേദിക്കപ്പെട്ടു. ഈ വിള്ളൽ അവരുടെ പ്രശ്നങ്ങൾ കൊണ്ടുണ്ടായതല്ല. ഞാൻ പറഞ്ഞല്ലോ, എന്റെ വികലമായ ചിന്തയിൽനിന്ന് രൂപപ്പെട്ട ഒന്നായിരുന്നു അത്. ഇങ്ങനെയൊക്കെ ചെയ്യുന്നതാണ് രാഷ്ട്രീയപ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പ്രധാനം എന്ന ഒരു ചിന്തയിലാണ് ഞാനിതൊക്കെ ചെയ്തുകൂട്ടിയത്. എന്നാൽ പിന്നീട് പാർട്ടിയുടെ കെ.എൻ. രവീന്ദ്രനാഥ് ഉൾപ്പെടെയുള്ള നേതാക്കൾ എന്നെ ശാസിക്കുകയും നിങ്ങൾ വീട്ടിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യരുത് എന്ന് ഉപദേശിക്കുകയും ചെയ്തു.

എന്നാൽ ആ സംഭവത്തിനുശേഷം ഞാൻ വീട്ടുകാരുമായി അല്പം അകലം പാലിച്ചു. പിന്നീട് അടിയന്തരാവസ്ഥക്കാലത്ത് ഞാൻ ജയിലിലായപ്പോൾ പിതാവ് ഉൾപ്പെടെയുള്ളവർ എന്നെ ജയിലിൽ സന്ദർശിച്ചിരുന്നു. എന്നെ അറസ്റ്റ് ചെയ്യുന്നതും ഞങ്ങളുടെ കടയുടെ അടുത്ത് വച്ചായിരുന്നു. ആ കാലത്ത് എന്നെ വേഗത്തിൽ തിരിച്ചറിയുവാൻ കഴിയാത്ത തരത്തിൽ ഞാൻ രൂപമാറ്റം വരുത്തിയിരുന്നു. എന്റെ താടിയൊക്കെ വടിച്ച് എന്നെ കണ്ടാൽ തിരിച്ചറിയാൻ ആർക്കും വേഗം കഴിയുമായിരുന്നില്ല. ആ കാലത്താണ് ഞാൻ നീളൻ ജൂബ്ബാ ധരിച്ചു തുടങ്ങിയത്. ഞാൻ പഠിച്ചിരുന്ന കോളേജിൽ പോയപ്പോൾ പോലും ആളുകൾ എന്നെ തിരിച്ചറിഞ്ഞിരുന്നില്ല. എന്നാൽ എങ്ങനെയോ പറഞ്ഞറിഞ്ഞ്, പോലീസ് എന്നെ പുറകിൽ നിന്ന് പേര് വിളിച്ച് അറസ്റ്റ് ചെയ്യുകയായിരുന്നു. രണ്ടുമൂന്ന് ഇടിയൊക്കെ കിട്ടി. കടുത്ത മർദ്ദനം ആയിരുന്നില്ല. എന്നാൽ പിറ്റേന്ന് എറണാകുളത്തേക്ക് കൊണ്ടുപോകും വഴി അപ്പന്റെ കടയുടെ മുന്നിലൂടെ വിലങ്ങ് വച്ച് എന്നെ നടത്തിക്കൊണ്ടു പോയി. അങ്ങനെ മൂന്ന് മാസത്തോളം ജയിൽ വാസം അനുഭവിച്ചു.

എന്റെ കൂടെ പഠിച്ചിരുന്ന ചില പെൺകുട്ടികൾ എം.എം.ചെറിയാന്റെ മകൾ ഉൾപ്പെടെയുള്ളവർ അവരുടെ പിതാക്കന്മാരുമായി ബന്ധപ്പെട്ട് പോലീസിൽ അറിയിച്ചതിനെ തുടർന്ന് ഭീകരമായ മർദ്ദനങ്ങളിൽ നിന്ന് ഒഴിവാക്കി. എന്നാൽ പിന്നീട് ആ കേസ് കോടതി വിചാരണയിൽ തള്ളപ്പെട്ടു പോവുകയായിരുന്നു. അടിയന്തരാവസ്ഥയ്ക്കെതിരെ കോളേജിൽ നോട്ടീസ് വിതരണം

എന്റെ താടിയൊക്കെ വടിച്ച് എന്നെ കണ്ടാൽ തിരിച്ചറിയാൻ ആർക്കും വേഗം കഴിയുമായിരുന്നില്ല. ആ കാലത്താണ് ഞാൻ നീളൻ ജൂബ്ബാ ധരിച്ചു തുടങ്ങിയത്. ഞാൻ പഠിച്ചിരുന്ന കോളേജിൽ പോയപ്പോൾ പോലും ആളുകൾ എന്നെ തിരിച്ചറിഞ്ഞിരുന്നില്ല. എന്നാൽ എങ്ങനെയോ പറഞ്ഞറിഞ്ഞ്, പോലീസ് എന്നെ പുറകിൽ നിന്ന് പേര് വിളിച്ച് അറസ്റ്റ് ചെയ്യുകയായിരുന്നു. രണ്ടുമൂന്ന് ഇടിയൊക്കെ കിട്ടി. കടുത്ത മർദ്ദനം ആയിരുന്നില്ല.

ചെയ്തു എന്നതായിരുന്നു ആരോപിക്കപ്പെട്ട പ്രധാന കുറ്റം. നോട്ടീസുകൾ എല്ലാം കവിതകൾ ആയിരുന്നു. *ആന്തോളജി ഓഫ് സോഷ്യലിസ്റ്റ് വേഴ്സസ്* എന്ന ലാറ്റിൻ അമേരിക്കൻ കവിതകളായിരുന്നു അച്ചടിച്ചു വിതരണം ചെയ്യപ്പെട്ടിരുന്നത്. വിനയചന്ദ്രൻ സാർ ഉൾപ്പെടെയുള്ളവർ അത് തർജ്ജമ ചെയ്ത് നൽകുമായിരുന്നു.

അതൊക്കെയാണ് ഭീകരവിധ്വംസക പ്രവർത്തനങ്ങളായി ചാർജ് ചെയ്യപ്പെട്ടത്. അതിൽ ഒരു കവിത ഇപ്രകാരമായിരുന്നു: 'മണ്ണെണ്ണപ്പാട്ടയുമായി ഞാനെന്തിന് കോളേജിൽ പോകണം?' ഇത് *ആന്തോളജി ഓഫ് സോഷ്യലിസ്റ്റ് വേഴ്സസിൽ*നിന്ന് എടുത്ത ഭാഗമായിരുന്നു. അത് പോലീസിനെ വല്ലാതെ ചിന്തിപ്പിച്ചു. മണ്ണെണ്ണപ്പാട്ടയുമായി എന്തിനാണ് കോളേജിൽ പോകുന്നത്? വല്ലതും കത്തിക്കാൻ ആയിരിക്കുമോ? എന്നാൽ അതുകൊണ്ടൊക്കെയായിരിക്കാം ഈ കേസ് കോടതിയിൽ തള്ളിപ്പോയത്. പിന്നീട് പോസ്റ്റ് ഗ്രാജുവേഷൻ, സെൻട്രൽ ഫോർ ഡെവലപ്മെൻറ് സ്റ്റഡീസിൽ ആയിരുന്നു. ഇ.എം.എസിന്റെ മരുമകനായിരുന്ന ദാമോദരന്റെ അനിയനായിരുന്നു എ.ഡി.നീലകണ്ഠൻ. അദ്ദേഹം സി.ഡി.എസിൽ പി.എച്ച്.ഡി ചെയ്യുന്ന കാലമായിരുന്നു അത്. ഞാൻ ആലുവയിൽ തൊഴിലാളി സംഘടനകളിൽ ചേർന്ന് പ്രവർത്തിക്കാൻ താല്പര്യപ്പെട്ടു നിൽക്കുന്ന സമയമായിരുന്നു. അദ്ദേഹത്തെ പരിചയപ്പെട്ടപ്പോൾ ഞാൻ കൂടുതൽ പഠിക്കണമെന്നുള്ള അദ്ദേഹത്തിന്റെ താത്പര്യപ്രകാരം അദ്ദേഹം എന്നെയും ഗണേശനേയും കൂടെ കൂട്ടി. സി.ഡി.എസിലേക്കുള്ള യാത്രയിൽ ഹരിപ്പാട്ട് വച്ച് ഒരു ആക്സിഡന്റ് ഉണ്ടായി അദ്ദേഹം മരണപ്പെട്ടു. അദ്ദേഹത്തോട് എനിക്കുള്ള ഒരു സ്നേഹവിധേയത്വമാണ് തുടർന്ന് പഠിക്കുവാൻ കാരണമായത്.

**പി.എച്ച്.ഡി–ക്ക് കയർ മേഖല തെരെഞ്ഞെടുത്തത് വീട്ടിൽ കയർ ഫാക്ടറി ഉള്ളതുകൊണ്ടായിരുന്നോ?**

ഇന്ത്യയുടെ സാഹചര്യത്തിൽ മുതലാളിത്തത്തിലേക്കുള്ള പരിവർത്തനം എങ്ങനെ എന്നതായിരുന്നു അന്ന് ഞങ്ങളുടെ ഇടയിലെ പൊതുവായ ചർച്ചാവിഷ

യം. കയർ മേഖലയിൽ ധാരാളം കുടിൽ വ്യവസായങ്ങളുണ്ടായിരുന്നു. പിന്നീട് യന്ത്രങ്ങൾ ഉപയോഗിച്ച് പ്രൊഡക്ഷൻ നടത്തിയപ്പോൾ തൊഴിലാളി സമരങ്ങളോടുള്ള ഒരു പ്രതികരണമായാണ് അന്ന് തോന്നിയത്. അപ്പോൾ ഇത് മുതലാളിത്തത്തിന്റെ ട്രാൻസിഷൻ ആയി തോന്നി. ഈ കയർ കമ്പനികളൊന്നും ഫാക്ടറിയായി ഒരുകാലത്തും വളർന്നുമില്ല. അതുകൊണ്ട് മുതലാളിത്തം ഇങ്ങനെയൊരു രൂപം കൈക്കൊള്ളുന്നു എന്നുള്ളത് ഒരു ചിന്താവിഷയമായിരുന്നു. അതുകൊണ്ടാണ് ഞാൻ പി.എച്ച്.ഡി-ക്ക് ഈ വിഷയം തിരഞ്ഞെടുത്തത്.

വാസ്തവത്തിൽ പഠിക്കാൻ പോകുമ്പോൾ ഈ വിഷയമായിരുന്നില്ല മനസ്സിൽ ഉണ്ടായിരുന്നത്. കേരളത്തിലെ ജന്മിത്വം എങ്ങനെ ഉണ്ടായി എന്നതായിരുന്നു വിഷയം.

**പി.എച്ച്.ഡി ഗവേഷണം സാറിന്റെ പ്രവർത്തനത്തിൽ പിന്നീട് പ്രയോജനകരമായിട്ടുണ്ടോ?**

പ്രത്യക്ഷത്തിൽ അതൊന്നും അങ്ങനെ പ്രയോജനകരമായിട്ടില്ല. എന്റെ തീസിസ് പോലും ഇതുവരെ ഞാൻ പബ്ലിഷ് ചെയ്തിട്ടില്ല. പിന്നീട് എന്റെ പഠനവിഷയം എങ്ങനെയാണ് ആലപ്പുഴയിലെ തൊഴിലാളിവർഗ്ഗം രൂപം കൊണ്ടത് എന്നതായിരുന്നു. തോംസന്റെ *മേക്കിങ് ഓഫ് ദി ഇംഗ്ലീഷ് വർക്കിംഗ് ക്ലാസ്* എന്നൊരു പുസ്തകമുണ്ട്. കുറച്ചു കഴിഞ്ഞപ്പോൾ ആ മാതൃകയിൽ ആലപ്പുഴയിലെ തൊഴിലാളി വർഗ്ഗത്തിന്റെ രൂപീകരണത്തെക്കുറിച്ച് ഒരു പഠനപുസ്തകം പ്രസിദ്ധീകരിക്കണമെന്നതായിരുന്നു ആഗ്രഹം. പഠനം കഴിഞ്ഞ് രണ്ടു മൂന്നു വർഷം അതിനുള്ള മെറ്റീരിയലുകൾ ശേഖരിച്ച് നടക്കുകയായിരുന്നു. ഇപ്പോഴും അതിന്റെ കെട്ടുകണക്കിന് കടലാസ്സുകൾ എന്റെ കൈവശമുണ്ട്. ഇതുവരെ എഴുതിയിട്ടില്ല. അത് തീർച്ചയായും എഴുതണം. അന്നു മുതലുള്ള ഒരു മോഹമാണ്. തൊഴിലാളിവർഗ്ഗം ജനിച്ചുവീഴുന്നതല്ല, രൂപം കൊള്ളുന്നതാണ്. അതെങ്ങനെയാണ്? ഒന്നുരണ്ട് ലേഖനങ്ങൾ അതേക്കുറിച്ച് ഞാൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് ഞാൻ ശാസ്ത്രസാഹിത്യ പരിഷത്തിൽ സജീവമായി. ഒരുപാട് വികസന സൂക്ഷ്മ പരീക്ഷണങ്ങളിലേക്ക് പോയി. അതിന്റെ അടിസ്ഥാനത്തിലായിരുന്നു കല്യാശേരിയിലും മറ്റുമുള്ള വികസന പരീക്ഷണങ്ങൾ. പിന്നീട് ജനകീയ ആസൂത്രണം എന്ന ചാലിലൂടെയാണ് നീങ്ങിയത്.

**മാതൃകകൾ എല്ലാം അങ്ങ് സ്വയം രൂപപ്പെടുത്തിയെടുത്തതാണോ?**

എല്ലാം അല്ല. എന്നാൽ ദിനേശ് ബീഡി സഹകരണ സംഘം വളരെ യാദൃച്ഛികമായി ആരംഭിച്ച ഒന്നാണ്. ധാരാളം ബീഡി പ്രൊഡക്ട് ഉള്ള ഈ രാജ്യത്ത് ദിനേശ് ബീഡി എങ്ങനെ വിറ്റുപോകുന്നു? അതിൽ രാഷ്ട്രീയമുണ്ട്. വർഗ്ഗശത്രുവിന്റെ ബീഡി ഞങ്ങൾ ഇനി വലിക്കില്ല എന്നൊരു തീരുമാനം അവരിൽ ഉണ്ടാകുന്നു. ഞങ്ങൾ ഇനി ദിനേശ് ബീഡിയേ വലിക്കൂ എന്ന് സാധാരണക്കാരനെടുക്കുന്ന ഒരു രാഷ്ട്രീയ തീരുമാനമായിരുന്നു അതിന്റെ പിന്നിൽ. കുട്ടനാട്ടിൽനിന്ന് ലഭിച്ച പഴയ ചില പേപ്പറുകളിൽ കണ്ട ഈ തീരുമാനമാണ് എന്നെ അതിലേക്ക് നയിച്ചത്. അപ്പോൾ ഞങ്ങൾ വലിച്ച് ശീലിച്ച ആ ബീഡി വേണ്ട, ഇനി ഈ ബീഡി മതിയെന്ന രാഷ്ട്രീയ തീരുമാനമാണ് ദിനേശ് ബീഡി തൊഴിലാളി സംഘത്തിന്റെ വിജയത്തിന് പിന്നിലുള്ള ഘടകം. ഇതിനെക്കുറിച്ച് ഞാനൊരു പുസ്തകം എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തു. അതുപോലെ ഊരാളുങ്കൽ സർവീസ് സൊസൈറ്റി. ഇത് രണ്ടും എന്റെ ആശയങ്ങൾ ആയിരുന്നു. സഹകരണം എന്നു പറയുന്നത് ജനങ്ങളുടെ ഒരു കോ-ഓപ്പറേറ്റീവ് ആശയമാണ്. സാമ്പത്തിക ശാസ്ത്രപ്രകാരം കോ-ഓപ്പറേറ്റീവ് ജയിക്കാൻ പാടില്ല. കാരണം ഒരു സ്ഥാപനം ആരംഭിക്കണമെങ്കിൽ മൂലധനം വേണം. തൊഴിലാളിക്ക് എങ്ങനെ മൂലധനം ഉണ്ടാകും? എങ്ങനെയെങ്കിലും മൂലധനം ഉണ്ടായാൽ തന്നെ തൊഴിലാളി ഉടമസ്ഥനായാൽ സ്ഥാപനം മാനേജ് ചെയ്യാൻ കഴിയില്ല. who is the boss? എന്നൊരു ചോദ്യമുണ്ടാകും. അതുകൊണ്ട് നടക്കില്ല. അങ്ങനെ നോൺ ക്യാപ്പിറ്റലിസ്റ്റ് ഫോം വിജയിക്കില്ല എന്ന മുതലാളിത്തത്തിന്റെ അടിസ്ഥാന തത്വമാണ് ഇവിടെ പരാജയപ്പെട്ടത്. ഈ വ്യവസ്ഥ ഇന്നും നിലനിൽക്കുമ്പോൾ ഇവരെങ്ങനെ വിജയിച്ചു എന്നതാണ് ഇവിടെ ചിന്താവിഷയം.

**അപ്പോൾ കോ-ഓപ്പറേറ്റീവ് പ്രസ്ഥാനങ്ങൾ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അത് മിസ് മാനേജ്മെൻറ് ആണോ?**

അങ്ങനെ പറയാൻ കഴിയില്ല. തൊഴിലാളികൾക്കിടയിൽ നിന്നു രൂപപ്പെടുന്നത്, താഴേ കിടയിൽ രൂപപ്പെടുന്നവ ഒരുകാലത്തും പരാജയപ്പെട്ടിട്ടില്ല. എന്തെങ്കിലും സാധനങ്ങൾ മുകളിൽനിന്ന് കെട്ടിയിറക്കുകയാണെങ്കിൽ അത് തീർച്ചയായും പരാജയപ്പെടും.

**മന്ത്രി എന്ന നിലയിലുള്ള വലിയ ചുമതലകൾ നിർവഹിക്കുമ്പോൾ എങ്ങനെയായിരുന്നു പുസ്തക രചനകൾ?**

ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ട അധികാര വികേന്ദ്രീകരണം, ഫെഡറലിസം, മന്ത്രി എന്ന നിലയിലുള്ള ചുമതല ഇതെല്ലാം എന്റെ പഠനങ്ങളാണ്, അങ്ങനെ ഞാൻ ചെയ്യുന്ന ഏതൊരു പ്രായോഗിക പ്രവർത്തനത്തിനും ഒരു സൈദ്ധാന്തിക തലം കണ്ടെത്താതെ എനിക്ക് തൃപ്തി വരില്ല. മന്ത്രി ആയിരുന്ന സമയത്ത് വിമോചനസമരത്തെക്കുറിച്ച് എഴുതിയ പുസ്തകം മന്ത്രിയായിരുന്നപ്പോൾ എങ്ങനെ സാധിച്ചു എന്ന് ഞാൻതന്നെ ചിന്തിക്കാറുണ്ട്. 25 വലിയ ഫയലുകൾ, ധാരാളം ലഘുലേഖകൾ, ഇതിലൂടെയൊക്കെ ധാരാളം പഠനങ്ങൾ നടത്തി. അമേരിക്കയിലെ Monthly Review Press ഇപ്പോൾ അത് ഇംഗ്ലീഷിൽ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുന്നുണ്ട്. കേരളത്തിന്റെ വികസന മാതൃകകൾ ലോകം ഇപ്പോൾ ധാരാളം ഉറ്റുനോക്കുന്നുണ്ട്. ശുദ്ധ അക്കാഡമിക് അല്ല ഇതൊന്നും. അതെല്ലാം എന്റെ പി.എച്ച്.ഡി കൊണ്ട് അവസാനിച്ചു. പിന്നീടുള്ളതെല്ലാം പ്രായോഗിക തലത്തിലുള്ള പഠനങ്ങളാണ്. ഞാൻ പറഞ്ഞല്ലോ, സി.ഡി.എസിൽ പഠിക്കുമ്പോഴും ഞാനെന്റെ

പ്രവർത്തനങ്ങളുടെയെല്ലാം പ്രായോഗിക തലങ്ങളുടെ സൈദ്ധാന്തികത ആയിരുന്നു അന്വേഷിച്ചിരുന്നത്.

**ഊരാളുങ്കലും കിഫ്ബിയും ജനകീയ ആസൂത്രണവും തോമസ് ഐസക്ക് എന്ന വ്യക്തിയുടെ ആശയങ്ങൾ ആയിരുന്നോ?**

ഒരിക്കലുമായിരുന്നില്ല. 1947 മുതൽ തന്നെ അധികാര വികേന്ദ്രീകരണം എന്ന ആശയം സജീവമായി കേരളത്തിൽ നിലനിന്നിരുന്നു.കേരളത്തിലെ അക്കാഡമിക്സ് പഠിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് പഠിച്ചിട്ടുള്ള ബ്യൂറോക്രാറ്റുകളുടെ റിപ്പോർട്ടുകൾ ഉണ്ട്. ഇ.എം.എസിനെപ്പോലെ രാഷ്ട്രീയ വിശകലനം നടത്തിയവരുണ്ട്. അപ്പോൾ അതിനൊരു അവസരം നിലനിന്നിരുന്നു. അങ്ങനെയൊരു രാഷ്ട്രീയ മൂവ്മെന്റ് ഉണ്ടായപ്പോൾ അത് ആരംഭിക്കുവാൻ സാധിച്ചു എന്നു മാത്രം. എനിക്ക് രാഷ്ട്രീയമുണ്ട്, അക്കാദമിക് ആണ്, കീഴ്ത്തട്ടിലുള്ള വികസന പരീക്ഷണങ്ങൾ നടത്തുന്നതിൽ പങ്കാളിയായി, അതുകൊണ്ടുതന്നെ ഇതൊക്കെ കൂട്ടിയോജിപ്പിക്കാൻ എനിക്ക് എളുപ്പമായിരുന്നു. അതാണ് അതിന്റെ ഒരു ഇന്നവേഷൻ എന്ന് പറയുന്നത്. അതേ സമയം കിഫ്ബി അങ്ങനെയല്ല. അത് ചെയ്യാൻ പറ്റുമോ എന്ന് പലരും ആശങ്കപ്പെട്ടിട്ടുണ്ട്. അത് ഇടതുപക്ഷ അക്കാഡമിക്സുമായി ചർച്ച ചെയ്തിട്ടുണ്ട്. അവർക്കെല്ലാം ഇത് നടപ്പാകുമോ എന്ന കാര്യത്തിൽ സംശയമായിരുന്നു. കേരളം പോലുള്ള സംസ്ഥാനത്ത് ഇങ്ങനെ പോരാ, നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്ക് നല്ല തൊഴിൽ ഉണ്ടാക്കി കൊടുക്കുവാൻ സാധിക്കണം. ആ തരത്തിൽ ഞാൻ ഈ വിഷയം സംസാരിച്ച ഒരു വ്യക്തിയായിരുന്നു മുൻ കേന്ദ്ര ധനകാര്യമന്ത്രി പി. ചിദംബരം. അദ്ദേഹം ഒരിക്കൽ കോൺഗ്രസിന്റെ ഒരു പഠനസമ്മേളനം ഉദ്ഘാടനം ചെയ്യാൻ തിരുവനന്തപുരത്ത് എത്തി. ഞാൻ ആദ്യം മന്ത്രിയായിരുന്ന അച്യുതാനന്ദൻ സർക്കാരിന്റെ അവസാന കാലത്താണത്. അദ്ദേഹത്തിന്റെ മുമ്പിൽ ഈ പദ്ധതി അവതരിപ്പിച്ചപ്പോൾ Why not? എന്നായിരുന്നു ആദ്യ ചോദ്യം. എന്നാൽ എങ്ങനെ പ്രായോഗിക തലത്തിലാക്കും എന്നതായിരുന്നു അദ്ദേഹത്തിന്റെയും ആശങ്ക. എന്നാൽ ആ തവണ ഭരണത്തുടർച്ച ഉണ്ടായില്ല. ഈ ആശയം മുന്നോട്ടു കൊണ്ടുപോകാൻ യു.ഡി.എഫ് തയ്യാറായില്ല. അവരൊരു തമാശയായാണ് അതിനെ കണ്ടത്. ഞാൻ ഇതിനോടൊപ്പം ഇസ്ലാമിക് ഫിനാൻസ് എന്ന ആശയവും മുന്നോട്ട് വച്ചിരുന്നു. അതിനെ കളിയാക്കി വിടുന്നതിന്റെ കൂട്ടത്തിൽ അവർ കിഫ്ബി എന്ന ആശയവും തള്ളിക്കളഞ്ഞു. എന്നാൽ ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാന ബജറ്റിൽ (കെ.എം.മാണി രാജി വച്ചതിനുശേഷം ഉമ്മൻചാണ്ടി അവതരിപ്പിച്ച ബജറ്റിൽ) രണ്ട് പാരഗ്രാഫിൽ ഈ ആശയം അദ്ദേഹം മുന്നോട്ടു വച്ചിരുന്നു. നിയമസഭയിൽ ഇത് ഞാൻ പറഞ്ഞ ആശയമാണ് എന്ന് അന്ന് സൂചിപ്പിച്ചിരുന്നു. അതുകൊണ്ടായിരിക്കാം ഇപ്പോഴും ഉമ്മൻചാണ്ടി സാർ കിഫ്ബിക്കെതിരെ ഒന്നും പറയുന്നതായി ഞാൻ കേട്ടിട്ടില്ല. അന്ന് കെ. എം.ഏബ്രഹാം ആയിരുന്നു ചീഫ് സെക്രട്ടറി. അദ്ദേഹം വളരെ കഠിനാധ്വാനം ചെയ്തായിരുന്നു ഇതിന്റെ അപ്രൂവലുകൾക്കു വേണ്ടി ഓരോ കാര്യങ്ങൾ ചെയ്തത്. എന്നാൽ അഞ്ചുവർഷത്തെ കോൺഗ്രസ് ഭരണത്തിലെ ഇടവേള ഇല്ലായിരുന്നെങ്കിൽ കേരളം ഇന്ന് അഭൂതപൂർവമായ രീതിയിൽ മാറിയേനെ. അഞ്ചുവർഷം വലിയ നഷ്ടമാണ് കേരളത്തിന് സംഭവിച്ചത്.

ഈ കാര്യങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവരണമെങ്കിൽ വളരെ എഫിഷ്യന്റ് ആയ ഉദ്യോഗസ്ഥന്മാർ ആവശ്യമാണ്. നമ്മുടെ സർക്കാർ ജീവനക്കാരെക്കൊണ്ട് പലരെക്കൊണ്ടും ഇത് സാധിക്കുമായിരുന്നില്ല. അങ്ങനെ കർമ്മനിരതരായ ഒരു ടീമിന് രൂപം നൽകി. യഥാർത്ഥത്തിൽ ഈ മസാല ബോണ്ടൊന്നും ആവശ്യമായിരുന്നില്ല. 2500 കോടി രൂപ മാത്രമാണ് അതിൽനിന്നു ശേഖരിപ്പാൻ കഴിഞ്ഞത്.

**പിന്നെ എന്തിനായിരുന്നു അങ്ങനെയൊരു നീക്കം?**

ഇന്ത്യയിലെ ബാങ്കുകളോടും ബാക്കിയുള്ളവരോടും ഞങ്ങൾ ചില്ലറക്കാരല്ല വേണ്ടിവന്നാൽ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ വരെ ഞങ്ങൾക്ക് ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നവരാണ് എന്നൊരു സന്ദേശം പകർത്തുകയായിരുന്നു അതിലൂടെ ചെയ്തത്. അതിൽ ഒരു വലിയ സിംബോളിക് വാല്യൂ ലോകത്തിനു കൊടുത്തു. ഇന്ത്യയിൽ ഒരു പൊതുമേഖല സ്ഥാപനംപോലും ചെയ്യാത്ത ഒന്നായിരുന്നല്ലോ ഇത്.

**ഇ.ഡി-യുടെ അന്വേഷണപരിധിയിൽ മസാല ബോണ്ടും വരുന്നുണ്ടോ?**

അത് അവന്മാർക്ക് ചുമ്മാതെ വേറെ പണിയില്ലാത്തതിനാൽ ചെയ്യുന്നതാണ്. ഏതോ വടക്കേ ഇന്ത്യക്കാരൻ പറഞ്ഞുകാണും. ഇതിൽ എന്തുവന്നാലും കുറെ പൈസ ആർക്കെങ്കിലും തടഞ്ഞുകാണും, നമുക്കൊന്ന് അന്വേഷിക്കാമെന്ന്. ഇപ്പോൾ അവർ കുടുങ്ങിക്കിടക്കുകയാണ്.

**താങ്കളെ ചോദ്യം ചെയ്തിരുന്നോ?**

ഫെമ നിയമ ലംഘനത്തിന് ഞാൻ എങ്ങനെ ഉത്തരവാദിയാകും? ഇതിന്റെ പേരിൽ പത്ത് വർഷം മുമ്പുള്ള വ്യക്തിഗത വിവരങ്ങൾ എന്തിന് പരിശോധിക്കണം? ഫെമ നിയമ ലംഘനം അന്വേഷിക്കേണ്ടത് ആർ.ബി.ഐ ആണ്, ഇ.ഡിയല്ല. യഥാർഥത്തിൽ ഇപ്പോൾ ഇ.ഡിയാണ് വെട്ടിലായിരിക്കുന്നത്. ചരിത്രമാണ് ഇ.ഡി ചോദിച്ചത്, ഭാര്യയും മക്കളുമടക്കമുള്ളവരുടെ സാമ്പത്തിക വിവരങ്ങൾ, സ്ഥാവര ജംഗമ വസ്തുക്കൾ, ക്ലോസ് ചെയ്ത അക്കൗണ്ടിന്റെ വിവരങ്ങൾ , താൻ ഡയറക്ടർ ആയിരുന്ന കമ്പനികളുടെ മുഴുവൻ അക്കൗണ്ടുകൾ. ഇതൊക്കെ ഇ.ഡിക്ക് എന്തിനാണ്? നമ്മളെ ഹരാസ് ചെയ്യുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഒപ്പം തങ്ങൾ എന്തെങ്കിലുമൊക്കെ ചെയ്യുന്നുണ്ട് എന്ന് ഡൽഹിയിൽ ബോധിപ്പിക്കുക കൂടി വേണമായിരുന്നു. ഹാജരാവണം എന്ന് ഞാൻ അറിയുന്നത് പത്രവാർത്തകളിലൂടെയാണ്. അന്വേഷണ ഏജൻസി നോട്ടീസ് കൊടുക്കേണ്ടത് പത്രത്തിനല്ലല്ലോ. പ്രതിയോടോ, സമൻസ് അയയ്ക്കുന്ന

ആളോടോ അല്ലേ കാര്യം പറയേണ്ടത്. അതാണ് രൂക്ഷമായി പ്രതികരിക്കാൻ കാരണം.

പൗരൻ എന്ന നിലയിൽ എനിക്ക് ഭരണഘടന തരുന്ന അവകാശമുണ്ട്, അത് സ്വകാര്യതയുടെ അവകാശമാണ്. കേസില്ല എന്നൊരു വാദം പറയുകയും എല്ലാ വിവരങ്ങളും വേണമെന്ന് പറയുകയും ചെയ്തത് എന്ത് അടിസ്ഥാനത്തിലായിരുന്നു? എന്നെ പാഠം പഠിപ്പിക്കാനാണേൽ അത് നടക്കില്ല, അതുകൊണ്ടാണ് കോടതിയിൽ പോയത്. അതല്ലായിരുന്നുവെങ്കിൽ അന്വേഷണ ഏജൻസി വിളിപ്പിച്ചാൽ പോകണം എന്നുതന്നെയാണ് എന്റെ അഭിപ്രായം.

**2021 മുതൽ തുടർന്നും ഈ ഭരണം തുടരണമെന്ന് ജനങ്ങൾ ആഗ്രഹിച്ചത് താങ്കൾ ഉൾപ്പെടുന്ന ഒരു മന്ത്രിസഭയെ പ്രതീക്ഷിച്ചാണ്. എന്നാൽ പാർട്ടി തീരുമാനം അംഗീകരിച്ചു. അങ്ങ് മത്സരിച്ചില്ല. അങ്ങയുടെ അസാന്നിധ്യം ഈ മേഖലയിൽ പ്രതിബിംബിക്കുന്നുണ്ടോ?**

പാർട്ടി വളരെ ഗൗരവമായി ആലോചിച്ച വിഷയമാണ്. ഞാൻ 20 വർഷമായി എം.എൽ.എ-യായി പ്രവർത്തിക്കുന്നു. അപ്പോൾ ഇങ്ങനെ എല്ലാവരും തുടർന്ന് കഴിഞ്ഞാൽ അത് നന്നാവില്ല എന്ന് ബംഗാളിലെ അനുഭവങ്ങൾ വ്യക്തമാക്കുന്നുണ്ട്.

**അങ്ങനെ പറയാൻ കഴിയുമോ? ഡോക്ടർക്ക് കൃഷിപ്പണിക്കാരന്റെ ജോലിയോ കൃഷിപ്പണിക്കാരന് ഡോക്ടർ ജോലിയോ ചെയ്യാൻ കഴിയില്ലല്ലോ. അപ്പോൾ ആ മേഖലയിൽ വിദഗ്ധനായ ഒരാൾ മന്ത്രിസഭയിൽ ആവശ്യമായിരുന്നില്ലേ?**

ഇടതു പ്രസ്ഥാനത്തിൽ അങ്ങനെ ഒരു പ്രതിസന്ധി ഉണ്ടാകുന്നില്ല. കാര്യങ്ങൾ ട്രാക്കിലാണ് ഓടുന്നത്. അതൊക്കെ അതിന്റെ വഴിക്ക് നടക്കും. ഇപ്പോൾ നടക്കുന്നത് ട്രാക്ക് തെറ്റിക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നു എന്നുള്ളതാണ്. അവർ അതിനായി ഓവർ ടൈം പണിയെടുക്കുകയാണ്. ഇതിനെ നേരിടേണ്ടത് രാഷ്ട്രീയമായാണ്. എക്കണോമിക്സിന് അവിടെ പ്രസക്തിയില്ല.

**അങ്ങ് ധനകാര്യമന്ത്രി ആയിരുന്നപ്പോൾ സാമ്പത്തിക പ്രതിസന്ധി എന്ന ഒരു വാക്ക് കേരളം കേട്ടിട്ടില്ല. ഇപ്പോൾ ധാരാളം കേൾക്കുന്നു. എന്താണ് കാരണം?**

നമ്മളെപ്പോലെ തന്നെ കേന്ദ്രവും കാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. നമ്മളെ പൂട്ടാനുള്ള എല്ലാ മാർഗങ്ങളും അവർ ചെയ്തുകൊണ്ടിരിക്കുന്നു. വിശദാംശങ്ങളിലേക്ക് ഞാനിപ്പോൾ കടക്കുന്നില്ല എന്തായാലും എന്റെ കാലത്ത് അത് ഉണ്ടായിരുന്നില്ല. അതായിരുന്നു അന്നത്തെ പ്ലസ് പോയിന്റ്. ഇന്ന് കേന്ദ്രസർക്കാർ എല്ലാ പണിയും നോക്കി കേരളത്തെ തകർക്കാൻ ശ്രമിക്കുകയാണ്. എന്നാൽ ഞാൻ പറയുന്നു വളരെ അനുകൂലമായ പല ഘടകങ്ങളും കേരളത്തിൽ ഇപ്പോൾ ഉണ്ട് അടുത്ത രണ്ട് വർഷത്തിനുള്ളിൽ നികുതി വരുമാനം വർദ്ധിക്കും. അതുകൊണ്ട് എനിക്ക് കേരളത്തിന്റെ സാമ്പത്തിക ഭാവിയെ സംബന്ധിച്ച് ഒരു ഭയവും ആശങ്കയും ഇപ്പോൾ ഇല്ല.

നമ്മളെ ഇപ്പോൾ ഗണ്യമായി ബാധിക്കുന്ന പ്രധാന ഘടകം വിദേശരാജ്യങ്ങളിൽ നിന്നുള്ള പണം അയയ്ക്കൽ കുറഞ്ഞു എന്നുള്ളത് മാത്രമാണ്. കോവിഡ് കാലത്ത് ധാരാളം ഗൾഫ് പ്രവാസികൾ മടങ്ങിവന്നു തിരികെ പോകാൻ കഴിയുന്നില്ല. അതാണ് ഇപ്പോഴത്തെ പ്രതിസന്ധിയുടെ മുഖ്യകാരണം. എന്നാൽ രണ്ടുവർഷം കഴിയുമ്പോഴേക്കും കേരളം വരുമാനമുള്ള സംസ്ഥാനമായി മാറുമെന്ന കാര്യത്തിൽ സംശയമില്ല.

## മാർ ഔഗിൻ കുരിയാക്കോസ് അഭിഷിക്തനായി



പൗരസ്ത്യ കൽദായ സുറിയാനി സഭ ഭാരത ഘടകത്തിന്റെ പരമാധ്യക്ഷനായി മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലീത്താ വാഴിക്കപ്പെട്ടു. തൃശൂർ മാർത്ത് മറിയം വലിയപള്ളി കത്തീഡ്രലിൽ നടന്ന അഭിഷേക കർമ്മത്തിന് മോറാൻ മോർ ആവ ത്രിതീയനാണ് മുഖ്യ കാർമ്മികത്വം വഹിച്ചത്. സഭയുടെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഭാരതത്തിൽ വച്ച് കൽദായ സുറിയാനി സഭ മെത്രാപ്പോലീത്തായെ അഭിഷേകം ചെയ്യുന്നത്.

പിതാവിന്റെ വേർപാടിനെ തുടർന്ന് ഭവനത്തിലെ പരിമിതമായ സാഹചര്യങ്ങളിൽ ജീവിതം ദുസ്സഹമായപ്പോൾ പതിന്നാലാം വയസ്സിൽ പാറമടയിൽ പണിയെടുത്ത് പഠനത്തിന് പണം കണ്ടെത്തേണ്ടി വന്ന ഷാജു പൗലോസ് എന്ന കുട്ടിയാണ് ഇന്ന് ഭാരതത്തിലെയും ദക്ഷിണ ഗൾഫ് രാജ്യങ്ങളിലെയും കല്ദായസഭയുടെ അമരത്തെത്തിയിരിക്കുന്നത്. തിരൂരിലെ സഭാസെമിനാരിയിലും മുളന്തുരുത്തി യാക്കോബായ സെമിനാരിയിലും കൊല്ക്കത്ത സെറാമ്പൂർ സർവകലാശാലയിലും ദൈവശാസ്ത്ര അഭ്യസനം നടത്തിയ ശേഷം 1996 ഏപ്രിൽ 21-ന് ശെമ്മാശനായും 2000 ജൂൺ 13-ന് കശ്ശീശയായും ഉയർത്തപ്പെട്ടു. 2022 സെപ്റ്റംബർ 22-ന് കൂടിയ സഭയുടെ സുന്നഹദോസ് തീരുമാനപ്രകാരമാണ് ജനുവരി 8 ഞായറാഴ്ച മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടത്.

ബൈബിളും സിനിമയും

# 'അപ്പനും' ശലോമോനും



റവ. ഡോ. മോത്തി വർക്കി

*'ഉത്തമശ്ചിന്തിതം കുര്യാത് പ്രോക്തകാരീ തു മദ്ധ്യമഃ*
*അധമോഽശ്രദ്ധയാ കുര്യാദകർത്തോച്ചരിതം പിതുഃ'*

"Unhappy men! Your brother is assaulted and you shut your eyes! He is hit and assaulted and you are silent!... What sort of a city is this? What sort of people are you? When injustice is done there should be a revolt in the city. And if there is no revolt, it were better that the city should perish in fire before the night falls..." (Bertolt Brecht, The Good Person of Szechwan)

'ദേവാലയത്തിലെ ഗർഭഗൃഹത്തിലെരിയുന്ന നിലവിളക്കുപോലെയുള്ളതും', 1958--'67 കാലഘട്ടത്തിൽ വിവിധ ഭാരതീയഭാഷകളിൽ രചിക്കപ്പെട്ടിട്ടുള്ള ഏറ്റവും മെച്ചപ്പെട്ട കൃതിക്കുള്ള ജ്ഞാനപീഠപുരസ്കാരം നേടിയതുമായ നോവലാണ് വി.എസ്. ഖാണ്ഡേക്കർ രചിച്ച ഉജ്ജ്വലഭാഷ്യമായ *യയാതി.* വ്യാസവിരചിതമായ മഹാഭാരതത്തിലെ ആദിപർവത്തിലാണ് കൗരവ പാണ്ഡവന്മാരുടെ നിരവധി തലമുറകൾക്ക് പിന്നിൽ ചന്ദ്രവംശത്തിലെ ചക്രവർത്തിയായിരുന്ന യയാതിയുടെ കഥ പറയുന്നത്. ഹസ്തിനപുരിയിലെ നഹുഷ മഹാരാജാവിന്റെ രണ്ടാമത്തെ പുത്രനും പ്രാകൃതികമായ ഭോഗതൃഷ്ണമൂലം വാർദ്ധക്യത്തെ വെറുത്ത് സ്വന്തം മകന്റെ യൗവനം ദാനം വാങ്ങി എന്നും യുവാവായി കഴിയാനാഗ്രഹിച്ച വ്യക്തിയുമായ പുരാണകഥാപാത്രമാണ് യയാതി. എൻ.എസ്. മാധവന്റെ 'യയാതി' എന്ന കഥയിലെ മകൻ വിപിനിന്റെ പ്രൊഫൈൽ വ്യാജമായി സോഷ്യൽ മീഡിയയിൽ ഉപയോഗിക്കുന്ന അമ്പത്തിയാറുകാരനായ അജയനിലും അനുസ്യൂതമായി ഭോഗജീവിതം നയിക്കുന്ന പുരാണകഥയിലെ യയാതിയെ നാം വീണ്ടും കണ്ടുമുട്ടുന്നു.

തൊണ്ടയിൽ കുരുങ്ങിപ്പിടയുന്ന അനുഭവം സമ്മാനിക്കുന്ന മജു സംവിധാനം നിർവഹിച്ച 'അപ്പൻ' എന്ന സിനിമ ആധുനിക യയാതിയുടെ കഥ തന്നെയാണ്. അപ്പൻ എന്ന പേരു കേട്ട് മക്കളെ ജീവനോളം സ്നേഹിക്കുന്ന അപ്പനെയോ, അപ്പനെ സ്നേഹിക്കുന്ന മക്കളെയോ ഒരിക്കലും ഈ സിനിമയിൽ പ്രതീക്ഷിക്കരുത്. വീറുള്ള നോട്ടവും, വീറു കെട്ടിറങ്ങാത്ത ചീത്തവിളികളുമുള്ള വൃത്തികെട്ട അപ്പനും, ആ ഒരൊറ്റ മനുഷ്യനാൽ ആത്മസംഘർഷം അനുഭവിക്കുന്ന കുടുംബവുമാണ് പശ്ചാത്തലം. തിന്നു കുടിച്ചു മദിച്ച് ഒരു അപ്പൻ. എന്നിട്ടും തീരാത്ത കാമനകളുമായി വീട്ടിൽ അയാൾ നിറഞ്ഞാടുകയാണ്. മകന്റെ യൗവനം ചോർത്തിയെടുക്കുന്ന ആസക്തിയുടെ പ്രതിരൂപം. സാധാരണ മനുഷ്യരുടെ ഭൗമ ഉപരിതലത്തിനും താഴെ നിൽക്കുന്ന കുറെ പച്ചമനുഷ്യരുടെ ജീവിതത്തെ നരകമാക്കുന്ന ഒരു crual epicurian ആയ ഇട്ടി എന്ന അപ്പൻ. തിന്നുക, കുടിക്കുക, രമിക്കുക എന്ന തിയറിക്കാരൻ. തന്നെ സ്നേഹിച്ചതിനു ശേഷം അടുത്തതായും തന്നെ മാത്രം സ്നേഹിക്കുന്ന കേവലജന്തു. ആ ജന്തുത്വം മറയില്ലാതെ പ്രകടിപ്പിക്കുന്ന ആൾ. ജീവിക്കാനുള്ള അതിയായ ചോദനയിൽ ഭാര്യയോ മകളോ മകനോ അത്തരം നേരങ്ങളിൽ അയാളുടെ ലോകത്തില്ല. ഇതൊന്നുമില്ലാതെ കോഴികൾ ജീവിക്കുന്നത് അയാൾ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇട്ടിയെ സംബന്ധിച്ച് ജീവി എന്നത് ജീവി മാത്രമാണ്. പട്ടിക്ക് പട്ടി എന്നല്ലാതെ വേറെ പേരിടുന്നത് എന്തിനെന്ന് അയാൾ ചോദിക്കുന്നുണ്ട്. അയാളുടെ പുതികൾ തീർക്കാൻ അനങ്ങാക്കിടക്കയിൽക്കിടന്നും അയാൾ ശ്രമിക്കുമ്പോൾ സ്വന്തം വീടിനുള്ളിലെയും അയൽവാസികളുടേയും ജീവിതം അലങ്കോലമാക്കപ്പെടുന്നു. പുറത്തിറങ്ങി തന്റെ വേട്ട ജീവിതം തുടരാനാകാതെ വീട്ടിനകത്ത് കിടന്നു പോയതോടെ അപ്പനിൽ മുരൾച്ച അതിന്റെ പാരമ്യത്തിൽ എത്തുന്നു. അയാളുടെ അലറലുകൾ ഒരു മനുഷ്യേതരജീവിയുടെ സാന്നിദ്ധ്യമായാണ് ചുറ്റിലുമുള്ളവർക്ക് അനുഭവവേദ്യമാകുന്നത്.

തളർന്നു കിടക്കുന്ന കട്ടിലിൽ തലയ്ക്കൽ തൂക്കിയിട്ടിരിക്കുന്ന കയറിൽ തൂങ്ങി സ്വന്തം ഭർത്താവ്, അയലത്തെ വീട്ടിലെ പെണ്ണ് മുറ്റത്തിറങ്ങുമ്പോൾ ആർത്തി പൂണ്ട ഒരു മൃഗത്തെപ്പോലെ അവരെ നോക്കി സന്തോഷിക്കുന്നത് കണ്ടു നിൽക്കേണ്ടി വരുന്ന അവരുടെ ഗതികേട് ഊഹിക്കാൻ പറ്റുന്നുണ്ടോ നിങ്ങൾക്ക്? അതുമാത്രമോ, അയലത്ത് താമസിക്കുന്ന, നാട്ടുകാർ വേശ്യയെന്ന് മുദ്രകുത്തിയ പെണ്ണിനെ കള്ളം പറഞ്ഞ് സ്വന്തം മക്കളെക്കൊണ്ട് അകത്തേക്ക് വിളിപ്പിച്ച ഭർത്താവിനും അവൾക്കും സ്വന്തം മക്കൾക്കൊപ്പം അടഞ്ഞ വാതിലിനു പുറത്ത് കാവലിരിക്കേണ്ടി വരുന്ന ഒരു ഭാര്യയ്ക്ക് തന്റെ ഭർത്താവ് എങ്ങനെയെങ്കിലും ഒന്ന് തുലഞ്ഞു കാണാൻ ആഗ്രഹം വന്നാൽ അവരെ എങ്ങനെ കുറ്റം പറയാൻ പറ്റും? ഇട്ടിയുടെ മകനായിപ്പോയതുകൊണ്ട് മാത്രം നാട്ടുകാരുടെ മുഴുവൻ പരിഹാസം ഏറ്റുവാങ്ങേണ്ടി വന്ന ഞ്ഞൂഞ്ഞിന് പക്ഷേ മരിച്ചു കാണാൻ ആഗ്രഹിക്കുമ്പോഴും അപ്പനോട് അടങ്ങാത്ത സ്നേഹമാണ്. ഒരു മകൻ, സ്വന്തം അപ്പനിൽനിന്ന് സഹിക്കാവുന്നതിന്റെ പരമാവധി അവഗണനയും ക്രൂരതകളും സഹിച്ച് ആ പേരിൽ നാട്ടുകാരുടെ ഒറ്റപ്പെടുത്തലുകൾ സഹി

ച്ച് കഴിയുമ്പോഴും അപ്പാ എന്നുള്ള ആ വിളിയിൽ നിസ്സഹായത നിറഞ്ഞതെങ്കിലും നിറയെ സ്നേഹം തുളുമ്പുന്നുണ്ടായിരുന്നു. അപ്പനാണെന്ന് നോക്കാതെ ആരായാലും കരണക്കുറ്റി നോക്കി ഒന്ന് കൊടുത്തുപോകുന്ന പല സന്ദർഭങ്ങളിൽനിന്നും ആ സ്നേഹം പലപ്പോഴും ഞ്ഞൂഞ്ഞിനെ പിൻതിരിപ്പിക്കുന്നുണ്ട്. ജോൺസൺ അപ്പന്റെ മോനാണോ അപ്പാ എന്ന ചോദ്യത്തിന്, 'ആയാലിപ്പോ എന്താ ആർക്കായാലും ജനിച്ചാൽ പോരെ? പിന്നെ എങ്ങനേലും അങ്ങ് വളരണം' എന്ന് ഒരപ്പന്റെ വായീന്ന് കേട്ടാൽ അതും കേട്ടിട്ട് ചുമ്മാ പോരാൻ ഞ്ഞൂഞ്ഞിന് മാത്രേ പറ്റൂ.

ദാരിദ്ര്യവും അമ്മയോടുള്ള വല്ലാത്ത വാൽസല്യവുമാണ് മകൻ ഞ്ഞൂഞ്ഞിന്റെ ദുർബലത. ഞ്ഞൂഞ്ഞ് ഒരേ സമയം ഇട്ടിയുടെ മകനും ആബേലിന്റെ അപ്പനുമാണ്. എല്ലാം ഇട്ടെറിഞ്ഞ് പോകാൻ ഒരിടമില്ല. റബ്ബർ കർഷകന്റെ ദരിദ്ര ജീവിതം ഒരു വശത്ത്. ഞ്ഞൂഞ്ഞിന് ഒന്നും നഷ്ടപ്പെടരുതെന്ന് കരുതി എല്ലാം സഹിച്ച് നിലകൊള്ളുന്ന കുട്ടിയമ്മ മറുവശത്ത്. ക്ഷമയുടെ നെല്ലിപ്പലകയിൽ ഇട്ടിക്കെതിരെ കൂദാശയും കൂടോത്രവുമായി ഞ്ഞൂഞ്ഞിറങ്ങുമ്പോൾ കുട്ടിയമ്മയും പേടിക്കുന്നു. പഴയ ഇട്ടിയുടെ മുഖം ഒരു നിമിഷം ഞ്ഞൂഞ്ഞിൽ മിന്നിമറയുന്നത് ആ അമ്മ കാണുന്നു. ഒരേയൊരു മകൻ ആബേൽ ചോദ്യചിഹ്നമായി മുന്നിൽ നിൽക്കുന്നതോടെ ഞ്ഞ് ഉരുകിപ്പോയി. ചത്താലും തീരാത്ത പാരമ്പര്യം തന്റെ മകനിലേക്ക് സംക്രമിക്കാതിരിക്കാൻ അയാൾ വെപ്രാളപ്പെടുന്നു.

പ്ലാസ്റ്റിക് മണ്ണിൽ അലിയില്ല. പ്ലാസ്റ്റിക് റിയലിസം മനസ്സിലും. അപ്പൻ എന്ന സിനിമ മനസ്സിൽ അലിയും. അഭിരുചികളിലെ മാറ്റം പ്ലാസ്റ്റിക്കിനെ ഒരു സംസ്കാരമെന്ന നിലയിൽ വിപണിയുടെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. സ്വാഭാവികമായും സിനിമയെയും ആ സംസ്കാരം വിഴുങ്ങിയിട്ടുണ്ട്.

അവിടെയാണ് റബ്ബർ തോട്ടത്തിന്റെയും റബ്ബർ പാലിന്റെയും ഇടയിലെ ജീവിതങ്ങളിലേക്ക് 'അപ്പൻ' പോലൊരു സിനിമ കടന്നുവരുന്നത്. അപരിമേയമായ ആണഹങ്കാരത്തിന്റെ അശ്ലീലം ഇരുട്ടിലാക്കിക്കളഞ്ഞ വീടകങ്ങളിലെ മനുഷ്യബന്ധങ്ങളിലേക്ക് അത് ഉറ്റുനോക്കുന്നു. മനുഷ്യബന്ധങ്ങളുടെ ആഴം ഒരു സൃഷ്ടിക്ക് തൊടാനോ കാട്ടാനോ ആകുന്നു എന്നതാണ് അതിനെ കലാസൃഷ്ടിയാക്കുന്നത്. 'അപ്പൻ' മനുഷ്യഹൃദയങ്ങളെ സ്പർശിക്കാനുള്ള അതിന്റെ ശേഷികൊണ്ട് മലയാള സിനിമയിൽ ആധിപത്യം വഹിക്കുന്ന പ്ലാസ്റ്റിക് സംസ്കാരത്തെ മറികടക്കുന്നു.

'സ്റ്റോക്ക് ഹോം സിൻഡ്രോം' സിനിമയിലും രാഷ്ട്രീയത്തിലുമെല്ലാം ആഴമേറിയ ചർച്ചയ്ക്ക് വിധേയമാകുന്ന കാലമാണ്. കൊടിയ പീഡനങ്ങൾ സഹിച്ചിട്ടും എന്തുകൊണ്ട് മനുഷ്യർ അതേ അവസ്ഥയിൽ തന്നെ അടിമയായി തുടരുന്നു എന്ന ചോദ്യം ഏത് സ്ഥാപനത്തിനകത്തും (സിനിമയിലും-നിയമപരമായ ബാധ്യതയായിരുന്നിട്ടു പോലും ഒരു പരാതി പരിഹാര സമിതി പോലുമില്ലാത്ത സിനിമയിൽ വന്ന് എന്തിന് പീഡനങ്ങൾ സഹിക്കണം, പൊയ്ക്കൂടേ എന്ന ചോദ്യം) ഇന്ന് പ്രസക്തമാണ്. 'മർദ്ദനവും അപമാനവും സഹിച്ച് എന്തിന് തുടരുന്നു, ഇറങ്ങിപ്പൊയ്ക്കൂടായിരുന്നോ' എന്ന ചോദ്യം അപ്പന്റെ ആട്ടും തുപ്പും കൊണ്ടു ജീവിക്കുന്ന ഓരോ സ്ത്രീയും നേരിടുന്നുണ്ട്. അതിന്റെ മറുപടി പൗളി വിൽസൻ ഒരു ഭാവത്തിലൂടെ ആവിഷ്ക്കരിക്കുന്നുണ്ട് സിനിമയിൽ.

സ്ത്രീ കഥാപാത്രങ്ങൾ തമ്മിൽ പതിയെ രൂപപ്പെടുന്ന ഒരു പാരസ്പര്യമുണ്ട് സിനിമയിൽ. പരസ്പരമുള്ള മനസ്സിലാക്കലുകളും തിരിച്ചറിയലുകളുമാണ് അതിനാസ്പദം. ചിത്രത്തിലെ ഹൃദ്യമായതും പ്രാധാന്യമുള്ളതുമാണ് പെണ്ണുങ്ങൾ തമ്മിൽ അനുഭവങ്ങളുടെ



അടിസ്ഥാനത്തിൽ സ്വാഭാവികമെന്നോണം പിറവിയെടുക്കുന്ന ഈ ബന്ധം. പരസ്പരം പോരടിക്കേണ്ടവരാണ് പരമ്പരാഗത രീതിയനുസരിച്ച് അവർ. കുട്ടിയമ്മയും മരുമകളും തമ്മിൽ പോരിനു പകരം ഊഷ്മളമായ ബന്ധമാണ് തുടക്കം മുതൽ. ഇട്ടി എവിടെ നിന്നോ തന്റെ കാമപൂർത്തീകരണത്തിനായി കൊണ്ടുവന്ന് തന്റെ വീടിനൊപ്പമുള്ള റബർ തോട്ടത്തിൽ കൂരകെട്ടി പാർപ്പിക്കപ്പെട്ടവളാണ് ഷീല (രാധിക രാധാകൃഷ്ണൻ). അവൾ ദുർനടപ്പുകാരിയും അഭിസാരികയുമാണ്, സമുദായത്തിന്റെ നോക്കുപാടിൽ. ഇട്ടിയുടെ നിർബന്ധപ്രകാരം കുടുംബവീട്ടിൽ താമസം തുടങ്ങിയ ആദ്യനാളുകളിൽ ഉണ്ടായ പോര് സാവധാനം അലിഞ്ഞില്ലാതാവുകയാണ്. പലവിധം ഇരയാക്കപ്പെടുന്ന പെണ്ണുങ്ങളുടെ ഒരു കൂട്ടായ്മ അതോടെ അവിടെ രൂപപ്പെടുകയാണ്. അവസാനം എല്ലാവർക്കും വേണ്ടി, തന്നെ രക്ഷിക്കാൻ ശ്രമിക്കുന്ന മകൻ ഞ്ഞൂഞ്ഞുവിനെ ബലിയാടാക്കി കൊലയിൽനിന്ന് തന്നെ രക്ഷിക്കാൻ യാചിക്കുന്ന വഞ്ചകനായ ഇട്ടിയെ വെട്ടിക്കൊല്ലുന്നത് ഹതഭാഗ്യയായ ഷീലയാണ്.

കുടുംബത്തെക്കുറിച്ചുള്ള അയഥാർത്ഥവും ആദർശാത്മകവുമായ നിർമിതികളെ തച്ചുടയ്ക്കുന്നുണ്ട് സിനിമ. ഈ ലോകം മറച്ചുവയ്ക്കലുകളിലൂടെ കെട്ടിയുണ്ടാക്കിയ ഒരു ലോകമാണ്. മനുഷ്യരുടെ പെരുമാറ്റമായാലും അവരുണ്ടാക്കുന്ന കുടുംബമായാലും ഏറിയും കുറഞ്ഞുമുള്ള നുണകളാണ് അതിന്റെ ഇഷ്ടികകൾ. ഇരകൾ വേട്ടക്കാർക്കു വേണ്ടി നടത്തേണ്ടി വരുന്ന മറകൾ തീർത്തതാണ് ഉദ്ഘോഷിക്കപ്പെടുന്ന കുടുംബങ്ങളുടെയും ബന്ധങ്ങളുടെയും അകത്തളങ്ങൾ. യാഥാർത്ഥ്യത്തെ മറച്ചും ഓരങ്ങളിലേക്ക് വകഞ്ഞുമാറ്റിയും സമുദായം ഉണ്ടാക്കിവച്ച് കൈമാറുന്ന സങ്കൽപങ്ങളെ പിഴുതെറിയുന്നു എന്ന അർത്ഥത്തിൽ അത് അത്രയും വിപ്ലവപരമാണ്. ജീവിച്ച കാലത്തെ പാപക്കറകൾ മരിച്ചാൽ പോലും മായ്ച്ചു കളയാൻ പറ്റാത്ത അത്രയും ക്രൂരതകളും ചെയ്തികളും കാട്ടിക്കൂട്ടിയ ഇട്ടിയെ പോലുള്ള കഥാപാത്രം ഓർമ്മിപ്പിക്കുന്നത് കുടുംബമെന്ന സിസ്റ്റത്തിൽ വിശുദ്ധന്മാരല്ലാത്ത അപ്പന്മാരുമുണ്ടെന്നാണ്. കൂടെയുള്ളവരെ ജീവച്ഛവമാക്കുന്ന, കൂടെ പെട്ടുപോയവരുടെ ജീവിതം നരകതുല്യമാക്കുന്ന പാട്രിയാർക്കൽ പ്രയോഗതലങ്ങളെ സിനിമ ദയാരഹിതമായി തുറന്നുകാട്ടുന്നുണ്ട്. ഭാര്യയായും മകളായും മരുമകളായും വീട്ടകങ്ങളിൽ കഴിയുന്ന സ്ത്രീജനങ്ങൾക്ക് കാണാത്തടറവകൾ തീർക്കുന്ന അപ്പനധികാരിയുടെ വാഴ്ച അതിന്റെ സകല സങ്കീർണതകളോടെയും ഭീകരതകളോടെയും ദൃശ്യവത്കരിക്കുന്നു എന്നതാണ് ഈ ചിത്രത്തെ സമാന പ്രമേയങ്ങളോടെ വന്ന മുൻകാല സിനിമകളിൽ ('ഇരകൾ', 'ജോജി') നിന്ന് വ്യത്യസ്തമാക്കുന്നത്. എന്നാൽ ബ്ലാക്ക് കോമഡി എന്ന നിലയിൽ നർമത്തെ നന്നായി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ചില സന്ദർഭങ്ങളിൽ അതു കൃത്രിമമാവുകയാൽ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നതായി അനുഭവപ്പെടുന്നുണ്ട്.


അപ്പനിലെ കഥാപാത്രങ്ങളായെത്തുന്ന നടീനടന്മാരുടെ മികച്ച അഭിനയ മുഹൂർത്തങ്ങൾ വല്ലാത്തൊരു വൈകാരിക തീവ്രത നൽകുന്നു. വീണു കിടക്കുമ്പോഴും ആണത്തത്തിന്റെ അശ്ലീലം പ്രസരിപ്പിക്കുന്ന എല്ലാ നീചത്വങ്ങളുടെയും മൂർത്തിയായ അപ്പൻ കഥാപാത്രത്തെ അവതരിപ്പിച്ച അലൻസിയർ 'കണ്ണെഴുതി പൊട്ടുംതൊട്ടി'ലെയും 'നോക്കെത്താ ദൂരത്ത് കണ്ണുനട്ടി'ലെയും തിലകനെ ഓർമ്മിപ്പിക്കുന്നു. 'ഞ്ഞൂഞ്ഞ്' എന്ന കഥാപാത്രം സണ്ണി വെയ്നിന്റെ അഭിനയജീവിതത്തിലെ വഴിത്തിരിവാണ്. ഒരു കുടുംബത്തെ മുഴുവൻ ചേർത്തുപിടിക്കുന്ന കരുതൽ. അപ്പന് എതിരെ എടുക്കുന്ന തീരുമാനങ്ങൾ. അപ്പനെ കാക്കാൻ കാവൽ കിടക്കുന്ന വാൽസല്യം. അപ്പാ എന്നു വിളിക്കുമ്പോൾ നാറീ എന്നു കേൾക്കുന്നതിന്റെ വേദന. കുട്ടിയമ്മ പേടിക്കുമ്പോൾ പതറിപ്പോകുന്ന മനസ്സ്. ഞ്ഞൂഞ്ഞിന്റെ വേദന നമ്മളിലേക്ക് പകരാൻ സണ്ണിക്ക് കഴിഞ്ഞു. കുട്ടിയമ്മയുടെ തീരാദുരിതം പോളി വൽസൻ തകർത്തഭിനയിച്ചു. റോസിയായി അനന്യയുടെ തിരിച്ചുവരവ് ഗംഭീരമായി. അപ്പന്റെ സ്വാർത്ഥത തന്നെയാണ് മകൾ മോളിയിലും നിറഞ്ഞു നിൽക്കുന്നത്. ഗ്രേസ് ആന്റണിയുടെ അനായാസ നടനപാടവം ഈ കഥാപാത്രത്തെ സജീവമാക്കിയിരിക്കുന്നു.

'യയാതി'മാരും 'ഇട്ടി'മാരും വേദപുസ്തക ചരിത്രത്തിലും ധാരാളമുണ്ട്. അവസാനിക്കാത്ത അധികാര തൃഷ്ണയും ശരീര കാമനയും പൂരിപ്പിക്കാൻ യിസ്രയേലിന്റെ മൂന്നാമത്തെ രാജാവായ ശലോമോൻ (c.968 - 928BCE) സ്വന്തമാക്കിയത് 700 ഭാര്യമാരും 300 വെപ്പാട്ടികളുമാണ് (1 രാജാ 11:3). ഒരേ സമയം സ്ത്രീ ശരീരവും അധികാരവും ശലോമോന്റെ ബലഹീനതയായിരുന്നു. ഇതു രണ്ടും സാധിക്കാനുള്ള എളുപ്പവഴി വിവാഹങ്ങളായിരുന്നു. അതിനുവേണ്ടി ഹിത്യ, മോവാബ്യ, ഏദോമ്യ, സിദോന്യ, ഈജിപ്റ്റ്യൻ രാജവംശങ്ങളിലെ സ്ത്രീകളെ വിവാഹം ചെയ്തു (1 രാജാ 7:8; 11:1). ഫറവോയുടെ മുൻകാല ചെയ്തികളെ മറന്ന് മിസ്രയീം സന്ദർശിക്കുകയും മകളായ നൈലായെ വിവാഹം ചെയ്തതും വിവാഹ രാജ്യതന്ത്രമാണ്. ഇസ്രയേലിൽ ഈ വിവാഹം എങ്ങനെ സ്വീകരിക്കപ്പെടുമെന്ന ആശങ്കയൊന്നും ശലോമോനെ ഭയപ്പെടുത്തിയില്ല. ഒരേസമയം ഫറവോനോടും നാഥാനോടും അടുപ്പം നിലനിർത്താനുള്ള ജ്ഞാനം ശലോമോനുണ്ടായിരുന്നു. രാജ്യത്തിന്റെ കിഴക്ക് വലിയ ശക്തിയായി വളർന്നുവന്ന അമ്മോന്യരുടെ രാജാവായ അനയുടെ മകൾ നാമായെ വിവാഹം ചെയ്ത് അവരുമായി സമാധാനം സ്ഥാപിച്ചു. ടൈറിലെ രാജാവായ ഹീരാമിന്റെ മകൾ അനാലിയെ വിവാഹം ചെയ്ത് തുറമുഖവ്യാപാരം ശക്തിപ്പെടുത്തി. ശലോമോൻ പരീക്ഷിച്ചത് പുതിയ യുദ്ധമുറയാണ്.

ശലോമോന്റെ വിവാഹബന്ധങ്ങളെല്ലാം സ്ത്രീയുടെ ഉടലിലൂടെ നടപ്പിലാക്കിയ രാജ്യതന്ത്രങ്ങളായിരുന്നു. പെൺശരീരങ്ങളെ അധികാര ദൃഢീകരണത്തിന് എങ്ങനെയൊക്കെ പ്രയോജനപ്പെടുത്താമെന്ന് 'ജ്ഞാനിയായ' ശലോമോനറിയാം. സ്ത്രീശരീരങ്ങൾ പരസ്പരം ബലപ്രയോഗമില്ലാതെ ആധിപത്യം നേടാനുള്ള ആയുധമായി മാറുന്നു. ഇതിനെ അറിവിന്റെയും അധികാരത്തിന്റെയും പുരുഷാധിപത്യവൽക്കരണമെന്ന് വിശേഷിപ്പിക്കാവുന്നതാണ്. അധികാരഘടനയെ രൂപപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതുമായ ജ്ഞാനസ്വീകരണങ്ങളിൽ പുരുഷനും സ്ത്രീയും ഇടപെടുന്നത് വ്യത്യസ്ത തലങ്ങളിലാണ്. രാഷ്ട്രീയാധികാരമായാലും കുടുംബാധികാരമായിലും സ്ത്രീ ഉടലുകൾ വിലപേശാനുള്ള പണയവസ്തുവാണ്. അവളുടെ ഉടലിന്റെ ഉടമ പുരുഷനാണ്. അത് അപ്പനാകാം, ഭർത്താവാകാം, മകനാകാം. അറിവിന്റെ ഉല്പാദനത്തിൽ പുരുഷശരീരത്തിന് കർതൃത്വം ലഭിക്കുമ്പോൾ സ്ത്രീശരീരത്തിന് വസ്തുവിന്റെ സ്ഥാനമാണ്. അധികാരത്തിന്റെ സൂക്ഷ്മരൂപത്തിലുള്ള ഇടപെടലാണിത്. അധികാരത്തിന്റെ സൂക്ഷ്മഭൗതികം (micro-physics) എന്ന് Michael Foucault വിശേഷിപ്പിക്കുന്നത് ഇതിനെയാണ്. 'അപ്പനിലെ' ഇട്ടിയും യിസ്രയേലിലെ രാജാവായ ശലോമോനും ഒടുങ്ങാത്ത ഭോഗതൃഷ്ണയുടെ ഇരുവശങ്ങളാണ്. അശ്ലീലകരമായ ആണധികാരത്തിന്റെയും ആഭാസകരമായ ശരീരതൃഷ്ണകളുടെയും നാടൻ അവതാരമാണ് ഇട്ടി. ശലോമോൻ, 'രാജകീയ' ഭാഷ്യവും. ഒരാൾ കട്ടിലിലും മറ്റൊരാൾ സിംഹാസനത്തിലും. രണ്ടും നിലയുറപ്പിച്ചിരിക്കുന്ന പെണ്ണുടലുകളിലും. ഇട്ടി 'ഇഷ്ടഗുരു'വായി സ്വീകരിച്ചത് ശലോമോനെയാവുമോ?

9495542577

# സാമ്പത്തിക സംവരണം ഭരണഘടനയുടെ വെളിച്ചത്തിൽ



ജസ്റ്റിസ് കെ.റ്റി. തോമസ്
സുപ്രിംകോടതി മുൻ ജഡ്ജി

2019 പാസാക്കിയ 103-ാം നമ്പർ ഭരണഘടന ഭേദഗതി പ്രകാരം ഉദ്യോഗങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനങ്ങൾക്കും 10% സംവരണം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് Economically Weaker Section (EWS) അനുവദിച്ചിരുന്നു. ആ ഭേദഗതിയുടെ ഭരണഘടന സാധുത സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട റിട്ട് ഹർജിയിന്മേൽ സുപ്രീംകോടതിയുടെ അഞ്ചംഗ ബഞ്ച് 2022 നവംബർ ഏഴാം തീയതി വിധി പറഞ്ഞപ്പോൾ മൂന്ന് ജഡ്ജിമാർ ഭേദഗതി സാധുവാണെന്നും രണ്ടുപേർ ആ ഭേദഗതി ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമാണെന്നും പറഞ്ഞു. ഭൂരിപക്ഷ അഭിപ്രായപ്രകാരം ആ ഭരണഘടന ഭേദഗതി ഇപ്പോൾ അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ആയിരുന്ന ജസ്റ്റിസ് യു.യു ലളിത്, ജസ്റ്റിസ് രവീന്ദ്രഭട്ട് എന്നിവരാണ് ഭേദഗതിക്ക് എതിരായി വിധി പറഞ്ഞത്. ഈ വിധിക്ക് അനുകൂലമായും പ്രതികൂലമായും ഉണ്ടായ പ്രതികരണങ്ങൾ എല്ലാ മാധ്യമങ്ങളിലും പ്രധാന വാർത്തയായി പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.

ഇന്ത്യൻ ഭരണഘടനയിൽ പറയുന്ന സംവരണത്തിന്റെ പ്രസക്തി എന്താണ്? നിയമത്തിന്റെയും അവസരങ്ങളുടെയും മുൻപിൽ എല്ലാവരും സമന്മാരാണ് എന്ന തത്വം ഭരണഘടനയുടെ അടിസ്ഥാനപ്രമാണങ്ങളിൽ ഒന്നായി കരുതപ്പെടുന്നു. എന്നാൽ ആ തത്വം പ്രയോഗത്തിൽ വരുന്നതിന് ചില അപവാദങ്ങൾ വിശദീകരണങ്ങളായി ഭരണഘടനയിൽ തന്നെ പറയുന്നുണ്ട്. ഒരുപക്ഷേ അതിനെ പിന്താങ്ങുന്ന ഒരു വാചകം ഇങ്ങനെ കേട്ടിട്ടുണ്ട്- When unequals are measured with the same scale, the result would be inequality. ഈ സന്ദർഭത്തിൽ ആർട്ടിക്കിൾ 15-ലെ നാലാം ഉപവകുപ്പും ആർട്ടിക്കിൾ 16-ലെ 4 എ ഉപവകുപ്പും പ്രസക്തമായതിനാൽ അവ താഴെ ചേർക്കുന്നു.

Nothing in this article or in clause (2) of Article 29 shall prevent the State from making any special provision for the advancement of any socially and educationally backward classes of citizens or for the Scheduled Castes and the Scheduled Tribes.

Nothing in this article shall prevent the State from making any provision for the reservation of appointments or posts in favour of any backward class of

**1950 – നു ശേഷം 72 വർഷം കഴിഞ്ഞിട്ടും അന്നത്തെ പിന്നാക്ക വിഭാഗങ്ങളായി കരുതപ്പെടുന്നവർ ഇപ്പോഴും പിന്നാക്ക അവസ്ഥയിലാണോ എന്ന് പുനഃപരിശോധിക്കേണ്ടതാണ്.**

citizens which, in the opinion of the State, is not adequately represented in the services under the State.

ഭരണഘടന നിർമ്മാണ സമയത്ത് മേൽപ്പറഞ്ഞ സംവരണങ്ങൾ നിലനിൽക്കേണ്ടതിന് ഒരു കാലാവധി നിർണയിച്ചിരുന്നെങ്കിലും ആ കാലാവധി തീർന്നു കഴിഞ്ഞു വീണ്ടും വീണ്ടും അത് നീട്ടി കൊടുത്തതുകൊണ്ട് ആ സംവരണ വ്യവസ്ഥ ഇന്നും നിലനിൽക്കുന്നുണ്ട്. എന്നാൽ സംവരണതത്വങ്ങളിൽ ആരുടെയും സാമ്പത്തിക അടിസ്ഥാനം ഉൾപ്പെടുത്തിയിരുന്നില്ല. ആ കുറവാണ് 2019-ലെ ഭേദഗതിയിലൂടെ ഭരണഘടനയിൽ പരിഹരിക്കപ്പെട്ടത്. പട്ടികജാതി പട്ടികവർഗ്ഗങ്ങൾ schedule cast and schedule tribe എന്നതും സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം വരുന്ന വിഭാഗങ്ങൾ socially and educationally backward classes എന്നതും രണ്ടു വിഭാഗങ്ങളാണ്. ആദ്യത്തേത് ഒരു വ്യക്തിക്ക് ജന്മനാ ഉള്ളതും രണ്ടാമത്തേത് ആ വ്യക്തിയുടെ ജീവിതകാലത്ത് വന്നുചേരുന്നതുമാണ്. ഉദാഹരണത്തിന് സാമൂഹികപരവും വിദ്യാഭ്യാസപരവും ആയിട്ടുള്ള പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടാവുന്നതു മാത്രമാണ്. അതുപോലെതന്നെ ചില കൂട്ടർക്ക് ഏത് സമയത്തും രണ്ടാമത്തെ വിഭാഗത്തിൽ വന്നുചേരാവുന്ന സാധ്യത തള്ളിക്കളയുവാൻ സാധിക്കുകയില്ല. അപ്രകാരമായിരിക്കണം രണ്ടാമത്തെ ഗണത്തിൽപ്പെടുത്തിക്കൊണ്ട് 2014 കേന്ദ്ര ഗവൺമെൻറ് ഉത്തരവ് ഇറക്കിയത്. പക്ഷേ, ആ ഉത്തരവ് 2015-ൽ സുപ്രീം കോടതി റദ്ദാക്കി. അതിലേക്ക് അനവധി കാരണങ്ങൾ കാണിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 2022-ലെ വിധിയിൽ അഞ്ച് ജഡ്ജിമാരും ഒരു കാര്യത്തിൽ യോജിക്കുന്നതായി കാണുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണ ആനുകൂല്യം നൽകുന്ന കാര്യത്തിലാണ് ആ യോജിപ്പ് കണ്ടത്. പക്ഷേ, ന്യൂനപക്ഷ വിധി എഴുതിയ രണ്ട് ജഡ്ജിമാർ പറയുന്നത് സാമ്പത്തിക സംവരണത്തിന്റെ ആ

നുകൂല്യം മറ്റു പിന്നാക്ക വിഭാഗത്തിൽ പെട്ടവർക്ക് കൂടി ആ ഭേദഗതി പ്രകാരം നൽകാത്തതുകൊണ്ട് അത് ആർട്ടിക്കിൾ 14-ന് വിരുദ്ധമായി തീർന്നിട്ടുണ്ടെന്നും ആ കാരണത്താൽ മാത്രം ഭരണഘടനയുടെ അടിസ്ഥാന പ്രമാണത്തിന് യോജിക്കുന്നില്ല എന്നുമാണ്. വളരെ വർഷങ്ങൾക്കു മുമ്പ് സുപ്രീംകോടതിയുടെ 9 അംഗ ബെഞ്ച് അംഗീകരിച്ച ഒരു തത്വം അനുസരിച്ച് സംവരണ ആനുകൂല്യങ്ങൾ ആർക്കെല്ലാം നൽകിയാലും മൊത്തം 50 ശതമാനത്തിൽ കൂടുതൽ ആവാൻ പാടില്ല എന്നതാണ്. എന്നാൽ സാമ്പത്തിക അടിസ്ഥാനത്തിലുള്ള സംവരണം 10% വരെ നൽകേണ്ട ഭേദഗതി സംവരണം 50 ശതമാനത്തിന് മുകളിലായിട്ടാണ് അനുവദിച്ചിരിക്കുന്നത്. അതായത് ഇതുവരെ അനുവദിക്കപ്പെട്ടിട്ടുള്ള 50% എന്ന പരിധിക്ക് പുറത്താണ് 10% എന്നത് അനുവദിച്ചിരിക്കുന്നത്. ഫലത്തിൽ ഉദ്യോഗനിയമനങ്ങളിൽ 60% സംവരണത്തിനു വേണ്ടി മാറ്റിവയ്ക്കപ്പെടുന്നതുകൊണ്ട് മെറിറ്റ് അടിസ്ഥാനത്തിൽ 40% നിയമനങ്ങൾ മാത്രമേ നടപ്പിലാക്കുകയുള്ളൂ. ഇത് സ്ഥാപനങ്ങളുടെ നടത്തിപ്പിനെ സാരമായി ബാധിക്കുന്നതാണെന്ന് പല വിധത്തിലും ചൂണ്ടിക്കാണിക്കുന്നുണ്ട്.

സാമ്പത്തിക പരിഗണന എന്നത് ഭരണഘടന നിർമ്മാണ സമയത്ത് സംവരണത്തിന്റെ കാര്യത്തിൽ അംഗീകരിച്ചിട്ടില്ലായിരുന്നു. അതിനു കാരണം ഇന്ന് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരാൾ നാളെ സാമ്പത്തികമായി വളരെ ഉയരത്തിൽ എത്താനുള്ള സാധ്യത ഉള്ളതുകൊണ്ടാണ്. എന്നാൽ അത് ഒരു വശം മാത്രമാണ്. സാമ്പത്തിക പിന്നോക്ക വിഭാഗം എന്നത് കൊണ്ടുവന്നതിനു മുമ്പ് ഉണ്ടായിരിക്കുന്ന അവസ്ഥ ഒരു ഉദാഹരണംകൊണ്ട് വിശദമാക്കാം. കേരളത്തിൽ സോഷ്യൽ ആൻഡ് എഡ്യൂക്കേഷനൽ എന്ന ഗണത്തിൽ വന്നത് ഈഴവ, മുസ്ലിം, ലത്തീൻ, ക്രിസ്ത്യാനികൾ എന്നിവരാണ്. അവരിൽ പലരും ഇപ്പോൾ സാമ്പത്തികമായി വളരെ ഔന്നത്യം നേടിയിട്ടുണ്ട്.

സുപ്രീംകോടതിയിലെ ഒമ്പതംഗ ബെഞ്ച് ഇന്ദിരാ സഹാനി Vs യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസിൽ പെട്ടവർ പിന്നോക്ക വിഭാഗങ്ങൾ ആണെങ്കിലും അവർക്ക് സംവരണങ്ങൾക്ക് അർഹതയില്ലെന്ന് പറഞ്ഞിട്ടുള്ളത് മറക്കുന്നില്ല. സാമൂഹികമായി മുന്നോക്ക വിഭാഗക്കാരായി പരിഗണിക്കപ്പെടുന്ന ക്ഷത്രിയർ, ബ്രാഹ്മണർ, സുറിയാനി ക്രിസ്ത്യാനികൾ മുതലായവരിൽ പെട്ട ഒരു വിദ്യാർത്ഥി ഏറ്റവും ഉയർന്ന മാർക്ക് നേടി പാസായെന്ന് സങ്കല്പിക്കുക. അവന്റെ അച്ഛൻ ഒരു പ്രൈമറി സ്കൂൾ അധ്യാപകനോ ഏതെങ്കിലും കടയിലെ സെയിൽസ് മാനോ ആണെങ്കിൽ വളരെ കുറഞ്ഞ വരുമാനമേ ഉള്ളൂ എന്നും സങ്കൽപ്പിക്കുക. ഉന്നത മാർക്ക് വാങ്ങിയ ആ വിദ്യാർത്ഥിക്ക് നിയമന പ്രവേശനം നിഷേധിക്കപ്പെടുമ്പോൾ അയാളെക്കാൾ വളരെ കുറഞ്ഞ മാർക്ക് വാങ്ങുന്ന സമ്പന്നനായ പിന്നാക്ക വിഭാഗത്തിലെ വിദ്യാർത്ഥിക്ക് ആ നിയമന പ്രവേശനം ലഭിക്കുമ്പോഴാണ് അത് ധാർമികതയ്ക്കും യുക്തിക്കും നിരക്കാതെ വരുന്നത്. പ്രത്യക്ഷത്തിൽ അത് അനീതിയായി ജനങ്ങൾക്ക് തോന്നുന്നെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. വളരെ ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥിയെ പിന്തള്ളി തന്നെക്കാൾ വളരെ കുറഞ്ഞ മാർക്ക് നേടുന്ന പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥിക്ക് നിയമനം ലഭിക്കുന്നത് കാണുമ്പോൾ ആദ്യം പറഞ്ഞ വിദ്യാർത്ഥിയുടെ മനസ്സിൽ രൂപം കൊള്ളുന്ന വികാരം ഊഹിക്കാൻ പറ്റുന്നതേയുള്ളൂ. അപ്രകാരമുള്ള അനീതിക്കും അധാർമികതയ്ക്കും ഒരു പരിഹാരം എന്ന നിലയ്ക്ക് ഇപ്പോഴത്തെ സാമ്പത്തിക പിന്നാക്ക വിഭാഗങ്ങൾക്ക് നൽകിയ സംവരണം സ്വാഗതാർഹമാണെന്ന് എനിക്ക് തോന്നുന്നു. അതേ സമയം 1950-നു ശേഷം 72 വർഷം കഴിഞ്ഞിട്ടും അന്നത്തെ പിന്നാക്ക വിഭാഗങ്ങളായി കരുതപ്പെടുന്നവർ ഇപ്പോഴും പിന്നാക്ക അവസ്ഥയിലാണോ എന്ന് പുനഃപരിശോധിക്കേണ്ടതാണ്. ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗക്കാർ ഉൾപ്പെടുന്നില്ല. അല്ലാതെയുള്ള പിന്നാക്ക വിഭാഗങ്ങൾ ഇപ്പോഴും പിന്നാക്കമായി തുടരുന്നു എന്ന് പുനഃപരിശോധന ചെയ്താൽ ഒരുപക്ഷേ മേൽപ്പറഞ്ഞ അസമത്വവും അധാർമികതയും ആകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

📱 9447078215

# പുസ്തകശാല



സഖേർ

The Lost Art of Scripture കാരൻ ആംസ്ട്രോങ്ങിന്റെ പുസ്തകമാണ്. ഇന്ത്യാ ചൈന, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലെ വേദഗ്രന്ഥങ്ങളുടെ ക്രമാനുഗത വികാസം പറയുന്ന പുസ്തകം. ഒരു കാര്യത്തിൽ ഇവയെല്ലാം ഒരുമിക്കുന്നുണ്ടെന്നാണ് പറയുക. To live in genuine relationship with the unknowable ultimate man and woman were diverts themselves of egotism. അഹം തീരലാണ് അതീതത്തിലേക്കുള്ള വാതിൽ എന്നു തന്നെയാണ് പറഞ്ഞുവയ്ക്കുക. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന് ഗ്രീക്കുകാർ പറയുന്ന കെനോസിസ് എന്ന പദം തന്നെ. സ്വയം ശൂന്യമാകൽ! തിരുവെഴുത്തുകൾ സഹായിക്കുന്നതും ഇതേ പ്രക്രിയയ്ക്ക് തന്നെയെന്നാണ് എഴുത്തുകാരിയുടെ പക്ഷം. To adopt a way of life that systematically goes beyond the ego. അതായത്, ഞാനാണ് ഈ പ്രപഞ്ചത്തിന്റെ ന്യൂക്ലിയസ് എന്ന മൗഢ്യമാണ് ഇവ തകർത്ത് തരിക. അതിന് ചില വേദങ്ങൾ പ്രകൃതി രഹസ്യങ്ങളിലേക്കും മറ്റു ചിലത് സാമൂഹ്യ നീതിയിലേക്കുമൊക്കെ നമ്മുടെ ബോധത്തെ തട്ടിയുണർത്തുന്നു.

ലാവണ്യവിചാരം - 34

# നിമിഷത്തിൽ നിന്ന് നിർന്നിമേഷത്തിലേക്ക്



ഫാ. ഡോ. കെ. എം. ജോർജ്



സംസ്കൃതത്തിൽ 'നിമിഷം' എന്നു പറഞ്ഞാൽ ഒരു പ്രാവശ്യം കണ്ണടച്ചു തുറക്കുന്നതിനുള്ള സമയമാണ്. നമ്മുടെ കാലഗണനയുടെ അടിസ്ഥാനമാത്ര ഇതാണ്. ഒരു മിനിട്ടിൽ ഒരാൾ സാധാരണഗതിയിൽ 15 മുതൽ 20 പ്രാവശ്യം വരെ കണ്ണു ചിമ്മാറുണ്ട്. ഉണർന്നിരിക്കുന്ന സമയം കണക്കിലെടുത്താൽ ഒരു വർഷം ഏതാണ്ട് 50 ലക്ഷത്തിനും 70 ലക്ഷത്തിനുമിടയ്ക്ക് നമ്മൾ കൺചിമ്മാറുണ്ട്. കണ്ണിന്റെ ആരോഗ്യത്തിനും നമ്മുടെ കാഴ്ചയുടെ ശേഷിക്കും അനുപേക്ഷണീയമാണ് നാം അറിയാതെ നടത്തുന്ന ഈ പ്രവൃത്തി. കൺമിഴികളിൽ പറ്റുന്ന പൊടിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്ത് അതിനെ ആർദ്രമാക്കി നിലനിർത്തുന്നത് കൺപോളകളുടെ അടച്ചുതുറക്കൽ ആണ്. കണ്ണിന് ആവശ്യമായ പോഷകങ്ങളും ഓക്സിജനും നനവും നൽകാൻ ഇത് സഹായിക്കുന്നു. ഒരു കാറിന്റെ വിൻഡ് സ്ക്രീൻ ഇടയ്ക്കിടയ്ക്ക് വൈപ്പർ ഉപയോഗിച്ച് കഴുകി തുടയ്ക്കുന്നതുപോലെ നാം ഉണർന്നിരിക്കുമ്പോഴെല്ലാം കൺപോളകൾ നമ്മുടെ കണ്ണിന്റെ ഉപരിതലം തുടച്ചുകൊണ്ടേയിരിക്കുന്നു. കൺപോളകൾ കൂടിച്ചേരുമ്പോൾ ഒരു തരി സമയം നാം കാഴ്ചയില്ലാതെ ഇരുട്ട് അനുഭവിക്കുന്നു. അതിദ്രുതഗതിയിൽ പോളകൾ തുറക്കുകയും പ്രകാശവും കാഴ്ചയും നാം അനുഭവിക്കുകയും ചെയ്യുന്നു. നമ്മുടെ ദിവസത്തിന് ഇരുട്ടും വെളിച്ചവും ഉള്ളതുപോലെ കണ്ണും തുടർച്ചയായി ഇരുട്ടും വെളിച്ചവും അനുഭവിക്കുന്നു.

ഓരോ പ്രാവശ്യവും കൺപോളകൾ തുറക്കുമ്പോൾ നാം കാണുന്നത് ഒരു പുതിയ കാഴ്ചയാണ്. ഒരേ വസ്തുവിനെ തന്നെയാണ് നാം നോക്കുന്നതെങ്കിലും ഓരോ കണ്ണിമയ്ക്കലിലും ഒരു പുതിയ ലോകത്തിന്റെ അനാവരണമുണ്ട്. ചുരുക്കത്തിൽ നാം ഒരു മിനിട്ട് കണ്ണു തുറന്ന് എന്തെങ്കിലും കാണുമ്പോൾ ഒരു പതിനഞ്ച് ഇരുപത് തവണയെങ്കിലും നമ്മുടെ കാഴ്ച നവീകരിക്കപ്പെടുന്നു. ഇപ്പോഴത്തെ ഡിജിറ്റൽ ക്യാമറാകളിൽ പെട്ടെന്നു പെട്ടെന്ന് ഒരേ സംഗതിയുടെ അനേകം പടങ്ങൾ എടുക്കാം. അവ നിശ്ചലദൃശ്യങ്ങളാണെങ്കിലും സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകും ഓരോ ക്ലിക്കും ഓരോ പുതിയ ചിത്രമാണ് നൽകുന്നത്. ഇത് തന്നെ നമ്മുടെ കണ്ണിനും കാഴ്ചയ്ക്കും സംഭവിക്കുന്നു. എന്റെ കാഴ്ച എന്നത് കാഴ്ചകളുടെ ഒരു പരമ്പരയാണ്. ഓരോ കാഴ്ചയും ഓരോ നിമിഷവും ഓരോ പുതിയ അനുഭവമാണ് എന്റെ മസ്തിഷ്കത്തിന് നൽകുന്നത്. വളരെ സൂക്ഷ്മമായ മാറ്റമായതുകൊണ്ട് നാമത് തിരിച്ചറിയുന്നില്ല എന്നേയുള്ളു.

കണ്ണിന്റെ ഈ ശാരീരിക ധർമ്മത്തെ നമ്മുടെ മനസ്സിന്റെയും ആത്മാവിന്റെയും കാഴ്ചകളുമായി നമുക്ക് ബന്ധിപ്പിക്കാം. സാധാരണ മനുഷ്യർക്ക് പ്രയാസമുള്ള കാര്യമാണെങ്കിലും ഈ ആശയം താത്വികമായിട്ടെങ്കിലും സ്വീകരിച്ചാൽ നാം കാണുന്ന സൃഷ്ടി മുഴുവനും നമ്മുടെ ഓരോ കൺചിമ്മിലും മാറ്റത്തിനു വിധേയമാകുന്നു എന്നു കാണാം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് സൃഷ്ടിയിൽ നിരന്തരം പരിവർത്തിക്കുന്നു എന്ന് വേദപുസ്തകാടിസ്ഥാനത്തിൽ നാം മനസ്സിലാക്കുന്നു. ലാവണ്യവിചാരത്തിന്റെ ഉപരി മേഖലകളിലേക്ക് നാം കടക്കുമ്പോൾ നമ്മുടെ സൗന്ദര്യ ദർശനം നിശ്ചല ദൃശ്യമല്ല, നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്ന, അനുനിമിഷം പുതുതായിക്കൊണ്ടിരിക്കുന്ന ദൈവസൃഷ്ടിയെയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത് എന്നു മനസ്സിലാകും.

മനുഷ്യനും മിക്ക ജീവജാലങ്ങൾക്കും കണ്ണടച്ചു തുറക്കാമെങ്കിലും മത്സ്യങ്ങൾക്കു പൊതുവെ കൺപോളകൾ ഇല്ല. അതുകൊണ്ട് അവയുടെ കണ്ണ് എപ്പോഴും തുറന്നിരിക്കുന്നു. വെള്ളത്തിനുള്ളിലായതുകൊണ്ട് കര

ജീവികളെപ്പോലെ അവയ്ക്ക് കണ്ണ് നനച്ചു തുടയ്ക്കേണ്ട ആവശ്യമില്ല. മീനിന് 'നിർന്നിമേഷം' എന്നൊരു പര്യായപദമുണ്ട്. നിമിഷത്തിന് എതിർപദമാണിത്. കണ്ണടയ്ക്കാതെ എപ്പോഴും തുറന്നിരിക്കുന്ന കണ്ണിന്റെ അവസ്ഥയാണ് നിർന്നിമേഷം എന്ന് നമുക്കറിയാം. ഇതിൽ നിന്നാണ് മീനിന് ആ പേര് കിട്ടിയത്. ഈ ലേഖകൻ രചിച്ച പഴയ ഒരു ചിത്രമുണ്ട്. 'മീനാക്ഷി' എന്നു പേരിട്ടിരിക്കുന്ന ആ ചിത്രത്തിൽ ഒരു മീനും അതിന്റെ കണ്ണുമാണ് കേന്ദ്രം. നിരവധി മറകളുടെ അടരുകളെ തുളച്ചു പോകുന്നതാണ് മീൻകണ്ണ്. എപ്പോഴും ജാഗ്രത്തായിരിക്കുന്ന, പ്രകാശിതമായിരിക്കുന്ന മനുഷ്യബോധത്തിന്റെ പ്രതീകമാണത്. നമ്മുടെ ലോകത്തിൽ നാം സാധാരണ കാണുന്നതെല്ലാം ഒരു തരം മറ / സ്ക്രീൻ / mask ആണ്. നാം ഒരാളിനെ കാണുമ്പോൾ അയാൾ ധരിച്ചിരിക്കുന്ന വസ്ത്രം, അയാളുടെ ശരീരത്തിന്റെ ആകൃതി, മുടിയുടെ നിറം, തൊലിയുടെ വർണ്ണം, മുഖത്തിന്റെ ഭാവം ഇങ്ങനെ നിരവധി മറകളുണ്ട്. പിന്നെ അയാൾ താമസിക്കുന്ന വീട്, സഞ്ചരിക്കുന്ന വാഹനം, പറയുന്ന ഭാഷ, കാണിക്കുന്ന ആംഗ്യങ്ങൾ ഇങ്ങനെ വീണ്ടും അനവധിയാണ് മറകളും മാസ്കുകളും. ചുരുക്കത്തിൽ ആ ആളിനെ യഥാർത്ഥമായി മനസ്സിലാക്കുന്നതിൽ നിന്ന് നമ്മെ തടയുന്ന മാസ്കുകളാണ് ഇവയെല്ലാം. നമ്മുടെ കണ്ണ് സാധാരണ പ്രകാശം ഉപയോഗിച്ചാണ് കാണുന്നതെങ്കിൽ നമുക്ക് ആ വ്യക്തിയെ ഒരിക്കലും മനസ്സിലാക്കാനാവില്ല. കാരണം, പലവിധ മുൻവിധികൾ ഓരോ മറയും നമ്മിൽ സൃഷ്ടിക്കും. അതുകൊണ്ടാണ് നമ്മുടെ കണ്ണിന് സവിശേഷമായ പ്രകാശം ആവശ്യമാണ് എന്ന് മഹാഗുരുക്കന്മാർ പഠിപ്പിക്കുന്നത്. കണ്ണ് ശരീരത്തിന്റെ വെളിച്ചമാണ് എന്ന് യേശുക്രിസ്തു പഠിപ്പിച്ചു. എന്നാൽ ആ വെളിച്ചത്തെ മറയ്ക്കുന്ന തിരശ്ശീലകളാണ് നമുക്കു ചുറ്റും നാം കാണുന്നത്. എങ്ങനെ അവയെ മറികടന്ന് യഥാർത്ഥ കാഴ്ച എന്ന സത്യദർശനം നമുക്ക് നേടാം എന്നതാണ് പ്രധാനവെല്ലുവിളി.

അപ്പോൾ 'നിമിഷത്തെ' നാം ഗൗരവമായി എടുക്കണം. ഓരോ പ്രാവശ്യവും അതാണ് നമ്മുടെ കണ്ണുകളെ തുടച്ചു വൃത്തിയാക്കുന്നത്. എന്നാൽ ആ നിമിഷത്തിൽ ഒതുങ്ങി നമുക്ക് ജീവിക്കാനാവില്ല. പുതിയ പുതിയ കാഴ്ചകളാണ് നമുക്ക് ലഭിക്കേണ്ടത്. മാറി മാറി വരുന്ന ആ കാഴ്ചകളുടെ എല്ലാം അവസാനം നാം നിർന്നിമേഷരായി തീരും എന്നു തന്നെയാണ് നമ്മുടെ ആദ്ധ്യാത്മിക പൈതൃകം പഠിപ്പിക്കുന്നത്. അതായത് കണ്ണിന് ഉൾവെളിച്ചം ലഭിക്കുകയും, എന്തെല്ലാം പുകയും പൊടിയും തടയും നമ്മുടെ കണ്ണിനെ തടസ്സപ്പെടുത്തിയാലും ജാഗ്രത്തായ ഉൾബോധം മീൻകണ്ണുപോലെ എപ്പോഴും തുറന്നിരിക്കുകയും എല്ലാ മറകൾക്കും അപ്പുറത്തുള്ള യഥാർത്ഥ കാഴ്ച കാണുകയും ചെയ്യും.

> **ബഹുപ്രപഞ്ചങ്ങൾ (multiverse) ഉണ്ട് എന്ന് സങ്കല്പിക്കുന്നത് നമ്മുടെ ആത്മിക ദർശനത്തിനും സൗന്ദര്യ സങ്കൽപ്പത്തിനും പുതിയ വാതിലുകൾ നൽകും. "കണ്ണിമയ്ക്കുന്നതിനിടയ്ക്ക്" ('നിമിഷം') നാമെല്ലാം രൂപാന്തരപ്പെടും (1 കൊരി. 15:22) എന്ന് വി. പൗലോസ് പറയുന്നതിനെ ഇങ്ങനെയും മനസ്സിലാക്കാം. ഒരു പുതിയ പ്രപഞ്ചമായിരിക്കും, കൺചിമ്മി ഉണരുമ്പോൾ നമുക്കു മുമ്പിൽ തുറക്കപ്പെടുന്നത്.**

ഗൗതമബുദ്ധനെക്കുറിച്ച് ഒരു കഥയുണ്ട്. ദീർഘമായ വർഷങ്ങൾ കഠിനമായ തപശ്ചര്യകൾ അനുഷ്ഠിക്കുകയും പല മാർഗ്ഗങ്ങൾ തേടുകയും ചെയ്തിട്ട് അവസാനം ഗയയിലെ ആൽമരത്തിന്റെ കീഴിൽ ഇരുന്നപ്പോൾ അദ്ദേഹത്തിന് ബോധത്തിൽ പ്രകാശനമുണ്ടായി; ബോധം തെളിഞ്ഞു; ആ തെളിഞ്ഞ ബോധം എന്ന ബുദ്ധിയാണ് ഗൗതമനെ ബുദ്ധനാക്കിയത്. അദ്ദേഹത്തിന് ബോധദീപിതി ലഭിച്ചു കഴിഞ്ഞ് ദിവസങ്ങളോളം കണ്ണിമയ്ക്കാതെ ബോധിവൃക്ഷമായി ത്തീർന്ന ആൽമരത്തെ നോക്കിയെന്നാണ് കഥ. കാഴ്ചയുടെ ആവരണങ്ങൾ എല്ലാം മാറി. മറകളെ എല്ലാം പ്രകാശിതമായ ബോധം മറികടന്നു.

യേശുക്രിസ്തു ആവർത്തിച്ചു പറഞ്ഞത്, 'നിങ്ങൾ ഉണർന്നിരിക്കണം' എന്നാണ്. കണ്ണു തുറന്നിരിക്കുന്ന അവസ്ഥ ആന്തരിക ജാഗ്രതയുടെ അടയാളമാകാം. നമ്മുടെ ചുറ്റുപാടുമുള്ള ലോകത്തെയും അതിന്റെ കാപട്യത്തെയും ക്ഷണികതയെയും അതുപോലെ അതിന്റെ മൂല്യത്തെയും സാധ്യതയെയും തിരിച്ചറിയുന്നത് ഈ ജാഗ്രത്തായ ബോധമാണ്. താബോർ മലയിൽ ക്രിസ്തുശരീരത്തിന് പ്രകാശാനുഭവം ഉണ്ടായപ്പോൾ, കൂടെയുണ്ടായിരുന്ന മൂന്ന് ശിഷ്യന്മാർക്ക് ഞൊടിനേരത്തേക്ക്, അതായത് ഒന്ന് കണ്ണടച്ചു തുറക്കുന്ന നിമിഷനേരത്തേക്ക്, ഒരു ദർശനമുണ്ടായി. യേശുവിന്റെ വസ്ത്രം വെട്ടിത്തിളങ്ങുന്നതായും അവൻ പൂർവ്വീകരായ മോശയോടും ഏലിയാവോടും സംഭാഷിക്കുന്നതായും അവർ കണ്ടു. എന്നാൽ ഇതൊരു നിമിഷനേരത്തേക്ക് മാത്രം. ഉടൻ അവർ

കണ്ണുകൾ പൂഴ്ത്തി ഭയപ്പെട്ട് നിലത്ത് കമിഴ്ന്നു കിടന്നു. സ്ഥലകാലങ്ങളുടെ മറകളെ നീക്കി അവർ ഒരു നിമിഷം കാഴ്ച കണ്ടുവെങ്കിലും ഉടനെ അവർക്കത് നഷ്ടപ്പെട്ടു. സത്യാന്വേഷികളായ ഒത്തിരിയേറെ മനുഷ്യർക്ക് ഇങ്ങനെ ചില നിമിഷ ദർശനങ്ങൾ ലഭിച്ചെന്നിരിക്കാം. നിർന്നിമേഷതയിലേക്ക് അവർ എത്തുന്നില്ല. എങ്കിലും ഈ നൈമിഷിക ദർശനം അവരെ മൗലികമായി രൂപാന്തരപ്പെടുത്താൻ കഴിവുള്ളതാണ്. പിന്നീട് നിരവധി അനുഭവങ്ങളിലൂടെ ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് കടന്നുപോകേണ്ടി വന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ നിർന്നിമേഷ കാഴ്ച അവർക്കു പിന്നീട് ലഭിച്ചു എന്നു നമുക്കു വിശ്വസിക്കാം.. ചുരുക്കത്തിൽ അനശ്വരതയുടെ ദർശനം നിർന്നിമേഷമാണ്. ഇമ പൂട്ടാത്ത ആ ദർശനത്തിന് ഒരു രൂപകാലങ്കാരമായിട്ടാണ് മീൻകണ്ണിനെക്കുറിച്ച് ഇവിടെ പറഞ്ഞത്.

കല അതിന്റെ യഥാർത്ഥമായ സൗന്ദര്യാനുഭൂതിയിൽ നമ്മെ നിർന്നിമേഷതയിലേക്ക് നയിക്കും. അവിടെ നാം കാണുന്നത് യാഥാർത്ഥ്യത്തിന്റെ ഒരു തലമോ ഒരു അർത്ഥമോ അല്ല. നിരവധി തലങ്ങൾ നാം കാണും. അനന്തമായ അർത്ഥധ്വനികൾ നാം കേൾക്കും. നമ്മുടെ സാധാരണ കാഴ്ച ത്രിമാനങ്ങളിലാണ് (three - dimensional) എന്ന് നമുക്കറിയാം. നീളവും വീതിയും കനവും ചേർന്നു വരുന്ന മൂന്ന് അളവുകളിലാണ് നമ്മുടെ യാഥാർത്ഥ്യ ദർശനം. രണ്ട് മാനങ്ങളിലായി (dimensions) വേണമെങ്കിലും നമുക്ക് യാഥാർത്ഥ്യത്തെ കുറെ മനസ്സിലാക്കാൻ കഴിയും. ആധുനിക പ്രപഞ്ചശാസ്ത്രത്തിൽ, String theory യും മറ്റും പത്തുപതിനൊന്നു മാനങ്ങളെക്കുറിച്ചും അതിൽ കൂടുതലും പറയുന്നുണ്ട്. മാനങ്ങൾ അസംഖ്യവുമാകാം. എന്നാൽ നമുക്കിത് യാതൊരുതരത്തിലും മനസ്സിലാക്കാൻ സാധ്യമല്ല. ഐൻസ്റ്റൈൻ മൂന്നു മാനങ്ങൾക്കൊപ്പം സമയത്തെ നാലാമതൊരു മാനമായി കാണിച്ചിട്ടുണ്ട്. വാസ്തവത്തിൽ നമുക്ക് ഒരു തരത്തിലും മനസ്സിലാക്കാനോ വർണ്ണിക്കാനോ ആകാത്ത പ്രതിഭാസങ്ങളെയും സമസ്യകളെയുമാണ് ഇത്തരം സിദ്ധാന്തങ്ങൾ ഗണിതത്തിലൂടെ വെളിപ്പെടുത്താൻ ശ്രമിക്കുന്നത്.

നമ്മുടെ സാധാരണ ഭാഷയിൽ ഭൗതികതലമെന്നും ആദ്ധ്യാത്മിക തലമെന്നും യാഥാർത്ഥ്യത്തെ നാം വേർതിരിക്കാറുണ്ട്. എന്നാൽ ഭൗതിക തലത്തിനുള്ളിൽ തന്നെ അനന്തതയുടെ ഇമവെട്ടലുകൾ ഉണ്ട്. നമ്മെ അദ്ഭുതപ്പെടുത്തുകയും ആനന്ദിപ്പിക്കുകയും ചെയ്യേണ്ടുന്ന ഒന്നാണിത്. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെയുണ്ട് എന്ന് യേശു പറഞ്ഞ വചനം നമുക്ക് ഇവിടെ അനുസ്മരിക്കാം. ചുരുക്കത്തിൽ ഭൗതികം X ആത്മികം എന്ന് പഴയരീതിയിൽ പറയുക ഇനി സാധ്യമല്ല. ഭൗതികത്തിൽ നിന്നു വേറിട്ടു നിൽക്കുന്ന ഒരു ആദ്ധ്യാത്മികതലം നമുക്ക് ഒരു കലയിലും സാഹിത്യത്തിലും മതത്തിലും വിശ്വാസത്തിലും അനുഭവപ്പെടുകയില്ല. എന്നാൽ ഭൗതികതലത്തിന്റെ തന്നെ പുതിയ വെളിപാടുകൾ കൊണ്ട് നാം ഭൗതികതയുടെ അതിരുകളെ അതിലംഘിക്കുന്നു. വെള്ളത്തിനു മുകളിൽ വായു ഉണ്ടെങ്കിലും മീനിന് വെള്ളത്തിൽ നിന്നു തന്നെ ഓക്സിജൻ കിട്ടും. വെള്ളത്തിനു പുറത്ത് അതിനു ജീവിക്കാനുള്ള ശാരീരിക സന്നാഹവുമില്ല. മനുഷ്യനെ സംബന്ധിച്ചും ഇത് വേറൊരുതരത്തിൽ പറയാം. സ്ഥലകാലങ്ങളുടെ ഭൗതിക വലയത്തിനുള്ളിൽ മനുഷ്യബോധവും സൗന്ദര്യദർശനവും പ്രകാശിതമാകുമ്പോൾ അനശ്വരതയുടെ അനുഭവം ഇവിടെത്തന്നെ ഉണ്ടാകും. കണ്ണടച്ചു തുറക്കുന്ന 'നിമിഷ'ത്തിന്റെ ക്ഷണികതയിൽ നിന്ന് ഈ അനശ്വരാനുഭവത്തിന്റെ 'നിർന്നിമേഷ'ത്തിലേക്കാണ് നാം പ്രവേശിക്കേണ്ടത്.

നമ്മുടെ ഇക്കാണുന്ന പ്രപഞ്ചം (universe) മാത്രമേയുള്ളോ, അതോ, അതിനപ്പുറത്ത് വേറെ പ്രപഞ്ചങ്ങൾ ഉണ്ടോ എന്ന ചോദ്യം നിലവിലുണ്ട്. പക്ഷേ ഉത്തരം പറയാൻ ആർക്കും കഴിയില്ല. ഇപ്പോഴത്തെ പ്രപഞ്ചത്തിന്റെ പോലും നാലഞ്ച് ശതമാനമേ നമുക്ക് അൽപ്പമെങ്കിലും അറിയാനാവൂ എന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. അപ്പോൾ പിന്നെ മറ്റ് പ്രപഞ്ചങ്ങളെപ്പറ്റി എന്തു പറയാൻ കഴിയും. എങ്കിലും ഇപ്പോഴത്തെ പ്രപഞ്ചയുക്തി വച്ചു നോക്കിയാൽ അങ്ങിനെ അസംഖ്യം അതീത പ്രപഞ്ചങ്ങൾ (multiverse) ഉണ്ടായിരിക്കാൻ സാധ്യതയുണ്ട്. അങ്ങിനെയുണ്ടെന്ന് നമുക്ക് സങ്കൽപ്പിക്കാൻ ആവുമെങ്കിൽ അത് ഭൗതികമായി ഉണ്ടായിരിക്കാനും ഇടയുണ്ട്. മനുഷ്യവംശത്തിന്റെ തീരെ ചുരുങ്ങിയ യുഗത്തിൽത്തന്നെ മനുഷ്യൻ അത് ഭൗതികമായി കണ്ടെത്തുമോ എന്നത് വേറെ ചോദ്യമാണ്. ബഹുപ്രപഞ്ചങ്ങൾ (multiverse) ഉണ്ട് എന്ന് സങ്കല്പിക്കുന്നത് നമ്മുടെ ആത്മിക ദർശനത്തിനും സൗന്ദര്യ സങ്കൽപ്പത്തിനും പുതിയ വാതിലുകൾ നൽകും. "കണ്ണിമയ്ക്കുന്നതിനിടയ്ക്ക്" ('നിമിഷം') നാമെല്ലാം രൂപാന്തരപ്പെടും (1 കൊരി. 15:22) എന്ന് വി. പൗലോസ് പറയുന്നതിനെ ഇങ്ങനെയും മനസ്സിലാക്കാം. ഒരു പുതിയ പ്രപഞ്ചമായിരിക്കും, കൺചിമ്മി ഉണരുമ്പോൾ നമുക്കു മുമ്പിൽ തുറക്കപ്പെടുന്നത്. നമ്മുടെ ആയുസ്സിനെയും നമ്മുടെ മനുഷ്യവംശത്തിന്റെ ആയുസ്സിനെയും ഒരൊറ്റ നിമിഷമായി നാം കണക്കാക്കണം.

9447598671


## വായിക്കാം ന്യൂവിഷൻ മാസികയുടെ പഴയ ലക്കങ്ങൾ

ന്യൂവിഷൻ മാസികയുടെ പഴയ ലക്കങ്ങൾ www.newvisionmagazine.org-ൽ ലഭിക്കുന്നു. എല്ലാ മാസവും 28-ന് ഏറ്റവും പുതിയ ലക്കവും വായിക്കാം. തികച്ചും സൗജന്യം. നിങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും സാധിക്കും. കംപ്യൂട്ടർ സൗകര്യമുള്ള എല്ലാവർക്കും ഈ ക്രമീകരണം പ്രയോജനം ചെയ്യും.

# ജീവിതം അർത്ഥപൂർണ്ണമാക്കാം



**റ്റി. ജോർജ് ബഹന്നാൻ**
കൗൺസലർ & തെറാപ്പിസ്റ്റ്

ജീവിതത്തിൽ സന്തോഷവും സമാധാനവും സുഖവും സൗകര്യവുമൊക്കെ കൈവന്നുചേരാൻ മനുഷ്യൻ ചെയ്ത് കൂട്ടുന്ന കാര്യങ്ങൾ പലപ്പോഴും അതിശയിപ്പിക്കുകയും അമ്പരപ്പിക്കുകയും ചെയ്യുന്നതാണ്. എന്നിട്ടും സന്തോഷം അകലെ ഒരു മരീചികയായി നിൽക്കുന്നു. ചിലർ വലിയ കെട്ടിടങ്ങൾ പണിതുയർത്തുന്നു, മുന്തിയ കാറുകൾ വാങ്ങിക്കുന്നു, ബാങ്ക് ബാലൻസ് കൂട്ടുന്നു, സമയം ലാഭിക്കാനും സൗകര്യത്തിനും അത്യാധുനിക സാധന സാമഗ്രികൾ വാങ്ങിച്ചുകൂട്ടുന്നു. വാങ്ങിച്ചുകൂട്ടുന്നതെല്ലാം അവർക്ക് ഭാരമായിത്തീരുന്നു. സ്വന്ത ശരീരത്തിന്റെ സുരക്ഷിതത്വത്തിനുവേണ്ടി സ്വന്തം പുറംതോടിന്റെ കട്ടി കൂട്ടിക്കൊണ്ടിരിക്കുന്ന ഒരു ജീവിയെപ്പറ്റി കേട്ടിട്ടുണ്ട്. അങ്ങനെ മുറയ്ക്ക് പുറംതോടിന്റെ ഘനം കൂട്ടിക്കൂട്ടി പുറംതോടിന്റെ ഭാരംകൊണ്ട് ആ ജീവി ചത്തുപോയി. ഇതല്ലേ ഇന്നത്തെ മനുഷ്യന്റെ അവസ്ഥ?

വ്യക്തിത്വവികസന ക്ലാസ്സുകളിലും കൗൺസിലിംഗ് സന്ദർഭങ്ങളിലും ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട വ്യക്തികൾ പങ്കുവയ്ക്കുന്ന കാര്യങ്ങൾ വളരെ ഗൗരവമേറിയതാണ്. നഷ്ടവും കുറ്റബോധവും ഭയവും ദേഷ്യവുമൊക്കെ എല്ലാവരുടെയും ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. മോഹങ്ങളും മോഹഭംഗങ്ങളും പരാജയവും തെറ്റായ മനോഭാവങ്ങളുമെല്ലാം വ്യക്തികളെ പരാജയപ്പെടുത്തുന്നു.

ജീവിതത്തെ നമുക്ക് അർത്ഥപൂർണ്ണമാക്കാൻ, ക്രിയാത്മകമാക്കാൻ, വിജയപ്രദമാക്കാൻ സാധിക്കും, പക്ഷേ അതിന് ശക്തമായ തീരുമാനങ്ങൾ എടുക്കണം. അതിന് സഹായിക്കുന്ന പത്ത് പ്രായോഗിക നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. ദൈവത്തോടൊപ്പം തുടങ്ങുക: "ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്ക". First you seek the Kindgom of God. ദൈവികനീതിയിലടിയുറച്ച, നമ്മുടെ ദൈനംദിന ജീവിത വൃത്തികൾ ഒരു കാലത്തും വിജയിക്കാതിരിക്കില്ല. കർത്താവായിരുന്നെങ്കിൽ എന്ത് ചെയ്തേനെ? What Jesus would do? നമ്മൾ ദൈനംദിന ജീവിതത്തിലെ എന്ത് കാര്യം ചെയ്യുന്നതിന് മുമ്പും കർത്താവായിരുന്നെങ്കിൽ എന്ത് ചെയ്തേനെ എന്ന ചോദ്യം നമ്മുടെ അളവുകോൽ ആകണം. നിങ്ങളുടെ ജീവിതം ദൈവകേന്ദ്രീകൃത (God centered) മാണെങ്കിൽ നിങ്ങൾ സുരക്ഷിതരായിരിക്കും. പ്രതിസന്ധികളിൽ നിങ്ങൾ പ്രത്യാശ കണ്ടെത്തും. പ്രശ്നങ്ങളെ (problems) നിങ്ങൾ പ്രസ്ഥാന (projects) മാക്കും. നമ്മുടെ ജീവിതത്തിലെ മുൻഗണനകളാണ് നമ്മെ പൂർണ്ണതയിലെത്തിക്കുന്നത്.

2. സ്വയം കണ്ടെത്തുക- **Discover oneself**: തത്വചിന്തകനായ സോക്രട്ടീസ് ഏതൻസിലെ ജനങ്ങളോട് പറഞ്ഞു. Know thyself-സ്വയം അറിയുക. സ്വയം അറിയുന്നതാണ് ഏറ്റവും വലിയ അറിവ്. എന്താണ് എന്റെ കഴിവും കഴിവുകേടുകളും, എന്താണ് എന്റെ അഭിരുചികൾ, എന്താണ്, എവിടെയാണ് ഞാൻ പരാജയപ്പെടുന്നത്, എന്തുകൊണ്ട് പരാജയപ്പെട്ടു എന്ന് നിരന്തരം തന്നോടുതന്നെ ചോദിക്കുകയും സ്വയം വിലയിരുത്തുകയും ചെയ്യുന്നവർ ഒരിക്കലും പരാജയപ്പെടില്ല. Unevaluated life is not worth living. വിലയിരുത്തപ്പെടാത്ത ജീവിതം ഒരിക്കലും ജീവിക്കാൻ കൊള്ളില്ല എന്ന് സോക്രട്ടീസാണ് പറഞ്ഞത്. നമുക്ക് നമ്മളെ അറിയില്ലെങ്കിൽ മറ്റുള്ളവരെ എങ്ങനെ അറിയും? ആരാണീ ഞാൻ എന്ന ചോദ്യത്തിന്റെ ഉത്തരം വ്യക്തമായി കണ്ടെത്തണം.

3. പരാജയം അവസാനമല്ല: Failure is never final. പലരും പരാജയത്തെ ഭയക്കുന്നവരാണ്. പരാജയം സംഭവിക്കുമ്പോൾ നിരാശനാകുന്നതിന് പകരം പരാജയത്തെ പഠിക്കുക. പരാജയത്തിൽ നിന്നു പഠിക്കുക. വിജയത്തിന്റെ മധുരത്തെക്കാൾ പരാജയത്തിന്റെ കയ്പിനാണ് ശക്തി. എന്താണ് പരാജയപ്പെടാനുള്ള കാരണം എന്ന് വിശകലനം ചെയ്യുകയും അതനുസരിച്ച് തങ്ങളുടെ പ്രവർത്തനത്തിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നവർക്ക് പരാജയം ഒരു ശക്തിസ്രോതസ്സാണ്, സ്വത്താണ്. എന്നും നമുക്ക് ശക്തി പകരുന്നത് പരാജയങ്ങളും പാളിച്ചകളുമാണ്. പരാജയങ്ങളിൽ നിന്നു പഠിച്ചിട്ടുള്ളവർ മാത്രമേ ജീവിതത്തിൽ അതുല്യമായ നേട്ടങ്ങൾ കൊയ്തിട്ടുള്ളൂ. അതുകൊണ്ട് വിജയകരമായി, അർത്ഥപൂർണ്ണമായി പരാജയപ്പെടാൻ പഠിക്കണം.

4. ആരെയും അനാവശ്യമായി അനുകരിക്കരുത്: Imitation is limitation. അനുകരണം നമ്മുടെ വ്യക്തിത്വത്തെ വികലമാക്കും. നിങ്ങൾ നിങ്ങളായാൽ മതി. Be yourself എന്നതായിരിക്കണം നമ്മുടെ motto. നിങ്ങൾക്ക് മറ്റൊരാളാകാൻ സാധിക്കില്ല. കാരണം ഓരോരുത്തരും അതുല്യ (unique)രാണ്. അതാണ് ദൈവസൃഷ്ടിയുടെ മഹത്വം. എന്നെ കൊള്ളില്ല, അതുകൊണ്ട് എനിക്ക് മറ്റൊരാളെപ്പോലെയാകണം എന്ന ചിന്തയാണ് നമ്മെ അനുകരിക്കാൻ പ്രേരിപ്പിക്കുന്നത്. വ്യത്യസ്തമായി ചിന്തിക്കാൻ (think differently), വ്യത്യസ്തമായി പ്രവർത്തിക്കാൻ (do differently)നമുക്ക് ധൈര്യം വേണം. ദൈവം തന്നിട്ടുള്ള അഭിരുചികളും താലന്തുകളും കഴിവുകളും നിരന്തരം കണ്ടെത്തി അതിനെ വളർത്തിയെടുക്കാൻ ശ്രമിക്കുമ്പോഴാണ് നാം വ്യത്യസ്തരാകുന്നത്. അക്കരെ പച്ചയാണ് എന്ന്

പറയുന്നവർ ഓർക്കുക ഇക്കരെയും പച്ചയുണ്ട്. അത് കാണണം. അനുകരിക്കുന്നത് നമ്മുടെ വ്യക്തിത്വത്തെ നശിപ്പിക്കലാണ്. അവസാനം ഞാൻ ഞാനല്ലാതായി ത്തീരും.

5. വിമർശനങ്ങൾ നഷ്ടപ്പെടുത്തരുത്: ആര് വിമർശിച്ചാലും അത് തങ്ങളുടെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കുന്നവരാണ് യഥാർത്ഥ മിടുക്കന്മാർ. 'നമ്മെ എറിയുന്ന കല്ലുകളൊന്നും നഷ്ടപ്പെടുത്തരുത്. അത് സൂക്ഷിച്ചുവച്ചാൻ നമുക്ക് നല്ല ബലമുള്ള കെട്ടിടം പണിയാം' എന്ന് മനഃശാസ്ത്രജ്ഞന്മാർ സൂചിപ്പിക്കുന്നു. സാധാരണ വിമർശനങ്ങളേറ്റ് മനഃസാന്നിദ്ധ്യം നഷ്ടപ്പെടുന്നവരുണ്ട്. ആര് വിമർശിച്ചാലും ശാന്തതയോടെ അതേറ്റെടുത്ത് വിമർശനത്തിൽ കഴമ്പുണ്ടോ എന്ന് പരിശോധിച്ച് നമ്മളിൽ മാറ്റങ്ങൾ വരുത്തുക. വിമർശനങ്ങളായിരിക്കണം നമ്മെ മിടുക്കന്മാരാക്കുന്നത്. വിമർശനങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. പിന്നെ അത് വേണ്ടെന്ന് വയ്ക്കാൻ സാധിക്കില്ലല്ലോ.

6. വിവേകമാണ് വിജ്ഞാനത്തെക്കാൾ പ്രധാനം: സാമാന്യബുദ്ധിയുള്ളവർക്ക് ആവശ്യംപോലെ പഠിച്ച് വിജ്ഞാനവും വിവരവും നേടാൻ സാധിക്കും. പക്ഷേ വിവേകം അവർ നേടണമെന്നില്ല. അതുകൊണ്ട് പലരുടെയും പ്രശ്നം വിവരമുണ്ട് പക്ഷേ വിവേകം (wisdom) ഇല്ല എന്നതാണ്. അതുകൊണ്ടല്ലേ വലിയ വിദ്യാഭ്യാസമുള്ളവർ പല കുറ്റങ്ങൾക്കും ജയിൽവാസം അനുഭവിക്കുന്നത്. അവരെ നമ്മൾ educated fools (വിദ്യാഭ്യാസമുള്ള വിഡ്ഢികൾ) എന്ന് വിളിക്കും. അനുഭവത്തിൽ നിന്നും, വ്യക്തികളെയും സംഭവങ്ങളെയും നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്യുന്നതിൽ നിന്നും കൈവരുന്നതാണ് വിവേകം. Love of God is the beginning of wisdom. ദൈവത്തിന്റെ വഴിയിൽ നടക്കുന്നവർക്കേ വിവേകം ലഭിക്കൂ. നന്മയും തിന്മയും തിരിച്ചറിഞ്ഞ് നന്മയിൽ ജീവിക്കുന്നതാണ് വിവേകത്തിന്റെ വഴി.

7. എനിക്ക് സുഖമാകാൻ മനസ്സുണ്ട് എന്ന മനോഭാവം: എനിക്ക് എല്ലാം അറിയാം. ആരും എന്നെ പഠിപ്പിക്കണ്ട എന്ന മനോഭാവം നമ്മെ സമൂഹത്തിൽ ഇളിഭ്യനാക്കും. 'നിനക്ക് സുഖമാകാൻ മനസ്സുണ്ടോ' എന്ന കർത്താവിന്റെ ചോദ്യത്തിൽ വലിയ അർത്ഥതലങ്ങളുണ്ട്. അതായത് നിങ്ങൾക്ക് താഴ്മ അഥവാ humility ഉണ്ടോ. താഴ്മ ഒരു ബലഹീനതയായി തെറ്റിദ്ധരിക്കുന്നവരാണ് ഭൂരിപക്ഷവും. ധീരതയുള്ളവർക്കേ താഴ്മ കാണിക്കാൻ പറ്റൂ. താഴ്മയുള്ളവർ പല കാര്യങ്ങളും മറ്റുള്ളവരിൽനിന്നു പഠിക്കും. അവർ സമർത്ഥന്മാരായി മുന്നേറും. പക്ഷേ താഴ്മയില്ലാത്തവർ ഒന്നും പഠിക്കില്ല, മനസ്സിലാക്കില്ല. കാരണം അവർ എല്ലാം അറിയാമെന്ന് ഭാവിക്കുന്ന അഹങ്കാരികളാണ്. അവർ ഭോഷന്മാരായിത്തീരും. എനിക്ക് പ്രശ്നങ്ങളുണ്ട്. സുഖമാകണം എന്ന തിരിച്ചറിവാണ് താഴ്മ. താഴ്മയുള്ളവരെ മാത്രമേ ദൈവം അനുഗ്രഹിക്കുകയുള്ളൂ. 'താണ നിലത്തേ നീരോടൂ; അവിടേ ദൈവം തുണയരുളൂ' എന്ന് പഴമക്കാർ പറഞ്ഞിട്ടില്ലേ?

8. മനോഭാവം മാറ്റുക, ഉയരുക: Change your attitude, change your altitude വ്യക്തികളോടും സംഭവങ്ങളോടും സാഹചര്യങ്ങളോടുമുള്ള നമ്മുടെ മനോഭാവമാണ് നമ്മെ വിജയിപ്പിക്കുന്നത്. ദിനംതോറും നമ്മുടെ മനോഭാവത്തെ വിലയിരുത്തി മാറ്റങ്ങൾ വരുത്തിയേ പറ്റൂ. കാലഹരണപ്പെട്ട മനോഭാവങ്ങൾ നാം തിരസ്കരിക്കണം. ഒരു positive attitude, (ശുഭപ്രതീക്ഷയുടെ മനോഭാവം) നിങ്ങളെ ധന്യമായ ജീവിതത്തിലേക്ക് നയിക്കും. നമ്മുടെ മനസ്സിലെ പല പ്രശ്നങ്ങളുടെയും കാരണം തെറ്റായ മനോഭാവമാണ്. മനോഭാവത്തെ വിലയിരുത്തി തിരുത്തണം. അതുതന്നെ ഒരു ചികിത്സാരീതിയാണ് attitude therapy. Attitude (മനോഭാവം) മാറുന്തോറും നമ്മുടെ altitude (ഉയരം) മാറിക്കൊണ്ടേയിരിക്കും. യാതൊരു സംശയവുമില്ല.

9. നമുക്ക് ലക്ഷ്യങ്ങളും സ്വപ്നങ്ങളും ദർശനങ്ങളും ഉണ്ടാകണം: ദർശനമില്ലാത്തിടത്ത് ജനം നശിക്കും എന്നല്ലേ എഴുതിയിരിക്കുന്നത്? ലക്ഷ്യങ്ങളെപ്പറ്റിയുള്ള നമ്മുടെ സ്വപ്നങ്ങളും ദർശനങ്ങളും നമ്മുടെ ദൈനംദിന ജീവിതത്തിൽ ഊർജ്ജസ്വലതയുണ്ടാക്കും. ഓരോ ദിവസത്തിനും ലക്ഷ്യങ്ങൾ ഉണ്ടാകണം. അപ്പോൾ നമ്മുടെ ജീവിതത്തിൽ 365 ലക്ഷ്യങ്ങളുള്ള ദിവസങ്ങൾ ഉണ്ടാകും. 9 വയസ്സുകാരനും 90 വയസ്സുകാരനും സ്വപ്നം കാണാം. കാണണം. A dream is not what you see in your sleep, a dream is the thing which does not let you sleep എന്നാണ് എ.പി.ജെ. അബ്ദുൽ കലാം പറഞ്ഞത്. ലക്ഷ്യങ്ങളും സ്വപ്നങ്ങളും നമുക്ക് ഉണർവ് ഉണ്ടാക്കും. ജീവിതത്തെ dynamic ആക്കും. അവർ എപ്പോഴും കർമ്മനിരതരായിരിക്കും.

10. നിങ്ങൾ ചിന്തിക്കുന്നത് നിങ്ങളാകും: ജ്ഞാനിയായ ശലോമോൻ പറഞ്ഞു For as he thinketh in his heart, so is he. അതുകൊണ്ട് നിങ്ങളുടെ ചിന്തകളാണ് നന്നാകേണ്ടത്. എല്ലാറ്റിന്റെയും negative വശം കാണാതെ positive വശം കാണാൻ ശ്രമിച്ചാൽ നിങ്ങളുടെ ചിന്തകളും വാക്കുകളും പോസിറ്റീവായി മാറും. നമ്മുടെ ഉള്ളിലെ നിഷേധാത്മക ചിന്തകൾ നമ്മെ അന്തിമമായി നിഷേധാത്മക (negative) സാഹചര്യങ്ങളിൽ എത്തിച്ചേക്കും. കർത്താവിന്റെ വാക്കുകൾ ലൂക്കോസ് 6:45-ൽ ഇങ്ങനെയാണ്, "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്ന് നല്ലത് പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത്?" അതുകൊണ്ട് സെന്റ് പോൾ ഫിലിപ്പിയർ എഴുതിയ ലേഖനത്തിൽ വളരെ കൃത്യമായി പറയുന്നു- "ഒടുവിൽ സഹോദരന്മാരെ, സത്യമായതൊക്കെയും, ഘനമായതൊക്കെയും, നീതിയായതൊക്കെയും, നിർമ്മലമായതൊക്കെയും, രമ്യമായതൊക്കെയും, സൽകീർത്തിയായതൊക്കെയും., സൽഗുണമോ പുകഴ്ചയോ ആയതൊക്കെയും ചിന്തിച്ചുകൊൾവിൻ". അങ്ങനെ ചിന്തിക്കുമ്പോൾ നിങ്ങൾ ചെയ്യുന്നതെല്ലാം ധന്യമാകും, ക്രിയാത്മകമാകും, അർത്ഥപൂർണ്ണമാകും, വിജയവീഥിയിൽ നിങ്ങൾ ധീരതയോടെ മുന്നേറും.

ചുരുക്കി പറഞ്ഞ ഈ പത്ത് നിർദ്ദേശങ്ങൾ (ഉപദേശങ്ങളല്ല) നമ്മുടെ ജീവിതവുമായി ബന്ധപ്പെടുത്തി വിലയിരുത്തി ജീവിതം അർത്ഥപൂർണ്ണമാക്കാം. അതാണ് വിവേകത്തിന്റെ വഴി.

9895992129

# ഇന്റഗ്രിറ്റിക്ക് മലയാളത്തിൽ എന്താ പറയുക?

ജോർജ് കാടൻകാവിൽ

*(ഡയറക്ടർ, ബേത്‌ലഹേം സെന്റർ ഫോർ റിസേർച്ച് ആന്റ് ഫാമിലി ഡവലപ്മെന്റ്, കൊച്ചി)*

ഭാര്യ വഴക്കിട്ട് പിണങ്ങിപ്പോയി എന്നു പറഞ്ഞാണ് ഒരു ചെറുപ്പക്കാരൻ വിളിച്ചത്. ഇദ്ദേഹത്തിന്റെ പഴയ പ്രേമത്തിലെ നായികയുമായി ഇപ്പോഴും സമ്പർക്കം തുടരുന്നു എന്നറിഞ്ഞിട്ടാണ് ഭാര്യ വഴക്കിട്ടത്.

അത് സത്യമാണോ?

അതെ

ഇതെങ്ങനെയാ ഭാര്യ അറിഞ്ഞത്?

ഏതോ അഭ്യുദയകാംക്ഷി അറിയിച്ചതാണത്രെ.

എന്നിട്ട് ഭാര്യയോട് ഇത് തുറന്നു സമ്മതിച്ചോ?

ഇല്ല, സത്യം പറഞ്ഞാൽ അവൾ വീട് ഇളക്കി മറിച്ച് വേറെ എന്തെല്ലാം പ്രശ്നങ്ങൾ കൂടി ഉണ്ടാക്കും എന്ന് എനിക്ക് ആലോചിക്കാനേ വയ്യ.

ഭാര്യ നിങ്ങളോട് ഇതേക്കുറിച്ചു ചോദിച്ചോ?

ഉവ്വ്.

എന്നിട്ട് നിങ്ങൾ എന്തു പറഞ്ഞു?

ബിസിനസ്സിലെ ശത്രുക്കൾ മനപ്പൂർവം ഉപദ്രവിക്കാൻ പറഞ്ഞുണ്ടാക്കുന്ന ആരോപണങ്ങൾ മാത്രമാണെന്നു പറഞ്ഞ്, എല്ലാം നിഷേധിച്ചു.

ഭാര്യയോട് കള്ളം പറയാറുണ്ടായിരുന്നോ?

സത്യം പറഞ്ഞപ്പോഴൊക്കെ, കുറെ ബഹളം വയ്ക്കും എന്നല്ലാതെ വേറെ പ്രയോജനമില്ല എന്ന് അനുഭവമുള്ളതുകൊണ്ട്, ഒന്നും തുറന്നു പറയാറില്ലായിരുന്നു. എന്തെങ്കിലും സംസാരിച്ചാലും, പറയുന്നത് പലപ്പോഴും കള്ളംതന്നെ ആയിരുന്നു.

നിന്റെ ഭാര്യ എങ്ങനെയാ, കള്ളത്തരം കാണിക്കുന്ന സ്വഭാവക്കാരിയാണോ?

അല്ല സാർ. നല്ല പ്രാർത്ഥനയും ദൈവഭയവുമുള്ള ആളാ... പെട്ടെന്ന് ദേഷ്യം വരികയും ബഹളം വയ്ക്കുകയും ചെയ്യുമെന്നേയുള്ളൂ. ഇപ്പോളെന്റെ ശത്രുക്കളുടെ ചൊൽപ്പടിയിലാണവൾ. ഇനി എങ്ങനെ പെരുമാറുമെന്ന് അറിഞ്ഞുകൂടാ.

മോനേ, നിന്റെ ഭാര്യ വിട്ടു പോയതേ നീ ശ്രദ്ധിച്ചുള്ളൂ. അതിനു മുമ്പേ തന്നെ നിന്റെ ഇന്റഗ്രിറ്റിയാണ് നിന്നെ വിട്ടു പോയിരിക്കുന്നത്. അതോടെ നിന്റെ മൂല്യം നഷ്ടപ്പെട്ടു. അതുകൊണ്ടാണ് ഭാര്യ നിന്നെ വിലമതിക്കാനാവാതെ പിണങ്ങിപ്പോയത്. നിന്റെ ഇന്റഗ്രിറ്റി വീണ്ടെടുക്കാൻ നിനക്കു സാധിക്കുമോ?

അപ്പോളവന്റെ മറുചോദ്യമിതായിരുന്നു, സാർ ഇന്റഗ്രിറ്റിക്ക് മലയാളത്തിൽ എന്താ പറയുന്നത്?

മോനേ, എന്റെ അറിവ് പരിമിതമാണ്, കച്ചവടം പൊട്ടി ജോലി പോയി , സ്ഥാനം പോയി, കടക്കെണിയിൽ പെട്ടു, പേരുദോഷം വന്നു എന്നൊക്കെ പറഞ്ഞ് വിളിക്കുന്നവരോട് കരകയറാനുള്ള മാർഗ്ഗങ്ങൾ സംസാരിക്കുമ്പോൾ, അവരിൽ അവശ്യം ഉണ്ടോ എന്നന്വേഷിക്കുന്ന ഒരു സ്വഭാവഗുണമാണ് ഇന്റഗ്രിറ്റി. ഈ വാക്കിന് പകരം ഉപയോഗിക്കാവുന്ന ഒറ്റവാക്ക് മലയാളത്തിൽ ഉണ്ടോ എന്നെനിക്ക് അറിയില്ല. നമുക്ക് ഗൂഗിളിനോട് ചോദിക്കാം.

സത്യസന്ധത, സമഗ്രത, സത്യനിഷ്ഠ, പൂർണ്ണത്വം, സ്വഭാവദാർഢ്യം, സമ്പൂർണ്ണത, ആർജ്ജവം, ധർമ്മനീതി, അവികലാവസ്ഥ എന്നൊക്കെയാണ് ഗൂഗിൾ പറഞ്ഞുതരുന്നത്. എന്നുവച്ചാൽ സന്ദർഭമനുസരിച്ചാണ് ഓരോ ഗുണവും പ്രകടമാകേണ്ടത്.

ഗൂഗിൾ ഒരു കഥയും കാണിച്ചു തന്നു. ഒരു നാട്ടുരാജാവിന് മക്കളില്ലായിരുന്നു. അതിനാൽ ഒരു ആൺകുട്ടിയെ ദത്തെടുക്കാൻ തീരുമാനിച്ചു. താല്പര്യമുള്ളവർ നിശ്ചിത ദിവസം കൊട്ടാരത്തിലെത്താൻ അദ്ദേഹം വിളംബരം ചെയ്തു. ആയിരത്തോളം കുട്ടികൾ അവിടെ വന്നെത്തി. രാജാവ് ഓരോ കുട്ടിയെയും അരികിൽ വിളിച്ച് ഓരോരുത്തർക്കും ഓരോ വിത്തു വീതം കൊടുത്തു പറഞ്ഞു, നിങ്ങൾ ഇത് ഒരു ചെടിച്ചട്ടിയിൽ നട്ട് ദിവസവും പരിചരിക്കുക. ഒരു വർഷം തികയുന്ന അന്ന്, ഇന്ന് വന്നിരിക്കുന്ന എല്ലാവരും, അവരവരുടെ ചെടിച്ചട്ടിയുമായി ഇവിടെ വീണ്ടും വരണം. നിങ്ങളുടെ ചെടി നോക്കി ആരെ ദത്തെടുക്കണമെന്ന് ഞാൻ അപ്പോൾ തീരുമാനിക്കുന്നതാണ്.

കുട്ടികളെല്ലാം വീട്ടിലെത്തി വിത്തു നട്ടു കുറെ നാൾ കാത്തിരുന്നു. ഒടുവിൽ എല്ലാവരും മടുക്കാറായപ്പോൾ ഓരോ കുട്ടിയുടെയും ചട്ടിയിൽ ചെടിമുളച്ചു വന്നു തുടങ്ങി. അവർ പരസ്പരം ചെടികൾ കാണിച്ച് ഏതാ നല്ല ചെടി എന്ന് വിലയിരുത്താനും വീമ്പടിക്കാനും തുടങ്ങി. അതിലൊരു പയ്യന് ചട്ടിയിൽ വിത്തിട്ട് എത്ര പരിചരിച്ചിട്ടും കാത്തിരുന്നിട്ടും ചെടി മുളയ്ക്കുന്നില്ല. കൂട്ടുകാരെല്ലാം അവനെ കളിയാക്കി. എങ്കിലും രാജാവിന്റെ നിർദ്ദേശം അവൻ നിഷ്ഠയോടെ പാലിച്ചു. ഒടുവിൽ ഒരു വർഷം തികയുന്ന ദിവസമെത്തി. എല്ലാ കുട്ടികളും അവരുടെ ചെടിച്ചട്ടിയുമായി രാജാവിന്റെ സന്നിധിയിലെത്തി. പലതരം പൂക്കളും കായ്കളുമുള്ള പല വലിപ്പവും നിറവുമൊക്കെയുള്ള പലതരം ചെടികളുടെ നല്ലൊരു ചലിക്കുന്ന തോട്ടമായി മാറി ആ രാജസന്നിധി.

രാജാവ് ഇറങ്ങി നടന്ന് എല്ലാ കുട്ടികളുടെയും ചട്ടികൾ പരിശോധിച്ചു. അപ്പോഴതാ ഒരു കുട്ടി മാത്രം ചെടിയില്ലാത്ത ചട്ടിയുമായി നിൽക്കുന്നു. രാജാവ് അവനോടു ചോദിച്ചു, എന്താ നിന്റെ ചട്ടിയിൽ ചെടിയില്ലാത്തത്? ഞാൻ തന്ന വിത്ത്, നീ വേണ്ട പോലെ നട്ടു നനച്ചില്ലായിരുന്നോ?

പയ്യൻ സങ്കടത്തോടെ പറഞ്ഞു, ഞാൻ ചട്ടിയിൽ മണ്ണു നിറച്ച് വിത്ത് ഇട്ടു, പിന്നെ ദിവസവും നനയ്ക്കുകയും കീടങ്ങൾ പെറുക്കി മാറ്റുകയും വെയിൽ കൊള്ളിക്കുകയും ചെയ്തിരുന്നു. പക്ഷേ, വിത്ത് ഇതുവരെ കിളിർത്തു വന്നില്ല.

രാജാവ് ഒന്നും മിണ്ടാതെ, ബാക്കി കുട്ടികളുടെ ചെടികൾ കൂടി പരിശോധിച്ച ശേഷം തിരികെ സിംഹാസനത്തിൽ വന്നിരുന്നു പറഞ്ഞു , രാജാവിന്റെ പുത്രനാകാൻ കിണഞ്ഞു പരിശ്രമിച്ച ധാരാളം കുട്ടികളെ എനിക്കിവിടെ കാണാൻ സാധിച്ചു. പക്ഷേ, ഒരു കുട്ടി മാത്രം ചെടി ഇല്ലാത്ത ചട്ടിയുമായി വന്നിരിക്കുന്നു, അവൻ എന്റെ അടുത്തേക്കു വരിക, എല്ലാവരും കാണട്ടെ.

പയ്യൻ വിറയ്ക്കുന്ന കാലുകളോടെ രാജാവിന്റെ അടുത്തു വന്നു, രാജാവ് അവനെ ചേർത്തു പിടിച്ചുകൊണ്ട് പറഞ്ഞു, ഇപ്പോൾ മുതൽ നീയാണ് എന്റെ മകൻ. വെള്ളത്തിലിട്ട് പുഴുങ്ങി ഉണക്കിയെടുത്ത, നട്ടാൽ കിളിർക്കാത്ത, വിത്തുകളാണ് ഞാൻ എല്ലാവർക്കും നൽകിയത്. എന്നാൽ ഈ കുട്ടിയൊഴികെ മറ്റെല്ലാവരുടെയും വിത്തുകൾ മുളച്ച് എങ്ങനെ ചെടികളായി? ഇവൻ മാത്രം സത്യസന്ധമായി ഞാൻ ആവശ്യപ്പെട്ടതുപോലെ പ്രവർത്തിക്കുകയും, ഒരു വർഷം നിഷ്ഠയോടെ പെരുമാറുകയും അപഹാസ്യനായെങ്കിലും ചെടിയില്ലാത്ത ചട്ടിയുമായി, നിശ്ചിത സമയത്ത് തന്നെ ഇവിടെയെത്തി എന്റെ നിർദ്ദേശം പൂർത്തിയാക്കുകയും ചെയ്തു. ഈ സത്യനിഷ്ഠയാണ് എന്റെ മകനിൽ ഞാൻ പ്രതീക്ഷിച്ച സ്വഭാവഗുണം....

എന്റെ ഒരു മേലധികാരി ഒരിക്കൽ എന്നോടു പറഞ്ഞ വാക്കുകൾ ഞാൻ ഓർമ്മിക്കുന്നു. ജോർജ്, നിനക്ക് എന്റെടുത്ത് സത്യം പറയാതിരിക്കാം, പക്ഷേ, കള്ളം പറയരുത്. പറയുന്നതെല്ലാം സത്യമായിരിക്കണം, സത്യം പറഞ്ഞാൽ മാത്രം പോരാ, സത്യമാണ് പറഞ്ഞത് എന്ന് ബോദ്ധ്യപ്പെടുത്താനും ശ്രദ്ധിക്കണം.

നഷ്ടപ്പെട്ട ഇന്റഗ്രിറ്റി വീണ്ടെടുക്കണമെങ്കിൽ, ഭാര്യയുടെയടുത്ത് സത്യം പറയാനും, അതിന്റെ ഭവിഷ്യത്ത് എന്തായാലും എതിർപ്പില്ലാതെ ഏറ്റെടുക്കാനും, പരാതി കൂടാതെ അനുഭവിക്കാനും തക്ക ഉൾക്കരുത്ത് ഉണ്ടായിരിക്കണം. അതുണ്ടോ നിനക്ക്?

ഇല്ല സാർ, എന്റെ തൊഴിലിന്റെ പ്രത്യേകത മൂലം സത്യം പറയാൻ നിവൃത്തിയില്ല. എന്നു മാത്രമല്ല, ധാരാളം കള്ളം പറയേണ്ടതായും വരും. പഴയ കാമുകിയുമായി എനിക്ക് മാനസികബന്ധം ഒന്നുമില്ല. പക്ഷേ, എന്റെ ഒരു പ്രധാനപ്പെട്ട ക്ളൈന്റിന്റെ വലംകയ്യാണവൾ. അവളെ ഒഴിവാക്കിയാൽ ഞങ്ങൾക്ക് വലിയ നഷ്ടം സംഭവിക്കും. ഇതുവരെ നേടിയതെല്ലാം ചീട്ടുകൊട്ടാരം പോലെ ഇടിഞ്ഞു വീഴും.

മോനേ, തെറ്റു പറ്റിയാൽ അതേക്കുറിച്ച് ആത്മാർത്ഥമായ പശ്ചാത്താപം ഉണ്ടെങ്കിൽ മാത്രമേ, എന്തു നഷ്ടവും സഹിച്ച് പരിഹാരം ചെയ്യാനുള്ള ഉറച്ച തീരുമാനം എടുക്കാൻ കഴിയൂ. അങ്ങനെ സാധിച്ചാൽ , അതിന്റെ ഭവിഷ്യത്ത് എന്തായിരുന്നാലും അതു നേരിടാൻ വേണ്ട ഉൾക്കരുത്ത് തമ്പുരാൻ തരും. പ്രത്യക്ഷത്തിൽ ഉടനടി വലിയ നഷ്ടങ്ങൾ വന്നാലും, ഒടുവിൽ അത് ഗുണകരമാകും.

ആത്മാർത്ഥമായ പശ്ചാത്താപമൊന്നും തോന്നുന്നില്ലെങ്കിൽ അതിന്റെ അർത്ഥം, ഭാര്യ പിണങ്ങിപ്പോയതിന്റെ അസൗകര്യവും നാണക്കേടും ശത്രുഭയവും മാത്രമാണ് നീ പ്രശ്നമായി കാണുന്നത്. അതായത്, പണ്ടേ തന്നെ നിന്റെ ഇന്റഗ്രിറ്റി, വീണ്ടെടുക്കാൻ പറ്റാത്ത വിധം നഷ്ടപ്പെട്ടിരിക്കുന്നു.

ഏതായാലും ഒഴുക്കിനൊപ്പിച്ച് നീയും നീന്തിക്കോളൂ. ഏതെങ്കിലും ഒരു കരയിലെത്തിക്കണേ എന്ന് ഞാനും തമ്പുരാനോടു പ്രാർത്ഥിക്കാം.

പക്ഷേ, തീർത്തും നിരാശപ്പെടരുത്, നിന്റെ ജീവിതത്തിൽ നീ മരിക്കും മുമ്പ് ഒരിക്കൽക്കൂടി, ഒരു വലിയ നന്മ ചെയ്യാൻ നിനക്ക് അവസരം ലഭിക്കും. ആ അവസരം പാഴാക്കരുത്. നിനക്കു നഷ്ടപ്പെട്ട സകല മൂല്യവും വീണ്ടുകിട്ടിയേക്കാവുന്ന ആ അവസരത്തിനായി പ്രതീക്ഷയോടെ കാത്തിരിക്കണം.

### നാട്ടുവർത്തമാനം



കറൻസി നോട്ടിൽ നിന്ന്
ഗാന്ധിജിയുടെ ചിത്രം
മാറ്റില്ലെന്ന് കേന്ദ്രം..

ഗാന്ധിജി
ഇറങ്ങിപ്പോകാതെ
നോക്കിയാൽ മതി

*ജീസ് പി. പോൾ*

## കാഴ്ചയുടെ ആദ്യ ചുവട്

കണ്ണുകൾ തുറന്നു, ചെവികൾ കൂർപ്പിച്ച്, തേടി നടക്കലിന്റെ ഒരിടം... കണ്ടെത്തപ്പെടാത്ത ലോകത്തിനു മുന്നിലുള്ള തിരശ്ശീല ലോകർക്കു മുന്നിൽ ഉയർത്തുന്ന ഒരിടം... പത്രപ്രവർത്തനം- അതിന്റെ ആദ്യ ചുവടുകളിലേക്കാണ് ന്യൂ വിഷൻ സംഘം ഞങ്ങളെ നയിച്ചത്.

2022 ജനുവരി ഏഴാംതീയതി രാവിലെ മാരാമൺ ജൂബിലി ഹോമിലേക്ക് കയറിച്ചെല്ലുമ്പോൾ ആദ്യം മനസ്സിനെ പിടിച്ചിരുത്തിയത് പമ്പയുടെ സൗന്ദര്യവും കാറ്റിൽ തലയാട്ടി പൂത്തുനിൽക്കുന്ന പുൽച്ചെടികളുമാണ്. ശില്പശാല ആരംഭിച്ചത് തോമസ് മാർ തീത്തോസ് തിരുമേനിയുടെ പ്രാർത്ഥനയോടെയും ഉപക്രമ പ്രസംഗത്തോടെയുമാണ്. ശേഷം സന്നിഹിതരായവരെല്ലാം സ്വയം പരിചയപ്പെടുത്തി. പത്രപ്രവർത്തകർ എത്രത്തോളം ശ്രദ്ധാലുക്കളായിരിക്കണം എന്നതിനെപ്പറ്റി ഡോ. മാത്യു കോശി സാർ ആമുഖപ്രസംഗത്തിൽ പറയുകയുണ്ടായി. 'കുമ്പനാട് ഒരു സ്വർണക്കട ഇല്ലാത്തതിന് എന്താവും കാരണം' എന്ന ഒറ്റ ചോദ്യത്തിലൂടെ കൂടിയിരുന്നവരുടെയെല്ലാം അന്വേഷണ കൗതുകം ഉണർന്നു തുടങ്ങി. ന്യൂവിഷൻ പത്രാധിപസമിതിയംഗം ഡോ. സാബു ജോർജ് സാർ ശില്പശാലയ്ക്ക് ആശംസകൾ അറിയിച്ചു.

തുടർന്ന് മലയാള മനോരമ അസിസ്റ്റന്റ് എഡിറ്റർ വർഗീസ് സി. തോമസ് സാർ ഞങ്ങളെ പത്രപ്രവർത്തനത്തിന്റെ കൂടുതൽ കൗതുകങ്ങളിലേക്ക് നയിച്ചു. വാർത്തകൾ തേടിയുള്ള അന്വേഷണത്തിൽ തലച്ചോറിന്റെ വാതിലുകൾ തുറന്നിടണമെന്നും ചരമക്കോളം വരെ ഒരു പത്രപ്രവർത്തകനെ സംബന്ധിച്ച് കണ്ടെത്തലിന്റെ ഇടമാണെന്നും കാഴ്ചയ്ക്കും കേൾവിക്കുമപ്പുറം ആളുകളോടുള്ള ഇടപെടലിൽ വരെ ശ്രദ്ധാലുക്കളാകേണ്ടത് പ്രധാനമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. അദ്ദേഹത്തിന്റെ അനുഭവകഥകൾ, നടന്ന വഴികൾ ഒക്കെ വാഗ് ചിത്രങ്ങളായി മനസ്സിൽ നിറഞ്ഞു. ഒരു നല്ല പത്രപ്രവർത്തകൻ/ പത്രപ്രവർത്തക നന്നായി കഥ പറയാൻ കഴിവുള്ള ആളാകണം എന്നത് മനസ്സിനെ ഏറെ ആകർഷിച്ചു.

പിന്നീട് സംസാരിച്ചത് എന്റെ ഗുരുനാഥൻ കൂടിയായ ലിബുസ് സാർ ആണ്. വാർത്തകൾ കണ്ടെത്തുന്നതിനെക്കുറിച്ച് സാർ കൂടുതൽ സംസാരിച്ചു. വാർത്താശരീരത്തെക്കുറിച്ച് ഡോ.സജിനി ടീച്ചർ വിശദമായി പറഞ്ഞു തന്നു. വായനക്കാരെ വായിച്ചു തുടങ്ങാൻ പ്രേരിപ്പിക്കുന്ന തലക്കെട്ട് മുന്നോട്ടുവയ്ക്കാൻ പ്രേരിപ്പിക്കുന്ന ആമുഖം, പത്രഭാഷ ഇവയെപ്പറ്റിയൊക്കെ നല്ലൊരു അവബോധമുണ്ടാക്കാൻ ഈ ക്ലാസിന് കഴിഞ്ഞു. ചെറിയാൻ സി. ജോൺ സാർ നന്ദി അറിയിച്ചു.

ഉച്ചഭക്ഷണത്തിലേക്കുള്ള വഴിയിൽ കൂടുതൽ പരിചയപ്പെടലുകളുണ്ടായി. എല്ലാവരും ഒരുമിച്ചുള്ള ചിത്രം അഭ്രപാളികളിൽ പകർത്തി ശില്പശാല അവസാനിക്കുമ്പോൾ പത്രപ്രവർത്തനത്തിലേക്കുള്ള ഒരു പൊതു വാതിൽ തുറക്കുകയായിരുന്നു.

**ആര്യ രാമചന്ദ്രൻ**, റാന്നി
ഡിജിറ്റൽ മാക്കറ്റിംഗ് വിദ്യാർത്ഥി

## പറയാനുണ്ടിനിയും...



### ആദരാഞ്ജലികൾ

ന്യൂവിഷൻ മാസികയുടെ ആരംഭകാലം മുതൽ വരിക്കാരനായിരുന്ന ശ്രീ. ഐസക് കെ. കുര്യൻ ജനുവരി 5-ന് 101 വയസ് പൂർത്തീകരിക്കുവാൻ അഞ്ചു ദിവസം ബാക്കിവച്ച് ഈ ലോകത്തോട് യാത്ര പറഞ്ഞു. എൺപതാം വയസ്സിൽ ലാപ്ടോപ് ഉപയോഗിക്കുവാൻ പഠിച്ച ഇദ്ദേഹം എനിക്ക് നിരന്തരം ഇ-മെയിലിൽ കത്തുകളയച്ചിരുന്നു. 1941-ൽ പന്ത്രണ്ട് രൂപാ ശമ്പളത്തിൽ ആർച്ച് ഡീക്കൻ സ്റ്റുവർട്ട് സ്മിത്തിന്റെ ഓഫീസ് സെക്രട്ടറിയായി തിരുവല്ല തോലശ്ശേരിയിൽ ആരംഭിച്ചതാണ് ജീവിതം. 1946-ൽ കണ്ണമ്മൂല സെമിനാരി പ്രിൻസിപ്പലായിരുന്ന റവ. ലെസ്ലി ബ്രൗണിന്റെ സെക്രട്ടറിയായും പിന്നീട് സി.എസ്.ഐ നോർത്ത് കേരള മഹായിടവക ബിഷപ്പ് സ്റ്റുവർട്ട് സ്മിത്തിന്റെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. അന്നു ലഭിച്ചിരുന്ന 120 രൂപ ശമ്പളത്തിന് കുടുംബം പോറ്റുവാൻ സാധിക്കാതെ വന്നപ്പോൾ ബിഷപ്പിന്റെ അനുവാദത്തോടെ മറ്റൊരു കമ്പനിയിൽ ജോലി സ്വീകരിക്കുകയും ആ ജോലി സമയം കഴിഞ്ഞ് അഞ്ചു മണി മുതൽ ബിഷപ്പിനെ സഹായിക്കുകയും ചെയ്തിരുന്നു. മറ്റ് ജോലിയിലേക്ക് ശുപാർശ ചെയ്ത് ബിഷപ്പ് സ്റ്റുവർട്ട് സ്മിത്ത് കൊടുത്ത കത്ത് അദ്ദേഹത്തിന്റെ സ്വഭാവത്തിന് ലഭിച്ച മികച്ച സർട്ടിഫിക്കേറ്റാണ്.

*"Mr. Isaac K. Kurien has been known to me for 12 years and has been working in my office for 10 years, except for two periods during my furlough when he worked with those who were doing my work. He is an excellent stenographer, a neat and accurate typist and a reliable accountant. He has had to handle many large and small sums of money and his integrity is beyond question. I have always found it possible to let him deal with matters of a most confidential nature, knowing that they would be kept confidential. He is quick, willing and pleasant to work with. The best tribute to him is to say that I do not want him to leave me. But if he feels he must improve his prospects, I ought not to stand in his way. I know of no one whom I can so cordially recommend."*

1947-ൽ സി.എസ്.ഐ സഭ ജന്മം കൊള്ളുന്ന ശുശ്രൂഷയിൽ പങ്കെടുക്കുവാൻ സ്വന്തം ചെലവിൽ മദ്രാസ് സെന്റ് ജോർജ് കത്തീഡ്രലിൽ പോയ വ്യക്തിയാണ് ശ്രീ. ഐസക്ക് കെ. കുര്യൻ. അദ്ദേഹത്തിന്റെ വാക്കുകളിൽ: Bishop C.K. Jacob of Kottayam was the chief celebrant of the Inauguration Service at which a number of Bishops were consecrated. All Bishops in Church of South India were to use White Cassocks, Saffron Stoles and Hand Bands and Wooden Crosses. They were to be known as 'Bishop in...' and not 'Bishop of...' i.e. 'Constitutional Bishops' and not 'Territorial Bishops'. While letters to Anglican Bishops used to be addressed 'May It Please Your Lordship' C.S.I. Bishops were to be addressed 'Rt. Rev. & Dear Sir'.

ന്യൂവിഷൻ മാസികയുടെ സാമ്പത്തിക സമാഹരണ യജ്ഞത്തിൽ എല്ലാ വർഷവും സജീവമായി പങ്കെടുക്കാറുള്ള ഒരു ആയുഷ്ക്കാല വരിക്കാരനായിരുന്നു ശ്രീ. ഐസക്ക് കെ. കുര്യൻ. സി.എസ്.ഐ സഭയിലെ പട്ടക്കാരനായിരുന്ന റവ.ഡോ. കെ.കെ.ചെറിയാൻ, കോട്ടയം നൈനാൻസ് കോളജ് ഉടമയായിരുന്ന കെ. നൈനാൻ എന്നിവരുടെ മൂത്ത സഹോദരനാണ് പരേതൻ. ഇ-മെയിലിൽ കത്തയയ്ക്കുമ്പോൾ എന്നെ നേരിട്ടു കാണുവാൻ താല്പര്യം പ്രകടിപ്പിക്കുക പതിവായിരുന്നു. കഴിഞ്ഞ വർഷം ജൂണിൽ അദ്ദേഹത്തെ കാണുവാൻ എറണാകുളത്ത് ചെന്നു. ആ കൂടിക്കാഴ്ച അദ്ദേഹത്തിന് വലിയ സന്തോഷം പകർന്നു. തന്റെ ജീവിതകഥ ടൈപ്പ് ചെയ്തു തീർന്നുവെന്ന് പറയുകയുണ്ടായി. ഒരു കോപ്പി തരാമോയെന്ന് ചോദിച്ചപ്പോൾ, എന്റെ മക്കളുടെയും കൊച്ചുമക്കളുടെയും അറിവിലേക്ക് ഞാനെഴുതിയതാണെന്നും അതിൽ വ്യക്തിപരമായ ഒരുപാട് കാര്യങ്ങളുണ്ടെന്നും പറഞ്ഞു. ഞാൻ തിരികെ വീട്ടിൽ വന്നിട്ട് ഒരു മെയിൽ കൂടി അയച്ചപ്പോൾ ജീവചരിത്രത്തിന്റെ പി.ഡി.എഫ് അയച്ചു തരികയുണ്ടായി. അത് തുടങ്ങുന്നത് തന്നെ എന്റെ ജീവിതം ദക്ഷിണേന്ത്യാ സഭയുമായി ബന്ധപ്പെട്ടതാണെന്നു പറഞ്ഞുകൊണ്ടാണ്. ആ ബുക്കിലെ പല കാര്യങ്ങളും ചരിത്രരേഖകളിൽ കാണുമോയെന്ന് സംശയമുള്ളതിനാൽ ഭാവി ചരിത്രകാരന്മാർക്കായി സി.എസ്.ഐ സഭയുമായി ബന്ധപ്പെട്ട ഭാഗങ്ങൾ മാത്രം ന്യൂവിഷൻ മാസികയിൽ പ്രസിദ്ധീകരിക്കുകയാണ്. ഐസക്ക് കുര്യന്റെ ധന്യമായ ജീവിതത്തിനു മുമ്പിൽ ന്യൂവിഷൻ മാസികയുടെ ആദരാഞ്ജലി.



പറയാനുണ്ടിനിയും...

# ഒരു ശിഷ്യൻ ഉയരങ്ങളിലെത്തിയ കഥ

2023 നല്ല തുടക്കമായിരുന്നു.

ഒരു ഫോൺ കോളോടെയാണ് തുടക്കം.

"സർ, എന്നെ ഓർക്കുന്നുണ്ടോ?"

"ഇല്ല..."

"ശബ്ദം കേട്ടിട്ട് മനസ്സിലാകുന്നുണ്ടോ?"

"ഇല്ല."

"ഒരു ക്ലൂ തരാം, സാറിന്റെ ഒരു പ്രിയ വിദ്യാർത്ഥിയായിരുന്നു."

"പിടികിട്ടുന്നില്ല."

"സർ എന്റെ ഹോസ്റ്റൽ വാർഡനായിരുന്നു."

"എവിടെനിന്നാണ് വിളിക്കുന്നത്?"

"ആസ്ട്രേലിയായിൽനിന്ന്."

"അലക്സ് മാണി?"

"അതേ സർ... അലക്സ്."

വർഷങ്ങൾക്കു മുമ്പ് കോട്ടയത്ത് വച്ച് അലക്സിന്റെ പിതാവിനെ കാണുകയുണ്ടായി. ആസ്ട്രേലിയയിലാണ് മകനെന്ന് പറഞ്ഞത് എന്റെ ഓർമ്മയിലുണ്ടായിരുന്നു.

"നാല്പത് വർഷങ്ങൾക്ക് മുമ്പുള്ള ബന്ധമല്ലേ? ഓർത്തെടുക്കുവാൻ അല്പം താമസിച്ചു പോയി."

എന്റെ മനസ്സ് നാല്പത് വർഷങ്ങൾക്ക് പിന്നിലേക്ക് പെട്ടെന്ന് യാത്ര പോയി.

കോട്ടയത്തു നിന്ന് ഒരു ബാങ്ക് മാനേജർ മാവേലിക്കര ബിഷപ്പ് മൂർ കോളജിൽ പ്രി-ഡിഗ്രിക്ക് ചേർക്കുവാൻ തന്റെ മകനെ കൊണ്ടുവരുന്നു. ഡോക്ടറാക്കുവാൻ സയൻസ് ഗ്രൂപ്പ് തന്നെയാണ് എടുത്തിരിക്കുന്നത്.

"സർ ഇവനെ ഒന്ന് ശ്രദ്ധിക്കണേ..."

അലക്സ് ബിഷപ്പ് മൂർ കോളജ് ഹോസ്റ്റലിലെ അംഗമായി. അലക്സിന്റെ ക്ലാസ്സിൽ കെമിസ്ട്രി അദ്ധ്യാപകൻ യാദൃച്ഛികമായി ഞാനുമായി. അലക്സിനോട് പ്രത്യേക മമത തോന്നിയതുകൊണ്ട് എന്നും കക്ഷിയോട് ഒരു ചോദ്യം ചോദിക്കും. ചോദ്യമുണ്ടെന്ന് അറിയാവുന്നതുകൊണ്ട് ഒരുവിധം പഠിച്ചുകൊണ്ട് തന്നെയാണ് വരുന്നത്. ചിലപ്പോൾ എഴുന്നേറ്റ് കണ്ണുതള്ളി നില്ക്കുന്നതും കാണാം. അപ്പോൾ പത്തു പ്രാവശ്യം എംപോസിഷൻ കൊടുക്കും. മിക്കവാറും എംപോസിഷൻ കിട്ടുന്ന ഒരാളായി മാറി. ഹോസ്റ്റലിലെ വിദ്യാർത്ഥികളെല്ലാം സാമ്പത്തികമായി മികച്ച നിലവാരത്തിലുള്ള വീട്ടിൽനിന്നു വരുന്നവർ. പത്താം ക്ലാസ്സ് വരെ നിയന്ത്രണങ്ങളിൽ കഴിഞ്ഞ വിദ്യാർത്ഥികൾക്ക് കോളജിൽ ലഭിച്ച സ്വാതന്ത്ര്യം പലർക്കും പുതിയ വാതാനങ്ങൾ തുറന്നു. ഡിഗ്രിക്ക് പഠിക്കുന്ന സീനിയേഴ്സ് പ്രി-ഡിഗ്രി കുട്ടികൾക്ക് നൽകിയ ഉപദേശങ്ങൾ അവരെ വഴി തെറ്റിക്കുവാൻ ഇടയാക്കി.

ഒരു ദിവസം ഹോസ്റ്റൽ ബോയി എന്നോട് പറഞ്ഞു: "സർ, അലക്സ് അടുക്കളയുടെ പുറകിൽ ഇരുന്നു ഛർദ്ദിക്കുന്നു. മദ്യമടിച്ചിട്ടാണ്."

ഞാനും ഞെട്ടിപ്പോയി.

പിറ്റേദിവസം അലക്സിനെ വിളിപ്പിച്ചു.

വലിയ കള്ളത്തരം അറിയുവാൻ പാടില്ലാതിരുന്നതുകൊണ്ട്, എന്റെ ചോദ്യംചെയ്യലിൽ അലക്സ് സത്യം തുറന്നു പറഞ്ഞു. ഉച്ചകഴിഞ്ഞ് ക്ലാസ്സ് കട്ട് ചെയ്ത് സീനിയേഴ്സിനോടൊപ്പം ചങ്ങനാശ്ശേരിയിൽ പോയി മദ്യപിച്ചു. സംസാരത്തിനൊടുവിൽ അലക്സ് ഇനിയും മദ്യപിക്കയില്ലെന്ന് സമ്മതിച്ചു. വീട്ടിലറിയിക്കരുതെന്ന് അലക്സ് അപേക്ഷിച്ചു. ഇനിയും ഇതാവർത്തിക്കില്ലെന്ന കണ്ടീഷനിൽ അല്കസിന്റെ അപേക്ഷ അംഗീകരിച്ചു.

എന്തു സംഭവിച്ചുവെന്നറിയില്ല. രണ്ടു ദിവസം കഴിഞ്ഞപ്പോൾ അലക്സിന്റെ പിതാവ്, ബാങ്ക് മാനേജർ ഹോസ്റ്റലിൽ. എന്റെ ഓഫീസ് മുറിയിലെത്തി മുന്നിലിട്ടിരുന്ന കസേരയിലിരുന്ന് സംഭാഷണമാരംഭിച്ചു. മകനെക്കുറിച്ച് തിരക്കണമെന്ന് തോന്നി. അതുകൊണ്ട് രാവിലെ ഒൻപതു മണിയായപ്പോൾ ഹോസ്റ്റലിൽ എത്തിയിരിക്കയാണ്.

അലക്സിനെ വിളിപ്പിച്ചു. അലക്സ് വന്ന് പിതാവിരുന്ന കസേരയുടെ പുറകിൽ നിന്നു. പിതാവ് എന്റെ മുഖത്തേക്ക് നോക്കിയിരിക്കുകയായതിനാൽ അലക്സിനെ കാണുന്നില്ല. അലക്സ് എന്നെ നോക്കി കൈ കൂപ്പുകയാണ്. പിന്നീട് രണ്ടു കയ്യും മലർത്തിക്കാണിക്കുന്നു. അലക്സ് വിറയ്ക്കുകയാണ്.

കഴിഞ്ഞ ദിവസം നടന്ന കാര്യങ്ങൾ അപ്പൻ അറിഞ്ഞാൽ ഒന്നുകിൽ അപ്പന് ഹാർട്ട് അറ്റാക്കുണ്ടാകും. അല്ലെങ്കിൽ മകനെയും വിളിച്ചുകൊണ്ട് വീട്ടിലേക്ക് പോകും.

കാര്യങ്ങൾ മുഴുവനും തുറന്നു പറയേണ്ട, അലക്സിനെ പേടിപ്പിച്ച് നിർത്തിയാൽ മതിയെന്ന് ഞാനും കരുതി.

പിതാവ് പറഞ്ഞു: "സർ, അവനെ നോക്കിക്കോണം."

അങ്ങനെ അദ്ദേഹം അലക്സിനെ എന്നെ ഏല്പിച്ചിട്ട് പോയി.

നിഷ്കളങ്കനായ പയ്യനെന്ന ധാരണയിൽ അവനോട് എന്റെ സ്നേഹം കൂടി.

പഠിപ്പിക്കുന്ന കാര്യങ്ങൾ ഭംഗിയായി പഠിക്കുന്നുണ്ടോയെന്നറിയാൻ ചോദ്യങ്ങൾ ചോദിക്കുന്നത് കൂടി. എംപോസിഷനും കൂടി. അലക്സ് എന്റെ പ്രത്യേക ശ്രദ്ധയുള്ള കുട്ടിയായി മാറിയെന്ന് സാരം.

അതിനിടയ്ക്ക് എനിക്ക് സാരമായ ഒരപകടമുണ്ടായി. അത്യാസന്ന നിലയിൽ കോട്ടയം മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. മരിച്ചു പോകുമെന്ന് എല്ലാവരും വിധിയെഴുതിയ സമയമായിരുന്നു. മാവേലിക്കര നിന്ന് വിദ്യാർത്ഥികളും സഹപ്രവർത്തകരും എന്നെ കാണുവാൻ വന്നുകൊണ്ടിരിക്കുന്നു. ഞാനാണെങ്കിൽ മൂന്നു ദിവസമായി അബോധാവസ്ഥയിലാണ്. തലയ്ക്കകത്ത് മുറിവുണ്ടെന്ന് കരുതി സെഡേഷൻ തന്നിട്ടിരിക്കുകയാണ്. മൂന്നാമത്തെ ദിവസം ബോധം തെളിഞ്ഞ് വരുമ്പോൾ എന്റെ മുമ്പിൽ ഒരുപറ്റം വിദ്യാർത്ഥികൾ.

അലക്സാണ് എന്റെ ശ്രദ്ധയിൽ പെട്ടത്. പെട്ടെന്ന് ഞാൻ ചോദിച്ചു:

"അലക്സ് എംപോസിഷൻ എഴുതിയോ? ക്ലാസ്സ് കട്ട് ചെയ്തിട്ട് ഇവിടെ എന്തിനാ വന്നത്?"

എല്ലാവരും കണ്ണിൽ കണ്ണിൽ നോക്കുകയാണ്. അബോധാവസ്ഥയിലാണെന്നും ഞാൻ എവിടെയാണ്, എന്തിനാണ് ഇവിടെ കിടക്കുന്നതെന്നും അറിയില്ല എന്നും എല്ലാവർക്കും മനസ്സിലായി.

അപകടം ഉണ്ടായതിന് ശേഷം ബോധം തെളിഞ്ഞപ്പോൾ ആദ്യത്തെ സംഭാഷണം അലക്സിനോടായിരുന്നു.

അപകടത്തിൽനിന്ന് രക്ഷപെട്ട് തിരികെ കോളജിൽ ചെന്നപ്പോൾ ഈ സംഭവം പറഞ്ഞ് വിദ്യാർത്ഥികൾ ചിരിക്കുമായിരുന്നു.

ഹോസ്റ്റൽ വിദ്യാർത്ഥികൾ ഉഴപ്പുന്നുവെന്ന് വ്യക്തമായി ബോദ്ധ്യമായതിനെത്തുടർന്ന് കൂടുതൽ ശക്തമായ നടപടികളെടുക്കണമെന്ന് പ്രിൻസപ്പിലച്ചൻ പറഞ്ഞതനുസരിച്ച് കർക്കശമായ നടപടികളിലേക്കു നീങ്ങി. എല്ലാവരും 6.30-ന് പഠിക്കുവാൻ മുറിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ 10 മണി വരെ മുറി അടയ്ക്കുവാൻ പാടില്ലെന്ന് പ്രത്യേകം നിർദ്ദേശം നൽകി. മുറിയുടെ മുന്നിലെ വരാന്തയിൽക്കൂടി മൂന്നു നാലു തവണ നടക്കും. എന്ത് നല്ല പിള്ളേർ! എല്ലാവരും വളരെ ശ്രദ്ധയോടെയാണ് പഠിക്കുന്നത്.

എനിക്ക് വലിയ അഭിമാനം തോന്നി. സ്റ്റഡി ടൈമിൽ എല്ലാവരും ശ്രദ്ധയോടെ പഠിക്കുന്നു.

ഒരു ദിവസം വരാന്തയിൽക്കൂടി നടക്കവേയാണ് ഒരു ചെറിയ കണ്ണാടി തുറന്നിട്ടിരിക്കുന്ന ജനലിന്റെ സൈഡിൽ കണ്ടത്. എനിക്കാദ്യം അതിന്റെ ഗുട്ടൻസ് പിടികിട്ടിയില്ല.

മിറർ വച്ചിരിക്കുന്ന മുറിയുടെ അടുത്തെത്തിയപ്പോൾ മേശയുടെ ഡ്രോ അടക്കുന്ന ശബ്ദം ഞാൻ കേട്ടു. ഞാൻ മുറിക്കുള്ളിലേക്ക് ചെന്നപ്പോൾ മേശപ്പുറത്ത് ഞാൻ തലേദിവസം പഠിപ്പിച്ച കെമിസ്ട്രി ഭാഗങ്ങളുടെ പേജുള്ള പുസ്തകമാണ് തുറന്നിരിക്കുന്നത്. മേശയുടെ ഡ്രോ തുറക്കുവാൻ ശ്രമിച്ചപ്പോൾ തുറക്കുവാൻ സമ്മതിക്കുന്നില്ല. ബലമായി തുറന്നപ്പോൾ സ്ത്രീകളുടെ നഗ്നചിത്രങ്ങളുള്ള പുസ്തകം. സ്റ്റഡി ടൈമിൽ വായിക്കുന്നത് മേശയ്ക്കകത്തിരിക്കുന്ന ഈ പുസ്തകങ്ങൾ. വാർഡനെ കാണിക്കുവാൻ മേശപ്പുറത്ത് പാഠപുസ്തകങ്ങളും!

പത്തുമണിയാകുമ്പോൾ കുട്ടികൾ കതകുകൾ അടയ്ക്കും . പല മുറികളിലും രാത്രി പന്ത്രണ്ട് മണിവരെ ലൈറ്റുകളുണ്ടായിരുന്നതിനാൽ പഠിക്കുകയാണെന്നാണ് ഞാൻ കരുതിയത്. ഒരു ദിവസം ലൈറ്റുള്ള ഒരു മുറിയിൽ തട്ടി നോക്കി. ആരും വാതിൽ തുറക്കുന്നില്ല. മൂന്ന് നാലു മുറിയിൽ തട്ടി നോക്കി. ആരും തുറക്കുന്നില്ല. ഏതോ ചെറിയ ശബ്ദം കേട്ട മുറിയിൽ തട്ടി. പത്ത് മിനിട്ട് കഴിഞ്ഞ് കതക് തുറന്നു. മുറിയിലെ അന്തേവാസി പഠിക്കുകയാണ്. വേറെ ആരും മുറിയിലില്ല. അദ്ദേഹം മുറിയടച്ചു. എനിക്ക് പിന്നെയും സംശയങ്ങൾ ബാക്കി. വീണ്ടും ആ മുറിയിൽ തന്നെ മുട്ടി. പത്തു മിനിട്ട് കഴിഞ്ഞാണ് തുറക്കുന്നത്. ഉണർന്നിരുന്നു പഠിക്കുന്ന വിദ്യാർത്ഥി മുറിതുറക്കുവാൻ പത്തു മിനിട്ട് താമസിക്കുന്നു. ഈ സമയ ദൈർഘ്യം എന്നെ ചിന്തിപ്പിച്ചു. ഞാൻ കട്ടിലിനടിയിൽ നോക്കിയപ്പോൾ ബാക്കി മുറിയിലെ താമസക്കാരെല്ലാം കട്ടിലിനടിയിൽ. രാത്രി പത്തു മണിയാകുമ്പോൾ മുറിക്കകത്തു നിന്നു കുറ്റിയിട്ടിട്ട് വെന്റിലേറ്റർ വഴി പുറത്തിറങ്ങി മറ്റൊരുത്തന്റെ മുറിയിൽ വെന്റിലേറ്റർ വഴി ഇറങ്ങും . വെന്റിലേറ്റർ വലിയതാണ്. ഒരാൾക്ക് കയറിയിറങ്ങുവാൻ പറ്റും. ഉടനെ തന്നെ വെന്റിലേറ്റർ അടപ്പിച്ചു.

ഒരു ദിവസം ഹോസ്റ്റൽ ബോയി എന്റയടുക്കൽ വന്ന് പറഞ്ഞു: "സർ, രണ്ടു ചരുവം ചോറ് വിദ്യാർത്ഥികൾ മറിച്ചിട്ടു."

ഞാൻ ചെന്നപ്പോൾ കണ്ടത് രണ്ടു ചരുവം ചോറു മേശപ്പുറത്ത് കിടക്കുന്നു. എന്താ കാര്യമെന്ന് തിരക്കിയപ്പോൾ വിദ്യാർത്ഥികൾ പറഞ്ഞു: "സർ ചോറിൽ തലമുടി." പക്ഷേ, തലമുടി കണ്ടെത്തുവാൻ സാധിച്ചില്ല. ആരോ ചോറിൽ തലമുടിയെന്ന് പറഞ്ഞയുടനെ ചോറ് മറിച്ചിട്ടു കഴിഞ്ഞു. മേശപ്പുറത്ത് ചോറ് കിടക്കുന്നത് കണ്ടപ്പോൾ എനിക്ക് സങ്കടവും ദേഷ്യവുമെല്ലാം വന്നു. ചോറിന്റെ വിലയറിയാത്ത കുട്ടികൾ. മറിച്ചിട്ടവരുടെ കൂട്ടത്തിൽ അലക്സിനെ കണ്ടപ്പോൾ എന്റെ സങ്കടം വർദ്ധിച്ചു.

എല്ലാ ദിവസം പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും എന്റെ കൂടെ കൂടുന്ന വിദ്യാർത്ഥികൾ. ആരാധനയ്ക്ക് ശേഷം പലരും എടുക്കുന്ന ഗുണപാഠക്ലാസ്സുകൾ ശ്രദ്ധയോടെ കേൾക്കുന്ന വിദ്യാർത്ഥികൾ. വ്യക്തിപരമായും എല്ലാവരും നല്ല കുട്ടികൾ! നല്ല പെരുമാറ്റവും. കൂട്ടം കൂടുമ്പോൾ അവർ ആരാണെന്നറിയുന്നില്ല. ഈ വിദ്യാർത്ഥിക്കൂട്ടത്തിൽ എന്റെ പ്രിയ വിദ്യാർത്ഥിയായിരുന്ന അലക്സും ഉൾപ്പെട്ടിരുന്നു. ആ വർഷം പൂർത്തികരിക്കുന്നതിനു മുമ്പ് തന്നെ സ്വകാര്യ ആവശ്യങ്ങൾ കാരണം വാർഡൻ സ്ഥാനം എനിക്ക് ഉപേക്ഷിക്കേണ്ടി വന്നു.

ഇനിയും ആദ്യ കഥയിലേക്ക് വരാം. അലക്സുമായുള്ള ടെലഫോൺ സംഭാഷണം തുടരുകയാണ്.

"സർ, ബിഷപ്പ് മൂറിലെ ഹോസ്റ്റൽ ജീവിതം എനിക്ക് ഗുണപരമായിരുന്നില്ല. കോളജിൽ ചെന്നിട്ട് ആദ്യ പിരിയഡിന് ശേഷം ഞങ്ങൾ തിരികെ ഹോസ്റ്റലിൽ വന്ന് ചീട്ടു കളിയാരംഭിക്കും. അങ്ങനെ ഞാൻ പ്രി-ഡിഗ്രിക്ക് തോറ്റു സർ. പ്രിൻസിപ്പലായിരുന്ന കെ.സി. മാത്യു അച്ചൻ എനിക്ക് നല്ല സ്വഭാവസർട്ടിഫിക്കേറ്റ് തന്നില്ല. ആ വർഷം സാറ്റിസ്ഫാക്ടറി (ടമശേളെമരീൃ) എന്ന് സ്വഭാവസർട്ടിഫിക്കേറ്റിൽ എഴുതിയ രണ്ടു പേരിൽ ഒരാളായിരുന്നു ഞാൻ. ഒരു കോളജിലും അഡ്മിഷൻ കിട്ടില്ലെന്ന് ഉറപ്പായതിനാൽ പിന്നീട് പ്രൈവറ്റായി ബി.കോമും എം.കോമും പാസ്സായി. അക്കാലത്ത് തിരുവനന്തപുരത്ത് ഒരു പ്രാർത്ഥനാക്കൂട്ടത്തിൽ ഞാൻ പോയി. അതെന്റെ ജീവിതത്തിൽ മാറ്റം വരുത്തി. യേശുകർത്താവ് എന്റെ ജീവിതത്തെ പിടിച്ചുകുലുക്കി . ഞാനെന്റെ ജീവിതത്തിലെ ചീത്ത സ്വഭാവങ്ങളെല്ലാം ഉപേക്ഷിച്ചു. എനിക്ക് സിംഗപ്പൂരിൽ പോകുവാനും അവിടെ ഒരു ബിസ്സിനസ്സ് തുടങ്ങുവാനും ഇടയായി. ഞാൻ സ്വന്തമായി തുടങ്ങിയ ബിസ്സിനസ്സ് തകർന്ന് പൊളിഞ്ഞു പോയി. മൂക്കറ്റം കടത്തിലെന്ന് പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയായി. ദൈവം എന്നെ കൈവിട്ടില്ല."

"...ഞാൻ പിന്നെയും പഠിച്ചു. ഇന്നിപ്പോൾ ഞാൻ ആസ്ട്രേലിയായിൽ മികച്ച ജോലിയിലാണ് സർ... ഇവിടെ ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ പരിശീലിപ്പിക്കുന്ന ജോലിയാണ്. യേശുവുമായുള്ള എന്റെ എൻകൗണ്ടർ എന്റെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് ലോകമെങ്ങും മീറ്റിംഗുകളിൽ സാക്ഷിക്കുന്നുണ്ട്."

"അലക്സ് ഈ പറഞ്ഞതൊക്കെയൊന്ന് എഴുതി തരാമോ? എന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കുന്ന ന്യൂവിഷൻ മാസികയിൽ പ്രസിദ്ധീകരിക്കുവാനാണ്."

"ഞാനെഴുതുന്നതിൽ അത്ര മിടുക്കനല്ല സർ. സാക്ഷ്യം പറയുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. സാറിനെ നേരത്തെ ബന്ധപ്പെടണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നതാണ്. ഇപ്പോഴാണ് എനിക്ക് ഫോൺ നമ്പർ കിട്ടിയത്. സാറിനോട് സംസാരിക്കുവാൻ സാധിച്ചത് അനുഗ്രഹമായി കാണുന്നു. സർ... ഇനിയും ഞാൻ വിളിക്കും."

ഓരോ അദ്ധ്യാപകനും താൻ പഠിപ്പിച്ച വിദ്യാർത്ഥികൾ ഉന്നത നിലയിലായെന്ന് കേൾക്കുന്നത് സന്തോഷമുള്ള കാര്യമാണ്. അത് വിളിച്ചു പറയുമ്പോൾ, അദ്ധ്യാപകർക്കുണ്ടാകുന്ന സന്തോഷം വളരെ കൂടുതലും. പുതുവർഷം അങ്ങനെ എനിക്ക് സന്തോഷത്തോടെയുള്ള ഒരു തുടക്കമായിരുന്നു.

**ഡോ. മാത്യു കോശി പുന്നയ്ക്കാട്**

# My link with the Church of South India

(Excerpts from the book, Memoirs by Mr. Isaac Kurien, a staunch supporter of *The New Vision Magazine*, who died on 5th January 2023 at the age of 101.)

My life has been closely linked with the Church of South India. I belong to Mulleppellil family, Kaviyoor. After completing High School, M.I. Kurien (my father) became a church Worker. He worked in Ceylon (Colombo) and Cochin under the Jews Mission. Appachen later started working as a catechist in the Diocese of Travancore-Cochin and worked at different locations of the Diocese. He married Kunjamma, the eldest daughter of Ambat A.N. Ninan. I am their eldest son and was born on 12th January, 1922.

There were two Archdeacons in the Diocese of Travancore-Cochin at that time:

1.Archdeacon T.K. Benjamin was Diocesan Treasurer and was in charge of Ordained Ministers. He lived in Kottayam.

2.Archdeacon T.G. Stuart Smith was C.M.S. Missionary and C.M.S. Representative. He was in charge of the un-ordained Church Workers (Catechists). He lived in the Mission Bungalow close to our Tholasserry Church. Once when he visited Kaviyoor Church after Ammachy's demise he enquired about M.I. Kurien's children and Valyappachen arranged for us to meet him. After completing my Commercial studies, I occasionally met Archdeacon Stuart Smith in my effort to get a job. The Archdeacon appointed me in his Office. Mission Primary School teachers' salaries in those days were Rs.8/-, church Workers Rs.20/- and Pastors Rs.30/-. Salaries of staff in the Diocesan Office were also very low. I was given a starting salary of Rs.12/-. Applicants for jobs were asked about previous experience and realizing that after getting some experience, I could try for a better job, I decided to work there. I was given the office cycle for my daily trips to the Office and back to Chengannur (about four miles).

The Archdeacon used to visit congregations on Sundays and I was asked to interpret his sermons in small churches where the church Worker was unable to do this. Although World War II was over, a number of our church members were still on War Service. **When he visited any church he would ask the Pastor or church Worker if any of his members were on War Service. If so, he used to meet their parents and get their sons' addresses. On return to the Office he would write to the persons and tell them that he visited their parents and asked them if they were regular in their Bible reading and prayers and were able to attend Sunday Worship, etc.** Usually, such letters would be answered immediately. My salary was subsequently increased to Rs.30/-.

In 1943 the work of the C.M.S, Representative which was being handled by the Diocesan Office and which was given to me was:-

1.Ensure that the grants given by the Church Missionary Society to the Diocese were being used correctly.

2.Submit chalans (quarterly bills) for withdrawal of the payment of the grant to Munroe Island.

Munroe Island was formed by Kallada River dividing into two branches and after flowing separately for some distance, becoming one river again. The island, thus formed between the two branches of the river, was occupied by poor Christians treated as slaves. When Col. Munroe became Dewan of Travancore State, he liberated the inhabitants of the Island. He prevailed on the Government to give the Island to the Anglican Church with authority to collect the land taxes and use the money for Christian education. It proved impossible for the church to collect the taxes. Late P. Cherian, Judge of the Travancore High Court, prevailed on the Government to transfer the Island back to Government and make an annual grant of Rs.5000/- (Rupees five thousand only ) for Christian Education. The C.M.S. Representative was the authority to withdraw this amount in quarterly instalments. This work and the work of ensuring that the funds given to the Diocese by the Church Missionary Society were used correctly was the work I was doing in the offices of the C.M.S. Representatives. Archdeacon Stuart Smith decided to leave the Diocese early in 1946, indicating that he would not return. Rev. Leslie Brown, Principal, Kerala United Theological Seminary, Kannanmoola, Trivandrum, was appointed as C.M.S. Representative. I was asked to report to him. I went to Kannanmoola in June, 1946. Brown Achen had reserved for us one of the quarters for married Theological students. The Principal's house was a large thatched house on top of the Kannanmoola Hill, and the quarters for married students were on one side of this house. Seminary Chapel was near the Principal's house on the other side. Classrooms and a Hostel for unmarried students were on the other side below, and there was an entrance from the Main Road. Quarters for married students had basic furniture like cots, tables and chairs; all we had to provide were only kitchen utensils and a kerosene stove.

Brown Achen was teaching Greek to the Theological students. With his permission, I used to attend his Greek classes. Negotiations for the Union of Anglican, Presbyterian, Congregational and Methodist churches which were initiated by Bishop Azariah and friends around 1910 and were proceeding for nearly thirty years had reached a final stage. The Anglican Pastorates of Munnar, Alwaye, Ernakulam, Trichur and Wayanad and the Basel Mission Pastorates in Malabar were to become one Diocese of North Kerala, Basel Mission, London Mission and Methodists had formed a Federal Union known as S.I.U.C (South India United Church). At the meeting of the Consultative Committee of the uniting sections, Archdeacon Stuart Smith's name was proposed and accepted as the first Bishop in the new Diocese of North Kerala.On receiving confirmation of his election as the First Bishop in North Kerala, Archdeacon Stuart Smith asked Rev. Leslie Brown to release me to join his Office in Calicut.

The inauguration of the Church of South India was scheduled to be held in St. George's Cathedral, Madras, on 27th September 1947. I left by train to Madras on the evening of 25th September 1947, reaching there on 26th morning. Brown Achen had kindly reserved for me a seat in the Press Gallery of St. George's Cathedral for the Inauguration Service. Since the formation of the Church of South India was great news in the Christian World, a team of Photographers from Life Magazine came to cover the function. They advised the photographers to select vantage positions in the church and not move from there during the service. To avoid any disturbance to the Solemn Service and to help the photographers to cover the function a Rehearsal was arranged on the evening of 26th September. I was present in the Cathedral for this also. Bishop C.K. Jacob of Kottayam was the chief celebrant of the Inauguration Service at which a number of Bishops were consecrated. **All Bishops in the Church of South India were to use White Cassocks, Saffron Stoles and Hand Bands and Wooden Cross. They were to be known as 'Bishop in…' and not 'Bishop of…' i.e. 'Constitutional Bishops' and not 'Territorial Bishops'. While letters to Anglican Bishops used to be addressed, 'May It Please Your Lordship' C.S.I. Bishops were to be addressed 'Rt. Rev. & Dear Sir'.**

After the Inauguration Service in St. George's Cathedral Madras, I left for Calicut to start work in the Bishop's Office. The Basel Mission Bungalow in Mananchira opposite the State Bank of India, Calicut was reserved for the Bishop whose family would occupy the first floor and his Office would function on the ground floor. Besides tables, chairs and empty cupboards, there was no office equipment, not even a typewriter, and I had to use the Bishop's small Corona Typewriter with three shifts. As C.M.S. Missionary, the Bishop's salary and allowances were paid by the Church Missionary Society, but Trichur and Malabar Districts of the Diocese were to provide Rs.200/- each for the Bishop's Office and other expenses. The Bishop gave me a salary of Rs.120/- comparable to the salaries of Staff in Banks at that time.

The Bishop decided to preach in Malayalam during services in congregations he visited. He dictated the sermons many days earlier, which I typed, and after he checked and made corrections, I translated them. I then read them to the Bishop slowly to enable him to write them in his own handwriting in his Book. He used to read them over several times and memorize them. Although he was referring to the notes, he ensured that it would not appear he was doing this.

Since Trichur and Malabar Districts of the Diocese contributed only Rs.200/- each towards the Bishop's Office and other expenses, besides me, the Bishop had to pay his Butler, Cook and Driver, I knew he would not be able to increase my salary. Moreover, there were no Annual Increments or Retirement benefits like Provident Fund, Gratuity, etc. With the addition of another member in the family and since the Bishop was unable to increase my emoluments, I felt it was time for me to seek a more remunerative job. I started applying for jobs. I joined Pierce Leslie office. The Bishop asked me to continue to assist in his Office. I started going to the Bishop's Office and working there. When my work in Peirce Leslie office was over at 12 noon, I used to go to the Bishop's Office and work there for an hour and then go home. After noon meals, I go back to Peirce Leslie office and work there till 5 p.m. Returning home in the evening, I go back to the Bishop's Office after tiffin and there used to be no set time for getting back home. All important work in the Bishop's Office continued to be my share. Since I continued to work in the Bishop's Office after 5 p.m., this work usually extended to late evenings. Bishop Stuart Smith decided to leave the Diocese in 1953. He travelled by Coastal Steamer from Calicut to Bombay and then by Air to UK. I travelled with him in the boat to the steamer, spent some time with him, and returned to the shore only when the steamer was ready to lift Anchor. He wrote to me on reaching UK and it was a pleasant surprise to receive his Christmas present at the end of the year. These presents continued year after year until his demise.

Rev. Richard Lipp from Basel Mission was appointed to succeed Bishop Stuart Smith. He decided to live in one of Peirce Leslie's bungalows in Feroke, but asked me to help in the Office from time to time. I was able to meet Mrs. Lipp and their children. It was his idea to shift the Bishop's Office to a more central place. There was some vacant land near the ex-Basel Mission church in Shoranur, where an Office building and a House for the Secretary were constructed. The Bishop was to live in the Basel Mission Bungalow in Vaniyamkulam. Although it was hoped that a Basel Mission Bishop would succeed in solving the problems created by that section, Bishop Lipp had to resign in 1959 and return to Germany. I received a letter from his daughter Julie, conveying the news of the Bishop's demise in which she mentioned her visit to Shoranur.

Due to vested interests of those responsible a Special Session of the North Kerala Diocesan Council to elect a panel of not less than two and not more than four candidates for final selection by the Synod as the Bishop was not held in time. **The Synod therefore stepped in and appointed Rev.T.B. Benjamin, son of Archdeacon T.K. Benjamin of Madhya Kerala Diocese as the first Indian Bishop in North Kerala. Before assuming Office, the Bishop Designate Rev. T.B. Benjamin came to see the Diocesan Office and Secretary's house. He was received at the Shoranur Railway Station by the Diocesan Secretary, Treasurer and Staff of the Office. They told him that a Car had been arranged for his travel to the Office. He then asked them what the distance to the Office from the Railway Station was. When they told him it was about half a mile, he said he preferred to walk. When somebody offered to carry his brief case he said he would carry it himself. After seeing the Office, he saw the house nearby and confirmed that he preferred to reside there rather than in Vaniyamkulam.** The consecration of Bishop Benjamin was held in the Cathedral at Calicut, and he continued as the Bishop in North Kerala for 17 years. Bishop Benjamin and Rev. Whiffin, as Diocesan Treasurer, were responsible for placing the Diocesan Finances in a stable position with the Partnership of the different Pastorates of the Diocese at 60% of Assessable Income.



**Workshop for the Editorial Trainees on 7th January 2023**

Lekshmi M, Jestin Samuel, Jose v Shaji, Ajin Aniyankunju, Gloriya Chinnu Mathew, Parvathy R Nair, Athira TK, Febi joseph, Sreelekshmi.L, Arya Ramachandran, Jordy Vincent

Rt.Rev.Dr.Thomas Mar Theethos, Mr. Varghese C Thomas, Dr.Mathew Koshy Punnackadu, Mr.Cherian C John, Dr.Sabu George, Dr. John George Athyal, Dr Libus Jacob Abraham, Dr.Sajini Deena Mathew, Dr.Anne Susan Koshy




NEW VISION FOR A CHANGING WORLD

**FEBRUARY 2023**


Annual Subscription Rs.250.00 Per Copy Rs.25

Postal Registration No. KL/PTA/92/2022-24
Licensed to post without prepayment
KL/PTA/WPP/252/2022-24

Registered with the Registrar of Newspapers for India, under

No.KER BIL/2000/01543

Published on 28.1.2023







എല്ലാവരും അംഗീകരിക്കുന്ന കാര്യങ്ങൾ പറയുകയെന്നതല്ല ന്യൂവിഷന്റെ ഉദ്ദേശ്യം.
(ദീർഘനാൾ ന്യൂവിഷൻ മാസികയുടെ ചെയർമാനായിരുന്ന, ദിവംഗതനായ മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത)



ന്യൂവിഷൻ മാസികയിലെ എഴുത്തുകാരും അവർ തെരഞ്ഞെടുക്കുന്ന വിഷയങ്ങളുമെല്ലാം ഓരോ കാലഘട്ടങ്ങളിലെ പ്രവാചകശബ്ദമായി കാണുന്നു.
(ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത)



ക്രൈസ്തവസഭയുടെ കാലിക പ്രസക്തമായ ദൗത്യങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിനും നീതിക്കും മനുഷ്യത്വത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടി ന്യൂവിഷൻ മാസിക നിലകൊള്ളുന്നു
(റൈറ്റ് റവ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ, ചെയർമാൻ ന്യൂവിഷൻ മാസിക പത്രാധിപ സമിതി)



കഴിഞ്ഞ ഇരുപത് വർഷമായി ന്യൂവിഷൻ മാസികയുടെ വരിക്കാരനാണ്. സംഭവത്തിന്റെ വിവിധ വശങ്ങളവതരിപ്പിക്കുന്നതിലൂടെ ചിന്തിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു.
(റൈറ്റ് റവ. ഡോ. മലയിൽ സാബു കോശി ചെറിയാൻ)

Printed, published and owned by Prof.Dr.Mathew Koshy Punnackadu on behalf of
Navadarshan Trust and printed at Evangel Press, Ramanchira, MCRoad, Thiruvalla, Pathanamthitta District.
Published at Punnackadu, 689652 (Pathanamthitta District).
Editor. Prof.Dr.Mathew Koshy Punnackadu